X. നിയമനിർമ്മാണകാര്യം

2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ഡെ. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഈ പ്രസംഗം തുടരുന്നതിനു മുൻപ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു വിശദീകരണം വേണ്ട ഒരു വിഷയമാണ്. നമ്മുടെ നിയമസഭ ഒരു ആക്റ്റ് പാസ്സാക്കി അതിന് ചട്ടങ്ങളും റൂളുകളും വരുന്നതിനുമുൻപ് അതനുസരിച്ച് പ്രവർത്തിക്കാൻ ബാദ്ധ്യതയില്ലേ? ആ ചട്ടങ്ങളനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുണ്ടായ ഒരു ഉത്തരവിനെ സംബന്ധിച്ചാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഈ നിയമം നടപ്പിലാക്കേണ്ടത് ഗവൺമെന്റ് മൊത്തത്തിലല്ലേ. ഇവിടെ പെരുമാട്ടി പഞ്ചായത്ത് ഈ നിയമത്തിനുള്ളിൽനിന്ന് ഭൂഗർഭ ജലം സംരക്ഷിക്കാൻ, കൊക്കകോള കമ്പനി ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്ന നടപടിയെ തടഞ്ഞുകൊണ്ട് ഗ്രാമപഞ്ചായത്ത് ഒരു ഉത്തരവിറക്കി. ആ ഉത്തരവിനെ സംസ്ഥാന ഗവൺമെന്റിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ് സ്റ്റേ ചെയ്തു. ഒരു ഗ്രാമപഞ്ചായത്ത് നിയമത്തിനുള്ളിൽ നിന്നുകൊണ്ടെടുത്ത ആ തീരുമാനത്തെ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഗവൺമെന്റ് സെക്രട്ടറി തടഞ്ഞിരിക്കുകയാണ്. അതിനെ സംബന്ധിച്ചുള്ള ഒരു വിശദീകരണം മന്ത്രി തരണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി.എം. ജേക്കബ്) : സർ, ബഹുമാനപ്പെട്ട ശ്രീ. കെ.പി. രാജേന്ദ്രൻ പറഞ്ഞ കാര്യം ഈ ഭേദഗതി നിയമവുമായി ബന്ധപ്പെട്ടതല്ല. കേരള നിയമസഭ പാസ്സാക്കിയ 2002-ലെ കേരള ഭൂജല നിയന്ത്രണവും ക്രമീകരണവും ആക്റ്റ് നിലവിലുണ്ട്. ആ ആക്റ്റിന് വിരുദ്ധമായിട്ട് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് ഒരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. ഒരു നിയമം പ്രാബല്യത്തിലുണ്ടെങ്കിൽ ആ നിയമത്തിന് വിരുദ്ധമായിട്ട് ഒരു ഡിപ്പാർട്ടുമെന്റിനും ഒരു ഉത്തരവിറക്കാൻ സാധിക്കുകയുമില്ല. എനിക്ക് തോന്നുന്നത് പെരുമാട്ടി പഞ്ചായത്തെടുത്ത—അതൊരു ലോക്കൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സെൽഫ് ഗവൺമെന്റാണ്—തീരുമാനത്തെ ആരെങ്കിലും ചോദ്യം ചെയ്തിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ച് ലോക്കൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ടുമെന്റ് സ്റ്റേ കൊടുത്തിട്ടുണ്ടാകും. അതും ഈ നിയമവുമായി ഒരു ബന്ധവുമില്ല. ഞാൻ ഇവിടെ സൂചിപ്പിച്ച കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബില്ലിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള ഒരു സ്റ്റേയല്ല അത്. സർ, ഇവിടെ ഈ ഭേദഗതി നിയമം കൊണ്ടു വരേണ്ടിവന്നത് സാങ്കേതികമായിട്ടുള്ള ഒരു പ്രശ്നത്തിന്റെ

11.00a.m.] അടിസ്ഥാനത്തിലാണ്. ഈ നിയമം നിലവിൽ വന്നു. നിയമത്തിന്റെ ചട്ടങ്ങൾ വന്നു. അതിന്റെ അതോറിറ്റി രൂപീകരിക്കുകയും ചെയ്തു. നിലവിലുള്ള നിയമത്തിലെ 9-ാം വകുപ്പിൽ 1-ാം ഉപവകുപ്പിൽ പറയുന്നത്, "സംസ്ഥാനത്തെ എല്ലാ ഭൂജല ഉപഭോക്താക്കളും അതോറിറ്റി സ്ഥാപിച്ച് 120 ദിവസത്തിനുള്ളിൽ സംസ്ഥാനത്തെ ഒരു ഭൂജല ഉപഭോക്താവായി അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യുന്നതിനും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുംവേണ്ടി അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്" എന്നാണ്. ഈ നിയമം നിലവിൽ വന്ന് അതോറിറ്റി രൂപീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മൂന്ന് മാസം തികയുന്ന തീയതി 15-5-2004 ആയിരുന്നു. ഈ മൂന്ന് മാസത്തിനുള്ളിൽ ഇത് ചെയ്യാൻ കഴിയും. അല്ലെങ്കിൽ ആ നടപടിക്രമം പൂർത്തീകരിക്കാൻ കഴിയും എന്നാണ് ബിൽ നിയമസഭയിൽ ചർച്ച ചെയ്തപ്പോൾ നമുക്ക് തോന്നിയത്. അതിനുശേഷം സബ്ജക്ട് കമ്മിറ്റിയിലും അങ്ങനെ ഒരു തീരുമാനം ആയിരുന്നതുകൊണ്ട് നിയമമായിട്ട് അത് പുറത്ത് വരുകയും ചെയ്തു. പക്ഷേ സാങ്കേതികമായ ചില പ്രശ്നങ്ങൾ അതിനകത്ത് വന്നു. എല്ലാ ആളുകൾക്കും അപേക്ഷ കൊടുക്കാനോ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് അതിന് രജിസ്ട്രേഷൻ കൊടുക്കാനോ സാധിച്ചില്ല. ആ സാഹചര്യത്തിലാണ് നിലവിലുള്ള ആക്ടിലെ 9-ാം സെക്ഷന്റെ സബ് സെക്ഷൻ (1)-ൽ 120 ദിവസം എന്നുള്ളത് മാറ്റുന്നതിനുവേണ്ടി സബ് സെക്ഷൻ (1)-ന് പകരമായി "സംസ്ഥാനത്തെ ഓരോ ഭൂജല ഉപഭോക്താവും, ഇതിലേയ്ക്കായി സർക്കാർ വിജ്ഞാപനം ചെയ്തേയ്ക്കാവുന്ന അങ്ങനെയുള്ള സമയത്തിനുള്ളിൽ ഭൂജല ഉപഭോക്താവായി രജിസ്റ്റർ ചെയ്യുന്നതിനും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുംവേണ്ടി അതോറിറ്റി മുൻപാകെ അപേക്ഷിക്കേണ്ടതാണ്" എന്നുള്ള ഭേദഗതി കൊണ്ടുവന്നത്. അപ്പോൾ അതിനകത്ത് ഗവൺമെന്റിന് വിജ്ഞാപനം ഇറക്കാനുള്ള സമയം കിട്ടും. വിജ്ഞാപനം ഇറക്കാം അങ്ങനെ ഇറക്കുമ്പോൾ സമയപരിധി ഗവൺമെന്റിന് യുക്തമായി തീരുമാനിക്കുകയും ചെയ്യാം. 120 ദിവസത്തിനുള്ളിൽ എന്നുള്ളത് നിയമത്തിൽ വന്നതുകൊണ്ട് നമുക്ക് ഉണ്ടായ ഭരണപരമായ ബുദ്ധിമുട്ട് പരിഹരിക്കാൻവേണ്ടി കൊണ്ടു വന്നിരിക്കുന്ന വളരെ ലളിതമായ ഒരു ഭേദഗതിയാണ് ഇത്.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

ശ്രീ. കെ. സി. വേണുഗോപാൽ: 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-9-2004 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

സർ, ഞാൻ ഈ ഭേദഗതിയെ അനുകൂലീക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ ഇവിടെ 2002-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) നടപ്പിലാക്കിയപ്പോൾ ഉണ്ടായിട്ടുള്ള ചില സാങ്കേതിക ബുദ്ധിമുട്ടുകൾ പരിഹരിക്കാനും ജനങ്ങൾക്കുണ്ടായിട്ടുള്ള പ്രയാസങ്ങൾ ദൂരീകരിക്കാനും വേണ്ടിയിട്ടുണ്ടായ 9-ാം വകുപ്പിൽ ഉണ്ടായിരിക്കുന്ന ഒരു ചെറിയ ഭേദഗതിയാണ് ഇതുമായി ബന്ധപ്പെട്ട് വന്നിരിക്കുന്നത്. ഭൂഗർഭജലത്തിന്റെ ഉപയോഗത്തെക്കുറിച്ച് വളരെ ശക്തമായ കൺസേൺ (concern) രാജ്യവ്യാപകമായി ഉണ്ടാകുകയും കേരളം പോലുള്ള സംസ്ഥാനത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇൻഡ്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന ഒരു സംസ്ഥാനം എന്നുള്ള നിലയിലും പത്ത് നാൽപ്പതോളം നദികൾ, കുളങ്ങൾ അതുമായി ബന്ധപ്പെട്ട ഒരുപാട് ജലസ്രോതസ്സുകൾ ഉള്ള ഒരു പ്രദേശം എന്നുള്ള നിലയിലും ജലക്ഷാമം അനുഭവപ്പെടേണ്ട സ്ഥലം അല്ല എങ്കിൽക്കൂടിയും കടുത്ത വരൾച്ചാ കാലഘട്ടത്തിലും, അതുമായി ബന്ധപ്പെട്ട മറ്റ് കാലഘട്ടങ്ങളിലും ജലക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് നമ്മുടേത്. കേരളത്തെ സംബന്ധിച്ചിടത്തോളം കുടിവെള്ളത്തിന്റെ പ്രധാനസ്രോതസ്സായി ഭൂഗർഭജലം നമ്മുടെ നാട്ടിൽ പല സ്ഥലങ്ങളിലും നിൽക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിൽ തന്നെ ആലപ്പുഴയിൽ ആകെയുള്ള ഒരു കുടിവെള്ള സോഴ്സ് ഭൂഗർഭജലം മാത്രമാണ്. മറ്റ് സോഴ്സുകൾ ഉപയോഗിക്കാനില്ലാതെ ഭൂമിക്കടിയിലുള്ള വെള്ളം മാത്രമാണ് അവിടത്തെ ജനങ്ങൾ കുടിക്കാനായി ഉപയോഗിക്കുന്നത്. ഇവിടെ പ്രസക്തമായ ഒരു കാര്യം, ഓരോ ദിവസം കഴിയുംതോറും കുടിവെള്ളക്ഷാമം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഭൂഗർഭജലത്തെ ആശ്രയിക്കേണ്ടിവരുന്ന സ്ഥലങ്ങളിൽ ഓരോ വർഷം കഴിയുംതോറും വെള്ളം ഊറ്റിയെടുക്കുന്ന ക്വാണ്ടിറ്റി ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നുള്ളത് ഏറ്റവും ഭീകരമായ സത്യമായി എന്റെ മണ്ഡലത്തിൽ നിൽക്കുകയാണ്. കാസർഗോഡ് അടക്കമുള്ള പ്രദേശങ്ങളിലും കൊടുങ്ങല്ലൂരിലും അതുമായി ബന്ധപ്പെട്ട ചിറയിൻകീഴ് താലൂക്കിലുമൊക്കെ തന്നെ അമിതമായി ഭൂഗർഭജലം ചൂഷണം ചെയ്യുന്നതിന്റെ ഭാഗമായിട്ട് ഇപ്പോഴുള്ള ഭൂഗർഭജലത്തിന്റെ സ്രോതസ്സുകൾ വറ്റി വരളുന്നതായിട്ടുള്ള പഠനങ്ങൾ നടക്കുന്നു. വേൾഡ് വാച്ച് (world watch) ഇൻസ്റ്റിട്യൂട്ടിന്റെ പഠനം എടുത്ത് പരിശോധിച്ചു നോക്കിയാൽ നമുക്കത് കാണാൻ കഴിയും. യു.എൻ.എ..പി-യുടെ പഠനം എടുത്ത് പരിശോധിച്ചാൽ, 2005 ആകുമ്പോഴേക്കും നമ്മുടെ 2/3 ആളുകൾക്ക് കൂടി വെള്ളം കിട്ടാത്ത സാഹചര്യത്തിലേയ്ക്ക് ലോകം തന്നെ പോയിക്കൊണ്ടിരിക്കുകയാണ് എന്ന് കാണാം. കേരളത്തിനും അതിൽ നിന്നും മാറി നിൽക്കാൻ കഴിയില്ല. കേരളത്തിലാകമാനം പ്രത്യേകിച്ച് പാലക്കാട് ജില്ലയിലും വയനാട് ജില്ലയിലും ഉണ്ടായ അതിരൂക്ഷമായ വരൾച്ചാ സംഭവങ്ങൾ നമ്മൾ കഴിഞ്ഞ വരൾച്ചാ കാലഘട്ടത്തിൽ കണ്ടതാണ്. അപ്പോൾ കുടിവെള്ളത്തെ സംബന്ധിച്ചിടത്തോളം അതിലുള്ള സ്രോതസ്സായി കാണുന്നു. കേരളത്തിന്റെ ഏറ്റവും വലിയ അനുഗ്രഹമായി കിട്ടിയിരിക്കുന്ന ഭൂഗർഭജലസ്രോതസ് പോലും ഇല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിലാണ് അതിന് നിയന്ത്രണം വേണം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള രീതിയിൽ നിയമനിർമ്മാണത്തിന് കേരള നിയമസഭ മുന്നോട്ട് വന്നത്. അതിലുണ്ടായ ചില സാങ്കേതികത്വമാണ്. നിയമം എടുത്തു പരിശോധിച്ചു നോക്കിയാൽ മനസ്സിലാകും. അതോറിറ്റിയുടെ അധികാരങ്ങൾ ഫലപ്രദമായി ഉപയോഗിച്ചാൽ ഒരു പരിധി വരെ ജലക്ഷാമം തടയാൻ കഴിയും എന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് തടയേണ്ടത് ആവശ്യമാണ്. തടഞ്ഞില്ലെങ്കിൽ നമ്മുടെ സംസ്ഥാനം ഇന്ന് നേരിടുന്ന കുടിവെള്ളക്ഷാമം രൂക്ഷമാകും എന്നുള്ള കാര്യത്തിൽ സംശയമില്ല. കൊക്കകോള കമ്പനിയുമായി ബന്ധപ്പെട്ട് പാലക്കാട് ഉണ്ടായ സംഭവങ്ങൾ കേരളത്തിലാകമാനം ചർച്ച ചെയ്യപ്പെട്ടതാണ്. കൊക്കകോള കമ്പനി മാത്രമല്ല, നമ്മുടെ വ്യവസായ സ്ഥാപനങ്ങളൊക്കെതന്നെ ജലം ചൂഷണം ചെയ്യപ്പെടുന്നു. നമ്മെ സംബന്ധിച്ചിടത്തോളം വെള്ളത്തിന്റെ പ്രയോറിറ്റി എവിടെയാണ്? കുടിവെള്ളത്തിനാണോ അതോ മറ്റ് സംരംഭങ്ങൾക്കാണോ പ്രയോറിറ്റി കൊടുക്കേണ്ടത് എന്ന ചോദ്യത്തിനാണ് നമ്മൾ കുറേ നാളുകളായി ഉത്തരം പറഞ്ഞുകൊണ്ടിരിക്കുന്നത്. ഒരു സംശയവും വേണ്ട. കേരളം പോലുള്ള സംസ്ഥാനത്ത് ആദ്യമായി കുടിവെള്ളത്തിനാണ് മുൻഗണന കൊടുക്കേണ്ടത്. ഇത്രയും ജനങ്ങൾ തിങ്ങിപാർക്കുന്ന ചേരി പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും അതുമായി ബന്ധപ്പെട്ട പ്രദേശങ്ങളിലൊക്കെത്തന്നെ നല്ല വെള്ളം കുടിക്കാൻ കഴിയാതെ മാരകമായ രോഗം ഉണ്ടായിക്കൊണ്ടിരിക്കുന്നത് നമുക്കെല്ലാം അറിയാം. അതിന് മാറ്റം ഉണ്ടാക്കി കുടിവെള്ളം വൃത്തിയായിട്ടും മലിനരഹിതമായിട്ടും കൊടുക്കാനുള്ള സാഹചര്യം ഉണ്ടാകണമെങ്കിൽ ഫലപ്രദമായി ഒരു സംവിധാനം നിലനിൽക്കണം. അതിന് ചൂഷണം തടയണം. കമ്പനികളായാലും വ്യക്തികളായാലും ഇത് ക്രമാതീതമായി ചൂഷണം ചെയ്യുന്ന സാഹചര്യമുണ്ട്. കിണർ കുഴിക്കുന്നതിൽ തെറ്റില്ല. കാസർഗോഡ് ജില്ലയിലെ ചില ഭാഗങ്ങളിൽ പോയാൽ അവിടെ ട്യൂബ് വെല്ലുകളിൽ നിന്നും വെള്ളം പല സ്ഥലത്തേയ്ക്കും കൊണ്ടുപോകുന്നു. അങ്ങനെ ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യപ്പെടുന്നതുകൊണ്ട് ആ പ്രദേശത്ത് ജലം ഇല്ലാതായിക്കൊണ്ടിരിക്കുന്ന സാഹചര്യമാണ് ഉണ്ടാകുന്നത്. ഇത് ഗുരുതരമായ ഭവിഷത്തിലേയ്ക്ക് എത്തും എന്നുള്ള കാര്യത്തിൽ സംശയമില്ല. കൊക്കോക്കോള കമ്പനിയുടെ കാര്യത്തിലും ഇത് തന്നെയാണ് ഉണ്ടായത്. പാലക്കാട് ജില്ലയിൽ സബ്ജക്ട് കമ്മിറ്റി - III അത് സംബന്ധിച്ച് പഠനം നടത്തിയതാണ്. ബഹുമാനപ്പെട്ട മന്ത്രി തന്നെ താൽപ്പര്യമെടുത്ത് പാലക്കാടും പോയി. തിരുവനന്തപുരത്ത് വച്ചും ചർച്ച നടത്തി. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ കൊക്കകോള കമ്പനി മാത്രമല്ല മറ്റു പല കമ്പനികളും അമിതമായി ജലം ചൂഷണം നടത്തുന്നു എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇത് തടയുന്നതിന് ആവശ്യമായ നടപടികളുണ്ടാകണം. ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനം കേരളമാണ്. പ്രകൃതിയുടെ അനുഗ്രഹമായി മഴ വർഷിച്ചു കൊണ്ടിരിക്കുകയാണ്. ഈ മഴവെള്ളം സംഭരിക്കുന്നതിനും സംരക്ഷിക്കുന്നതിനുംവേണ്ടി 'വർഷ' എന്ന പരിപാടി ഗവൺമെന്റ് തന്നെ ആരംഭിച്ചിട്ടുണ്ട്. കിട്ടുന്ന മഴ വെള്ളം സംഭരിച്ചു വച്ചുകൊണ്ട് വരൾച്ചാ കാലത്ത് ഉപയോഗിക്കാൻ വേണ്ടിയുള്ള യജ്ഞങ്ങളും ആരംഭിച്ചിട്ടുണ്ട്. മലയാള മനോരമ അതിനു വേണ്ടിയുള്ള ഒരു കാംപെയ്ൻ തന്നെ തുടങ്ങിക്കഴിഞ്ഞിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ഒരുസെന്റ് ഭൂമിക്കകത്ത് ഒരു വർഷം പെയ്യുന്ന മഴവെള്ളം വലിയ ടാങ്കുകളിൽ സംഭരിച്ച് വയ്ക്കുകയാണെങ്കിൽ ഒരു കുടുംബത്തിന് ഒരു വർഷത്തേയ്ക്ക് ഉപയോഗിക്കാനുള്ള വെള്ളം കിട്ടും എന്നുള്ളതാണ് ശാസ്ത്രീയമായ കണ്ടുപിടിത്തം. അത് കേരളത്തിൽ വിപുലപ്പെടുത്തിയാൽ ഈ സംസ്ഥാനത്ത് കുടിവെള്ളക്ഷാമം എന്നന്നേയ്ക്കുമായി പരിഹരിക്കാൻ കഴിയും എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയുമോ?

ശ്രീ. കെ. സി. വേണുഗോപാൽ: തീർച്ചയായിട്ടും ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. എന്റെ മണ്ഡലത്തിൽ കുടിവെള്ള പദ്ധതിയുടെ review നടത്തി, കോടിക്കണക്കിന് രൂപയാണ് നമ്മുടെ പദ്ധതികൾക്കുവേണ്ടി ചെലവഴിക്കുന്നത്. മാത്രമല്ല, അഞ്ചും പത്തും വർഷം കഴിഞ്ഞാണ് ഇത് തീരുന്നത്. നേരെമറിച്ച് നമുക്കെല്ലാം അനുഗ്രഹീതമായി ലഭിക്കുന്ന മഴവെള്ളം സംഭരിച്ചുകൊണ്ട്, നേരത്തെ അങ്ങ് സൂചിപ്പിച്ചതുപോലെ വീട്ടിലും അതിന് സംരക്ഷണം കൊടുക്കാൻ കഴിഞ്ഞാൽ, ശാസ്ത്രീയമായിട്ട് അത് ശ്രദ്ധിക്കാനുള്ള സംവിധാനമുണ്ടായാൽ, അതിന് ഒരു ഗൈഡ് ലൈൻ കൊടുക്കാൻ തയ്യാറായാൽ, ഒരു സംശയവും വേണ്ട ഈ വൻകിട ജലവിതരണ പദ്ധതികൾക്കായി ചെലവഴിക്കേണ്ടുന്ന തുക നമുക്ക് ലാഭിക്കാം. സമയം ലാഭിക്കാം, അത് ഈ നാടിന് ഗുണകരമാകും, വരൾച്ച പ്രശ്നം ഒഴിവാക്കാൻ കഴിയും എന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, പ്രകൃതി നമുക്ക് നൽകിയ ഏറ്റവും വലിയ വരദാനമാണ് മഴ. അതുമൂലം ലഭിക്കുന്ന ഭൂഗർഭജലം ഇന്ന് അമിതമായി ചൂഷണം ചെയ്യപ്പെടുകയാണ്. ബഹുരാഷ്ട്ര കുത്തകകൾ ഉൾപ്പെടെ കേരളത്തിലെ ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതിന് അറിഞ്ഞും അറിയാതെയും കൂട്ടുനിൽക്കുന്ന ഒരു പ്രവണത നമ്മുടെ സംസ്ഥാനത്ത് ഉണ്ട്. ബഹുമാനപ്പെട്ട അംഗത്തിന് ബോദ്ധ്യമുണ്ടാകും. ഇത്തരം കാര്യങ്ങൾക്ക് ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നത് തടയുന്നതിന് അവബോധവും നിയമവും അല്ലേ ആദ്യമായി ഉണ്ടാകേണ്ടത് ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. സി. വേണുഗോപാൽ: ഞാൻ അത് സൂചിപ്പിച്ചല്ലോ, നമ്മുടെ സംസ്ഥാനത്ത് വെള്ളം കുപ്പിയിലാക്കി കൊടുക്കുകയാണ്. നമ്മുടെ നാട്ടിൽ പച്ചവെള്ളം ഇഷ്ടംപോലെയുണ്ട്. നേരത്തെ സൂചിപ്പിച്ചു, മഴവെള്ളം, അല്ലാതെ നദികളും തടാകങ്ങളും ഉണ്ട്. ഈ മിനറൽ വാട്ടർ കമ്പനികൾ, ഞാൻ കമ്പനികളെ കുറ്റം പറയുന്നില്ല. കേരളത്തിലെ കമ്പനികൾ അത്യാവശ്യം തൊഴിലെങ്കിലും കൊടുക്കുന്നുണ്ട്. മറ്റുള്ള സംസ്ഥാനങ്ങളിലെ മിനറൽ വാട്ടറും ഇവിടെ വന്നുകൊണ്ടിരിക്കുകയാണ്. അതൊക്കെ ശുദ്ധീകരിച്ചതാണോ, ഗുണനിലവാരമുള്ളതാണോ എന്ന് പരിശോധിക്കാനുള്ള സംവിധാനമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: സർ, ബഹുമാനപ്പെട്ട പ്രതാപൻ ബഹുരാഷ്ട്ര കുത്തകകളുടെ ചൂഷണത്തെപ്പറ്റി പറഞ്ഞു, ചില കേന്ദ്രങ്ങൾ അറിഞ്ഞും അറിയാതെയും വഴങ്ങുന്നതിന്റെ കാര്യവും പറഞ്ഞു. എന്റെ ചോദ്യം ഈ ബഹുരാഷ്ട്ര കൊള്ളക്കാരുടെ മുൻപിൽ അറിഞ്ഞുകൊണ്ട് ആര് വഴങ്ങുന്നു, അറിയാതെ ആര് വഴങ്ങുന്നു എന്നുള്ളത് വ്യക്തമാക്കാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ഏതായാലും ബഹുരാഷ്ട്ര കുത്തകകൾ നടത്തുന്ന പ്രവർത്തനങ്ങൾ അത് പെപ്സി ആയാലും കൊക്കക്കോള ആയാലും ബഹുരാഷ്ട്ര കമ്പനിക്കാർ നടത്തിക്കൊണ്ടിരിക്കുന്ന—ഞാൻ പറഞ്ഞുവരുന്നത് ഇത് അനുമതി കൊടുത്തതാണ്, കൊക്കകോള വിവാദത്തിലേക്ക് കടന്നാൽ thread-bare ആയി discuss ചെയ്താൽ, പ്രതി സ്വന്തം നെഞ്ചിലേക്ക് കൈ ചൂണ്ടുന്നത് ആയിരിക്കും നല്ലത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിലെ പ്രധാനപ്പെട്ട പ്രശ്നം ഒരു ഗാന്ധിയൻ അപ്രോച്ച് വേണമെന്നുള്ളതാണ്. സർ, നമുക്ക് എടുക്കാൻ കഴിയുന്ന നമ്മുടെ പ്രകൃതി വിഭവങ്ങൾ വലിയ ടെക്നോളജിയില്ലാതെ തന്നെ ഒരു ഗാന്ധിയൻ അപ്രോച്ചോടുകൂടി എടുക്കാൻ പറ്റുമോയെന്നുള്ളതാണ് പ്രശ്നം. ഈ രംഗത്ത് ഒരു ഗാന്ധിയൻ അപ്രോച്ച് ഉണ്ടാകണമെന്നു തന്നെയല്ലേ അങ്ങയുടെ അഭിപ്രായം.

ശ്രീ. കെ. സി. വേണുഗോപാൽ: ബഹുമാനപ്പെട്ട അംഗം പറഞ്ഞതു തന്നെയാണ് ഞാൻ പറയുന്നത്. ഇവിടെ പ്രശ്നം എന്താണെന്നുവച്ചാൽ നമ്മുടെ ജനങ്ങളുടെ അപ്രോച്ചിന്റെ പ്രശ്നവും ഉണ്ട്. നമ്മുടെ പാവപ്പെട്ട നാളികേര കർഷകർക്ക് നാളികേരത്തിന് വില കിട്ടുന്നില്ല. നല്ല ഇളനീര് കൊണ്ടു വച്ചാൽ അത് വാങ്ങിക്കാൻ ആളില്ല. നമ്മുടെ കൃഷിക്കാരൻ പശുവിനെ വളർത്തി ഉണ്ടാക്കുന്ന സംഭാരം ഒരു കുപ്പിയിലാക്കി വച്ചാൽ വാങ്ങിക്കാൻ ആളില്ല. ഒരു കാര്യവും ഇല്ലാത്ത വെള്ളം കുപ്പിയിലാക്കി വച്ചാൽ നമ്മളെല്ലാപേരും വാങ്ങിക്കും. 15 രൂപയും 12 രൂപയും കൊടുക്കും. ഇത് സ്വാഭാവികമായി നമ്മുടെ ഉപഭോഗ സംസ്ക്കാരത്തിൽ കേരളീയർ ഉണ്ടാക്കിയെടുത്ത മാറ്റമാണ്. എന്തായാലും ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു ഗൈഡ്ലൈൻ കൊടുക്കണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ തുടങ്ങിവച്ച 'വർഷ' പദ്ധതി, അത് ശാസ്ത്രീയമായി പറ്റുമെങ്കിൽ എല്ലാ വീടുകളിലും നിർബന്ധമാക്കണം. പുതിയ ഒരു വീട് കൺസ്ട്രക്ട് ചെയ്യുമ്പോൾ അവിടെ മഴവെള്ളം സൂക്ഷിക്കാനും സംഭരിക്കാനും സൗകര്യമുണ്ടായാൽ മാത്രമേ പഞ്ചായത്ത് വകുപ്പോ ബന്ധപ്പെട്ടവരോ അനുമതി കൊടുക്കൂ എന്ന നിബന്ധന ശക്തമാക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ നാട്ടിൽ ഒരു controversy ഉണ്ട്. ഒരു കുപ്പി കള്ളിന് 30 രൂപ കൊടുക്കണം, ഒരു ലിറ്റർ പാലിന് 12 രൂപയേ കിട്ടൂ, ഒരു കുപ്പി വെള്ളത്തിന് 12 രൂപ കൊടുക്കണം. 18 രൂപയ്ക്കും വാങ്ങാം. നമ്മുടെ നാട്ടിലെ പ്രധാനപ്പെട്ട പ്രശ്നം ഇതാണ്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ.സി. വേണുഗോപാൽ: ഞാൻ പറഞ്ഞുവന്നത് അതാണ്, ഇതിനകത്ത് ഗവൺമെന്റ് മാത്രം വിചാരിച്ചാൽ കഴിയുന്ന കാര്യമല്ല. ഒരു പൊതുവായ അവബോധമുണ്ടാക്കണം. ഇതിനായി ഗവൺമെന്റ് ഒരു ഗൈഡ്ലൈൻ കൊടുക്കേണ്ടതാണ് എന്ന കാര്യത്തിൽ സംശയമില്ല. നമ്മുടെ ശുദ്ധജലം ചൂഷണം ചെയ്യുന്ന സാഹചര്യം—അത് ഏത് ബഹുരാഷ്ട്ര കമ്പനികൾ ആയാലും—അത്യാവശ്യത്തിനപ്പുറം അവർ ചൂഷണം ചെയ്യുന്ന സംവിധാനം അനുവദിക്കാൻ കഴിയില്ല. കൊക്കകോളയുടെ കാര്യത്തിൽ ഗവൺമെന്റ് എടുത്ത തീരുമാനമാണ്. കഴിഞ്ഞ ഗവൺമെന്റാണ് അതിന് ലൈസൻസ് കൊടുത്തത്. ഈ ഗവൺമെന്റ് വന്നപ്പോൾ ആ കാര്യത്തിൽ കർശനമായ നടപടിയെടുത്തു. ഒരു സംശയവും വേണ്ട, അത് കൊക്കകോള ആയാലും മറ്റേത് ബഹുരാഷ്ട്ര കമ്പനികൾക്ക് ആയാലും അവർക്ക് ലാഭമുണ്ടാക്കാൻവേണ്ടി കേരളത്തിലെ പ്രകൃതി നമുക്ക് നൽകിയ ഈ ജലസ്രോതസ് വിട്ടുകൊടുത്താൽ കേരളം ഏറ്റവും വലിയ വരൾച്ചയുടെയും കുടിവെള്ള ക്ഷാമത്തിന്റെയും പിടിയിലാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: ബഹുമാനപ്പെട്ട അംഗം പ്രകൃതി നമുക്ക് നൽകിയ വരദാനത്തെക്കുറിച്ച് പറഞ്ഞു, ഇതു തന്നെയാണ് കേരളത്തിലെ മുഴുവൻ ആളുകളും പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇത് നമ്മളെ ഏറ്റവും കൂടുതൽ ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്.

"കാടെവിടെ മക്കളെ, കൂടെവിടെ മക്കളെ,
കാട്ടുപൂവിൻ ചോലയുടെ കുളിരെവിടെ മക്കളെ,"

എന്ന അയ്യപ്പപ്പണിക്കരുടെ പ്രശസ്തമായ ഒരു കവിതയുണ്ട്. നാം പ്രകൃതിയെ അമിതമായി ചൂഷണം ചെയ്തതിന്റെ ഫലമായിട്ടാണ് നമുക്ക് ശുദ്ധജലക്ഷാമം ഉണ്ടായത് എന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. കെ. സി. വേണുഗോപാൽ: ഞാൻ പറഞ്ഞുവന്നത് ഇതുതന്നെയാണ്. ഭൂജലം ക്രമാതീതമായി ചൂഷണം ചെയ്യുന്നതുമൂലമുണ്ടാകുന്ന ഭവിഷ്യത്തിനെക്കുറിച്ചും അത് തടയാനാവശ്യമായ നടപടികളെക്കുറിച്ചും ചർച്ചയിൽ ഏറ്റവും കൂടുതൽ വ്യക്തമാക്കണം.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്, പ്ലീസ് കൺക്ലൂഡ്,

ശ്രീ. കെ. സി. വേണുഗോപാൽ: ഞാൻ തുടങ്ങിയിട്ടേയുള്ളൂ.

മി. ചെയർമാൻ: പരമാവധി എല്ലാ അംഗങ്ങൾക്കും സംസാരിക്കാൻ സൗകര്യം കൊടുക്കണം. അതിന് എല്ലാപേരും സഹകരിക്കണം. ചെറിയ ഒരു ഭേദഗതിയേ ഉള്ളുവെങ്കിൽ പോലും.....

ശ്രീ. കെ. സി. വേണുഗോപാൽ: ഈ സഭയുടെ കീഴ്വഴക്കം അങ്ങേയ്ക്കറിയാമോ?

മി. ചെയർമാൻ: പത്ത് മിനിട്ട് ഒക്കെയാണ് അതിന്റെ കീഴ്വഴക്കം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. വേണുഗോപാൽ: പ്രധാനപ്പെട്ട പോയിന്റ് പറഞ്ഞ് ഞാൻ നിർത്താം. ഇതിനെ സംബന്ധിച്ചിടത്തോളം ജലചൂഷണം തടയാൻ ആവശ്യമായ നിയമനിർമ്മാണം കൊണ്ടുമാത്രം കഴിയുകയില്ല. ജലചൂഷണം ശക്തമായി തടയണം. അതോടൊപ്പം വ്യാപകമായ പ്രചരണം, കേരളത്തിന് ഒരു വരദാന മായി കിട്ടുന്ന മഴവെള്ളം സംരക്ഷിക്കുവാനും സൂക്ഷിക്കുവാനും വേണ്ടിയിട്ടുള്ള തീരുമാനവും അതിന് വേണ്ടിയിട്ടുള്ള പ്രവർത്തനവും ഉണ്ടാകണം. അതാണ് മനോരമയിലെ കാര്യം ഞാൻ ഇവിടെ സൂചിപ്പിച്ചത്. ജലസംരക്ഷണവുമായി ബന്ധപ്പെട്ട് അതിന്റെ പ്രാധാന്യം ജനഹൃദയങ്ങളിൽ എത്തിക്കാൻ മലയാള മനോരമ ഒരു ക്യാംപെയിൻ തുടങ്ങിയിരിക്കുന്നു. ഇന്നു വൈകുന്നേരം എന്റെ നിയോജകമണ്ഡലത്തിലാണ് ആ പരിപാടി സമാപിക്കുന്നത്. അതിന് ഞാൻ പങ്കെടുക്കാൻ പോകുകയാണ്. ഇക്കാര്യത്തിൽ ഒരു അവബോധം വളരെ വ്യാപകമായിട്ട് ഉണ്ടാക്കിയെടുക്കാൻ സാധിക്കണം. ഇവിടെ കൊക്കകോള കമ്പനിയുടെ ജലചൂഷണം വന്നു. മഴയെ ഏറ്റവും കൂടുതൽ സ്നേഹിച്ച ആളാണ്, നമ്മുടെ വിക്ടർ. മരിച്ചുപോയ ഫോട്ടോഗ്രാഫർ, മഴയുടെ ഏറ്റവും വലിയ മനോഹാരിത ക്യാമറയിൽ പകർത്താൻവേണ്ടി പോയി, ജീവൻതന്നെ ത്യജിക്കേണ്ടിവന്ന വിക്ടറിനെ ഈ സന്ദർഭത്തിൽ ഓർക്കാതിരിക്കാൻ വയ്യ. അതുപോലെ കൊക്കകോളയുടെ കാര്യം, ഇവിടെ മാദ്ധ്യമങ്ങൾ, മാതൃഭൂമി ആയാലും, കേരളകൗമുദി ആയാലും, ഭൂഗർഭജലത്തിന്റെ വിനിയോഗം, അത് ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത, വെളിച്ചത്തുകൊണ്ടുവന്ന മാദ്ധ്യമങ്ങൾ ഇവിടെയുണ്ട്. അത് മനസ്സിലാക്കിക്കൊണ്ട് മുന്നോട്ടുപോകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഭൂഗർഭജലം ഇങ്ങനെ ചൂഷണം ചെയ്യുന്നതു മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ, ആലപ്പുഴയിലെ കാര്യം തന്നെ അങ്ങേയ്ക്കറിയാം, കുടിക്കുന്ന വെള്ളത്തിൽ ആവശ്യത്തിലധികം ഫ്ളൂറൈഡ് കൂടിക്കഴിഞ്ഞാൽ കുട്ടികളുടെ എല്ലിനും പല്ലിനും തകരാറ് ഉണ്ടാകുന്നു, ഇതിന് ശാസ്ത്രീയമായ പഠനം ആവശ്യമാണ്. ആലപ്പുഴയിലെ ആളുകളെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചു. ട്യൂബ്വെൽ അല്ലാതെ വേറെ മാർഗ്ഗമില്ല. ജലസ്രോതസുകൾ ഒന്നും ഇല്ല. ഏറ്റവും കൂടുതൽ മാരക രോഗങ്ങൾ, സാംക്രമിക രോഗങ്ങൾ കടന്നാക്രമിക്കുന്ന ഒരു പ്രദേശമാണ്. ജപ്പാൻ ജ്വരവും എലിപ്പനിയും, കോളറയും. അടക്കമുള്ള രോഗങ്ങൾ കുറച്ചു നാളായിട്ട് മാത്രമാണ് ഇല്ലാത്തത്. സാംക്രമിക രോഗങ്ങൾ കടന്നാക്രമിച്ചു കൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് ആലപ്പുഴ ജില്ല. അതിന്റെ ശാസ്ത്രീയമായ പഠനങ്ങൾ കൽക്കത്ത ബേസ് ചെയ്തും ഡൽഹി ബേസ് ചെയ്തും രണ്ട് പഠനങ്ങൾ നടത്തി. അവിടെ നടത്തിയ പഠനങ്ങളിൽ നിന്ന് അറിയപ്പെട്ടത് നമ്മുടെ ട്യൂബ്വെൽ വഴി കിട്ടുന്ന വെള്ളത്തിൽ ഫ്ളൂറൈഡ് കൺടന്റ് കൂടുതലാണ് എന്നാണ്. അതിന് contamination കൂടുന്നതുകൊണ്ടാണ്. ഈ ഫ്ളൂറൈഡ് ഫലപ്രദമായി നിയന്ത്രിക്കാൻ വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് ഒരു പരിധിവരെ വിജയിച്ചിട്ടുണ്ട്. എന്നാലും എല്ലാ ട്യൂബ്വെല്ലുകളുടേയും ഫ്ളൂറൈഡ് കൺടന്റ് ലഘൂകരിക്കാൻ ഇതുമൂലം സാധിക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അത് മനസ്സിലാക്കിക്കൊണ്ട് ട്യൂബ്വെല്ലുകളിലെ വെള്ളം

മാലിന്യമുക്തമാക്കാനായിട്ടുള്ള ശക്തമായ നടപടികൾ നമുക്ക് അനിവാര്യമായിട്ടുണ്ട്. ഫ്ളൂറൈഡ് കൺടന്റ് ഹൈദ്രാബാദ് മോഡൽ ആയിട്ടുള്ള പരിപാടികൾ നമ്മൾ ആവിഷ്ക്കരിച്ച് അത് ഫലപ്രദമായി വ്യാപകമാക്കിക്കൊണ്ട് ട്യൂബ്വെല്ലുകളിൽ കൂടി മാലിന്യ വിമുക്തമായ ജലം കൊടുക്കാനുള്ള നടപടികൾ സ്വീകരിക്കണം. അതോടൊപ്പം തന്നെ ഈ നിയന്ത്രണം ശക്തമായി കൊണ്ടുപോകേണ്ടതുണ്ട്. ജലത്തിന്റെ അമിതമായ ചൂഷണം ഒഴിവാക്കാൻ ബില്ലിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് ഒരു അതോറിറ്റി രൂപീകരിക്കുകയും ആ അതോറിറ്റിയുടെ കീഴിൽ ആപ്ലിക്കേഷൻ കൊടുക്കുന്ന ആളുകൾക്കുമാത്രമായി ഭൂജല ഉപയോഗം പരിമിതപ്പെടുത്തുകയും ചെയ്യണം. നമ്മുടെ നാട്ടിൻപുറത്തെ കുളങ്ങൾ, കിണറുകൾ ഇതൊക്കെ—ജലസേചനാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നത് മനസ്സിലാകും. കാർഷികാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്നത് മനസ്സിലാകും. ഇതൊന്നുമല്ലാതെ ഈ വെള്ളം വെറുതെ അനാവശ്യമായി ഒഴുക്കിക്കളയുന്നു. നമ്മൾ ഉപയോഗിക്കുന്ന വെള്ളത്തിന്റെ അളവ് എടുത്തു പരിശോധിച്ചു നോക്കിയാൽ നമുക്ക് ഉപയോഗിക്കേണ്ടതിനേക്കാൾ എത്രയോ ഇരട്ടിവെള്ളം നമ്മൾ എടുത്തു ഉപയോഗിച്ചുകൊണ്ടിരിക്കുന്നു എന്ന് മനസ്സിലാകും. നമ്മുടെ പൊതുമേഖലാസ്ഥാപനങ്ങളിൽ, നമ്മുടെ ഓഫീസുകളിൽ, നമ്മുടെ വീടുകളിൽ, എല്ലാം നമുക്കെല്ലാപേർക്കും ജലത്തിന്റെ ഉപയോഗത്തെക്കുറിച്ച് ശക്തമായ അവബോധം ഉണ്ടാകണം. നമ്മുടെ നാട്ടിൽ ഉണ്ടാകണം. നമുക്ക് കിട്ടിയിരിക്കുന്ന ജലസമ്പത്ത് സംരക്ഷിക്കണം. നാം അഭിമുഖീകരിക്കുന്ന പ്രശ്നം, നമുക്ക് 40 നദികൾ ഉണ്ട്, അരുവികൾ ഉണ്ട്, തടാകങ്ങൾ ഉണ്ട്, നമുക്ക് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നു. എന്നിട്ടും ഈ കഴിഞ്ഞ വരൾച്ചാകാലഘട്ടത്തിൽ ഒരിറ്റ് ദാഹജലത്തിനുവേണ്ടി കേഴുന്ന കേരള ജനതയുടെ ചിത്രം നമ്മൾ കണ്ടു, പാലക്കാടിന്റെ മണ്ണിൽ വരണ്ടുണങ്ങിയ നെൽപ്പാടങ്ങളുടെ ചിത്രം ഇതെല്ലാം കേരളീയരുടെ മനസ്സിനകത്ത് കാർന്നിറങ്ങി ചോദ്യം ചോദിക്കുന്നു. ഈ മഴവെള്ളം സംഭരിക്കാനും ഈ ഭൂഗർഭജലം സംരക്ഷിക്കാനും നമ്മൾ എന്തു ചെയ്യുന്നു എന്നുള്ള ചോദ്യം നമുക്ക് നേരെ വിരൽ ചൂണ്ടുന്നു. ഇക്കാര്യത്തിൽ പൊതുപ്രവർത്തകരായ, ജനപ്രതിനിധികളായ നമുക്ക് ബാദ്ധ്യതയുണ്ട്. നമ്മുടെ പ്രവർത്തനത്തിന്റെ ഏറ്റവും വലിയ campaign point - കളിൽ ഒന്നായി നമ്മുടെ പ്രവർത്തനത്തിന്റെ കർമ്മപരിപാടികളിലൊന്നായി മഴവെള്ള സംഭരണം മാറണം.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, കേരളത്തെ സംബന്ധിച്ചിടത്തോളം പ്രകൃതിസ്നേഹികളായ ഈ നാട്ടിലെ ആളുകളുടെ ഏറ്റവും പ്രധാന കാര്യമാണിവിടെ ചർച്ച ചെയ്യുന്നത്. ഈ സഭയിലെ അംഗങ്ങളുടെ എണ്ണം നോക്കിയോ? ഇത്രയും ഗൗരവമായ ചർച്ചയ്ക്കുപോലും അംഗങ്ങൾ കുറവാണ്.....ബഹളം.....

ശ്രീ. കെ. സി. വേണുഗോപാൽ: സർ, മുമ്പുണ്ടായിരുന്ന കീഴ്വഴക്കം അനുസരിച്ചാണ്. ഏതായാലും ഞാൻ പറഞ്ഞ പോയിന്റുകൾ, ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത് എന്റെ നിയോജകമണ്ഡലത്തിലേതടക്കം ട്യൂബ്‌വെല്ലുകളിൽ നിന്ന് എടുക്കുന്ന വെള്ളത്തിലെ മാലിന്യം മൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ, വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന വെള്ളത്തിന്റെ പരിശോധനയിൽ അത് പൂർണ്ണമായും ഗുണനിലവാരമുള്ളതല്ല എന്ന് സൂചിപ്പിച്ച സാഹചര്യമുണ്ടായി. കുട്ടികളുടെ ആരോഗ്യത്തിന് ഹാനികരമാകാതിരിക്കാൻ കുടിവെള്ളത്തിന്റെ ഗുണനിലവാരത്തിന്റെ കാര്യത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. ഭൂഗർഭ ജലത്തിന്റെ കാര്യത്തിൽ, അത് ശുദ്ധീകരിച്ചുകൊടുക്കാനുള്ള ഉത്തരവാദിത്വം കൂടി ഇതിന്റെ ഭാഗമായിട്ടുണ്ടാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ ജനങ്ങൾക്ക് ആശ്വാസം കൊടുക്കേണ്ട ഭൂഗർഭ ജലം സംരക്ഷിക്കുവാനും സൂക്ഷിക്കാനുമുള്ള നിയമനിർമ്മാണവുമായി മുന്നോട്ടു പോകണം. അതിന്റെ ഭാഗമായുണ്ടാക്കിയ ഈ നിയമത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. ഞാൻ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ നിയമസഭയുടെ മുമ്പാകെ വന്നത് 2002 ജൂലായ് മാസം 22-ാം തീയതിയാണ്. ക്ലോസ് ബൈ ക്ലോസ് ഡിസ്കഷനുശേഷം പാസ്സാക്കിയത് 2002 ആഗസ്റ്റ് 1-ാം തീയതിയാണ്. ഈ നിയമം നിലവിൽ വന്നത് 2003 ഡിസംബർ 16-ാം തീയതിയാണ്. ക്ലോസ് ബൈ ക്ലോസ് ഡിസ്കഷന്റെ സമയത്ത് 10-30-ഓളം ഭേദഗതികൾ കൊണ്ടുവന്നിരുന്നു. ആ ഭേദഗതികളിൽ ചിലത് സ്വീകരിച്ചിരുന്നെങ്കിൽ ഇങ്ങനെയൊരു ഭേദഗതിയുമായി ബഹുമാനപ്പെട്ട മന്ത്രിക്ക് വരേണ്ടിവരുമായിരുന്നില്ല. യഥാർത്ഥത്തിൽ ഈ നിയമം എല്ലാപേരും ചേർന്ന് അംഗീകരിക്കേണ്ടുന്ന ഒരു നിയമമാണ്. ഒരു ചെറിയ ഭേദഗതിയാണ്. ഈ നിയമം അംഗീകരിച്ചാൽക്കൂടി നടപ്പിലാക്കാൻ വളരെ കാലതാമസം വരും. അതുകൊണ്ട് എല്ലാപേരുംകൂടി ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇത്രയും കാലതാമസം ഒരു നിയമനിർമ്മാണത്തിന് കൊടുക്കുക എന്നുള്ളത് ഒരിക്കലും പാടില്ലാത്ത കാര്യമാണ്. പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്ത് വെള്ളത്തിനുവേണ്ടി വളരെയേറെ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ, നമ്മുടെ അമൂല്യമായ ജലസമ്പത്ത് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ അത് സംരക്ഷിക്കാൻ വേണ്ടിയുള്ള ഒരു നിയമനിർമ്മാണം പ്രായോഗിക തലത്തിൽ കൊണ്ടുവരാൻ വേണ്ടി 2002 ജൂലൈ 22-നുശേഷം ഞാൻ ഇന്ന് സംസാരിക്കുന്ന 2004 ജൂലൈ മാസം 21-ാം തീയതി വരെ രണ്ട് വർഷമാണ് എടുത്തത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മാത്രം കുഴപ്പമാണെന്നൊന്നും പറയുന്നില്ല. നമ്മുടെ സിസ്റ്റത്തിന്റെ ഗുരുതരമായിട്ടുള്ള പോരായ്മയാണ് ഇത് തെളിയിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ഒരുപാട് വിഷയങ്ങളുണ്ട്. ഒമ്പതാം വകുപ്പിലെ ഭേദഗതിക്ക് ഇടയായതുതന്നെ, നേരത്തെ പറഞ്ഞ 125 ദിവസം എന്നു പറയുന്നതുവഴി നമ്മുക്ക് ചെയ്യാൻ കഴിയുമോ? അത് സദുദ്ദേശത്തോടുകൂടി കൊണ്ടുവന്നതായിരുന്നു. 125 ദിവസത്തിനുള്ളിൽ ഒരു വിജ്ഞാപനംവഴി ഏതേത്

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശങ്ങളിൽ ഇത് നടപ്പിലാക്കണം എന്നതിനെപ്പറ്റി ഒരു വ്യക്തത കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇപ്പോഴും കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണ് നിയമത്തിൽ തന്നെ ഒരു ഭേഗഗതി വരുത്താൻ നിർബ്ബന്ധിക്കപ്പെട്ടത്. എന്താ ഇപ്പോഴുള്ള അവസ്ഥ? അമേരിക്കയിലെ റെഡ് ഇൻഡ്യൻ ജനതയുടെ നേതാവ് മുമ്പ് ഒരിക്കൽ പറഞ്ഞതുപോലെ നമ്മുടെ പുഴയും നമ്മുടെ ആകാശവും നമ്മുടെ മണ്ണും എങ്ങനെയാണ് നമുക്ക് വിൽക്കാൻ കഴിയുക. അത് വിൽക്കുന്നതിനുവേണ്ടിയുള്ള ഒരു നയം നടപ്പിലാക്കി വരുന്നു എന്നതാണ് ആഗോളവൽക്കരണ നയത്തെത്തുടർന്ന് നമ്മുടെ രാജ്യത്തെ അവസ്ഥ. അതാണിവിടെ ബാധിച്ചിട്ടുള്ളത്. വൻതോതിലുള്ള ഭൂഗർഭ ജലചൂഷണം ഇന്ത്യയടക്കമുള്ള മിക്ക രാജ്യങ്ങളിലും ഉണ്ടാകുന്നു എന്നാണ് വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ടിൽ പറയുന്നത്. അതിന്റെ ഫലമായി ഭൂഗർഭ ജലവിതാനം താഴ്ന്നുകൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ 16 സംസ്ഥാനങ്ങളിൽ 23 ജില്ലകളിലെ 249 ബ്ലോക്കുകളിൽ ഭൂഗർഭ ജലവിതാനം ഗണ്യമായി താഴ്ന്നു എന്നാണ് ഇവരുടെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നത്. ഇതിന്റെ ഫലമായി ജലദൗർലഭ്യം ഉണ്ടാകുക എന്നു മാത്രമല്ല ഭക്ഷ്യധാന്യോൽപാദനംപോലും നാലിലൊന്നായി ചുരുങ്ങുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കേരളത്തിൽ ചിറയിൻകീഴ്, കൊടുങ്ങല്ലൂർ, കാസർഗോഡ് എന്നീ ബ്ലോക്കുകൾ അതിൽപ്പെടും. നമ്മുടെ സംസ്ഥാനത്ത് 6791 മില്ല്യൻ ക്യൂബിക് മീറ്റർ ഭൂഗർഭ ജലമാണുള്ളത്. അതിൽ 2930 ക്യൂബിക് മീറ്റർ ജലമാണ് ഉപയോഗിക്കുന്നത്. മഴവെള്ളമാണ് ഭൂമിക്കടിയിലേയ്ക്ക് ആഴ്ന്നിറങ്ങി ഭൂഗർഭജലമായി സംഭരിക്കുന്നത്. ഈ ജലമാണ് കിണറുകളിലൂടെയും കുഴൽക്കിണറുകളിലൂടെയും ഊറ്റിയെടുക്കുന്നത്. ഇത്തരത്തിൽ ഭൂഗർഭജലം ചൂഷണം ചെയ്യുന്ന ബഹുരാഷ്ട്ര കുത്തക കമ്പനികളാണ് കേരളത്തിലിപ്പോൾ ഒരു വലിയ പ്രശ്നമായി നിലനിൽക്കുന്നത്. വെള്ളത്തിന്റെ വ്യാപാരം അവർ തുടങ്ങിയതിന്റെ ഫലമായി ഗ്രാമങ്ങളിൽ കുടിവെള്ളം മുട്ടി. കുപ്പിയിലാക്കി വെള്ളം കയറ്റിക്കൊണ്ടുപോകുന്ന സ്ഥിതിവന്നു. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ ഒരു കാര്യം പറഞ്ഞു. നിയമത്തെ മറി കടക്കാൻ ഗവണ്മെന്റിന്റെ ഒരു ഡിപ്പാർട്ടുമെന്റിനും സാധിക്കില്ല എന്ന്. പ്ലാച്ചിമടയിലുള്ള കൊക്കകോള കമ്പനിക്ക് ലൈസൻസ് പുതുക്കി നൽകുന്നതിന്, അവിടെയുള്ള ജനങ്ങളുടെയൊക്കെ പൊതുവികാരം ഉയർന്നുവന്ന അവസരത്തിൽ, പഞ്ചായത്ത് ലൈസൻസ് റദ്ദാക്കി. നേരത്തെ അവിടെ വെള്ളം ഉണ്ടായിരുന്നു. ഇപ്പോൾ വെള്ളമില്ല. കുടിക്കാനും കൃഷി ചെയ്യാനും വെള്ളമില്ല. ചിറ്റൂരിൽ കൃഷി നശിച്ചുകൊണ്ടിരിക്കുകയാണ്. അതിനെക്കുറിച്ച് വന്ന റിപ്പോർട്ട് ഭയാനകമാണ്. മൃതദേഹം കുളിപ്പിക്കുന്നതിനുള്ള വെള്ളംപോലും കിട്ടാത്ത പ്രദേശമായി ചിറ്റൂർ മാറി എന്ന് റിപ്പോർട്ടുകൾ സൂചിപ്പിച്ചു. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. 2003 ജൂൺ 12-ന് പഞ്ചായത്തിന്റെ ലൈസൻസ് റദ്ദാക്കിയ നടപടിയെ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി സ്റ്റേ ചെയ്തു. പഞ്ചായത്ത് ചെയ്തത് ഈ വെള്ളം കൊക്കകോള കമ്പനികൾക്ക് ഉപയോഗിക്കാൻ പാടില്ല ഭൂഗർഭ ജലവിതാനം താഴ്ന്നു കൊണ്ടിരിക്കുന്നു, ഇങ്ങനെ അവിടെ നിന്നും വെള്ളം ചോർത്തിക്കൊണ്ടുപോകാൻ പാടില്ല. അതുകൊണ്ടാണ് പഞ്ചായത്ത് ലൈസൻസ് റദ്ദ് ചെയ്തത്. ഈ തീരുമാനത്തെ വിവേകമുള്ള, രാജ്യത്തോട് സ്നേഹമുള്ള ജനങ്ങളോട് സ്നേഹമുള്ള ഏതെങ്കിലും ഗവണ്മെന്റ് സ്റ്റേ ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

2003 ജൂൺ മാസം 12-ാം തീയതി തദ്ദേശസ്വയംഭരണവകുപ്പ് സെക്രട്ടറി അത് സ്റ്റേ ചെയ്തു. അത് വിവേകശൂന്യമായ നടപടിയാണ്. ഈ നടപടിക്കെതിരെ പഞ്ചായത്തിന് കോടതിയിൽ പോകേണ്ടി വന്നു. കോടതിയിൽ പോയിട്ട് 2004 ജനുവരി 16-ാം തീയതി കോടതിയും പറഞ്ഞു, ഒരു തുള്ളി വെള്ളം ഇനി അവിടെ നിന്ന് കൊക്കകോള കമ്പനിക്കാർ എടുക്കാൻ പാടില്ലെന്ന്. പിന്നീട് നിങ്ങൾ തന്നെ വിലക്കി. ബഹുമാനപ്പെട്ട മന്ത്രി ടി. എം. ജേക്കബ്ബിന്റെ മന്ത്രിസഭ തന്നെ ജൂൺ മാസം 15 വരെ ഭൂഗർഭ ജലം എടുക്കുന്നത് നിരോധിച്ചു. ഇതൊന്നും ശ്രീ. ചെർക്കളം നിയന്ത്രിക്കുന്ന തദ്ദേശസ്വയംഭരണ വകുപ്പിന് ബാധകമല്ലേ? അവിടെയാണ് ഞങ്ങൾ പറയുന്നതിന്റെ അഴിമതി ഉയർന്നുവരുന്നത്. ഞാൻ ബില്ലിന്റെ ചർച്ചാവേളയിൽ അഴിമതി ആരോപണം ഉന്നയിക്കുകയല്ല. നാട് മുഴുവൻ എതിർത്തിട്ടും തദ്ദേശസ്വയംഭരണ വകുപ്പ് അതിന് സ്റ്റേ നൽകിയത് എന്തുകൊണ്ടാണ്? ഇത് ഗൗരവമുള്ള കാര്യമല്ലേ? ഇപ്പോൾ കേരളത്തിലെ ഭൂഗർഭ ജലശേഖരം അതിവേഗം താഴ്ന്നു കൊണ്ടിരിക്കുകയാണ്. വിദഗ്ദ്ധന്മാർ കണ്ടെത്തിക്കഴിഞ്ഞ കാര്യമാണ്. മഴയുടെ ദൗർലഭ്യവും മഴ പെയ്താൽ തന്നെ മഴവെള്ളം മണ്ണിലേക്ക് ഊർന്ന് ഇറങ്ങാത്തതുമാണ് ഇതിന് കാരണം. വെള്ളം മണ്ണിലേക്ക് ഊർന്നിറങ്ങാത്ത പ്രതിഭാസം കേരളത്തിൽ കണ്ടുതുടങ്ങിയിരിക്കുന്നു. ഭൂപ്രകൃതിയിൽവന്ന മാറ്റം കൂടിയാകാം ഇതിന് കാരണമെന്നാണ് വിദഗ്ദ്ധൻമാർ സൂചിപ്പിക്കുന്നത്. പ്ലാച്ചിമടയിലെ കൊക്കകോള കമ്പനിക്ക് പ്രതിദിനം 5 ലക്ഷം ലിറ്റർ വെള്ളം വേണമെന്നാണ് ജലവിഭവ വിനിയോഗകേന്ദ്രം എക്സിക്യൂട്ടീവ് ഡയറക്ടർ അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിൽ പറയുന്നത്. ചിറ്റൂർ എന്നുപറയുന്നത് ഒരു കാർഷികപ്രദേശമാണ്. കൃഷിക്ക് തന്നെ വെള്ളം നൽകാൻ അവിടെയില്ല. ആ സമയത്താണ് ഭൂഗർഭജലം കൊക്കകോളയ്ക്ക് നൽകിക്കൊണ്ടിരുന്നത്. വെള്ളം ഒരു അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായങ്ങളിൽ നിന്ന് അതിന് വില വാങ്ങാൻ ഇപ്പോൾ നിയമമില്ല, ചട്ടവുമില്ല. നിസ്സാരമായ ഒരു വില വാങ്ങുക മാത്രമാണ് ചെയ്യുന്നത്. കമ്പനികളിൽ നിന്ന് പുറത്തുവരുന്ന ദ്രവ്യ മാലിന്യത്തിന്റെ അളവ് നോക്കിയാണ് വെള്ളക്കരം നിശ്ചയിച്ചിരിക്കുന്നത്. ആയിരം ലിറ്ററിന് 30 പൈസയാണ് വെള്ളക്കരം. എന്നുപറഞ്ഞാൽ ഒരു ലിറ്റർ ശീതളപാനീയത്തിന് ഉപയോഗിക്കുന്ന വെള്ളത്തിന് കമ്പനി കരമായി കൊടുക്കുന്നത് ഒരു പൈസ മാത്രമാണ്. ഒരു പൈസ കൊണ്ട് 200 രൂപ കൊക്കകോള കമ്പനിക്കാരന് കിട്ടുകയാണ്. വെള്ളം അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന മറ്റ് വ്യവസായങ്ങളിൽ നിന്ന് ഈ ശീതളപാനീയ കമ്പനികൾ വ്യത്യസ്തമാണ്. മറ്റ് വ്യവസായങ്ങൾ ഉപയോഗിക്കുന്ന വെള്ളം പൂർണ്ണമായും മാലിന്യമായിട്ട് മാറുന്നതാണ്. എന്നാൽ ശീതളപാനീയ കമ്പനികൾ വെള്ളം ഉപയോഗിച്ചുകഴിഞ്ഞാൽ അതിന്റെ നേർപകുതി ശീതളപാനീയമായിട്ടും മറ്റ് പാനീയങ്ങളായിട്ടും വിറ്റ് കാശുണ്ടാക്കുകയാണ്. അതുകൊണ്ട് ഈ അന്തരം മനസ്സിലാക്കിക്കൊണ്ട് വ്യക്തമായിട്ടുള്ള ഒരു വ്യവസ്ഥ കൊണ്ടുവരണം. ഭൂഗർഭജല ദുരുപയോഗത്തെ തടയാൻ കൊക്കകോള കമ്പനിക്കാരന്റെ ഈ നടപടിയുടെ പശ്ചാത്തലത്തിൽ നമുക്ക് വ്യക്തമായിട്ടുള്ള വ്യവസ്ഥ വേണം. അമിതമായിട്ടുള്ള ഭൂജല ചൂഷണം നിയന്ത്രിക്കുന്നതിനും ക്രമീകരിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. അതുകൊണ്ടാണ് ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ നിയമനിർമ്മാണത്തിന്റെ പൊതു ഉള്ളടക്കത്തോട് അംഗങ്ങൾ യോജിക്കുന്നത്. ഇതിന്റെ ഫലമായി വന്ന പ്രായോഗികമായിട്ടുള്ള പ്രശ്നമെന്താണ്? ഈ നിയമം പാസ്സാക്കിയതിനുശേഷം 2004 മാർച്ച് മാസം 10-ാം തീയതി ഒരു ഗസറ്റ് വിജ്ഞാപനം വഴി റൂൾ കൊണ്ടു വരികയുണ്ടായി. ആ റൂൾ പ്രകാരം വീട്ടുകിണറുകൾ ഇതിന്റെ പരിധിയിൽപ്പെടുത്തി. വലിയ വിവാദം കേരളത്തിലുണ്ടായി. ആ വിവാദം ഉയർന്നുവന്ന സന്ദർഭത്തിൽ പരിസ്ഥിതി പ്രവർത്തകൻമാരും പൊതുപ്രവർത്തകൻമാരും പറഞ്ഞിട്ടുള്ള ഒരു കാര്യമുണ്ട്. അനിയന്ത്രിതമായി വെള്ളം എടുക്കുന്നത് ശരിയല്ല. അതിന് കുറച്ച് നിയന്ത്രണം ആകാം. പക്ഷേ ഇത്തരത്തിലുള്ള നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് പ്രായോഗികമല്ല. അന്നുതന്നെ വലിയ വിവാദമുണ്ടായ സന്ദർഭത്തിൽ അങ്ങ് തന്നെ പറഞ്ഞു, ഇതിനാവശ്യമായിട്ടുള്ള ഭേദഗതി വരുത്താം എന്ന്. ഭേദഗതി വരുത്തിയിട്ടില്ല എന്നുപറയുന്നില്ല. ജൂൺ മാസം 11-ാം തീയതി ഒരു പുതിയ വിജ്ഞാപനം വഴി വീട്ടുകിണറുകളിൽ 1.5 എച്ച്.പി. പമ്പ് വച്ച് വെള്ളമെടുക്കുന്നവരെ ഒഴിവാക്കി. അത് ഒഴിവാക്കി എന്നുപറയുമ്പോഴും സ്വന്തം പുരയിടത്തിൽ കിണർ നിർമ്മിക്കുകയും ആ കിണറിൽനിന്ന് വെള്ളം ഉപയോഗിക്കുകയും ചെയ്യാനുള്ള ജനങ്ങളുടെ മൗലികാവകാശത്തെ പൂർണ്ണമായി സംരക്ഷിക്കാൻ നമുക്ക് ബാദ്ധ്യതയില്ലേ? ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്, ഈ വിവാദം ഉയർന്നുവന്ന സന്ദർഭത്തിൽ ജലനിധിയിലൂടെ എക്സിക്യൂട്ടീവ് ഡയറക്ടർ നടത്തിയ ഒരു പത്രപ്രസ്താവനയാണ്, ഇവരൊക്കെയാണല്ലോ ഈ നിയമം നടപ്പിലാക്കേണ്ടവർ. നമ്മൾ ഒരു നിയമനിർമ്മാണത്തിന് മുൻകയ്യെടുത്താൽ അത് നടപ്പാക്കേണ്ടവർ, അതിന് നേതൃത്വം കൊടുക്കേണ്ടുന്ന ആളായ എക്സിക്യൂട്ടീവ് ഡയറക്ടർ പറയുകയാണ്, "പദ്ധതിയിൽ ചേരാൻ ആരെയും നിർബന്ധിക്കുന്നില്ല. പണം നൽകാൻ കഴിവുള്ളവർ മാത്രം ചേർന്നാൽ മതി. ലോകത്ത് എവിടെയും വെള്ളം വെറുതെ കിട്ടുന്നില്ല. കേരളത്തിൽ മാത്രം എന്തിനാണ് സൗജന്യം? എങ്കിൽ പിന്നെ ഭക്ഷണവും മറ്റ് സൗകര്യങ്ങളും സൗജന്യമായി വേണമെന്ന് വാദിച്ചുകൂടേ? കേരളത്തിന് ഇത്രയേറെ പുഴയുണ്ടല്ലോ എന്ന അഹങ്കാരമാണെങ്കിൽ എല്ലാവരും പുഴയിൽ കിടന്ന് വെള്ളം നക്കി കുടിക്കേണ്ടി വരും. കേരളത്തിലെ ജനങ്ങൾക്ക് സൗജന്യം കൂടിപ്പോയതിന്റെ കുഴപ്പമാണ്." ഇവരാണോ ഈ നിയമം നടപ്പിലാക്കാൻ പോകുന്നത്? ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വന്ന അഴിമതി പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകും. വയനാട് ജില്ലയിൽ കഴിഞ്ഞ വരൾച്ച കാലത്ത് മീനങ്ങാടി, നൂൽപ്പുഴ, ബത്തേരി, പുൽപ്പള്ളി, മുള്ളൻകൊല്ലി എന്നീ പഞ്ചായത്തുകളിലെ കിണറുകൾ ആഴം കൂട്ടുന്നതിനും പുതിയ കിണറുകൾ പണിയുന്നതിനും വേണ്ടി 47 ലക്ഷം രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് വഴി ചെലവാക്കാൻ തീരുമാനിച്ച് അവർക്ക് കൊടുത്തു. ഭൂഗർഭജല വിനിയോഗവകുപ്പിന്റെ ജില്ലാ ഓഫീസർ പി. രാമചന്ദ്രൻ അവിടെ എന്താണ് ചെയ്തത്? 69 കിണറുകൾ ആഴം കൂട്ടുന്നതിന് വേണ്ടി, ഓരോന്നിനും ഒരു ലക്ഷം രൂപ ചെലവഴിച്ചുവെന്നാണ് രാമചന്ദ്രൻ കൊടുത്തിട്ടുള്ള റിപ്പോർട്ട്. അതുസംബന്ധിച്ച് ഫിനാൻസ് സ്പെഷ്യൽ സ്കാഡ് പരിശോധിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചപ്പോൾ 40,000 രൂപയും 60,000 രൂപയുമാണ് കൊടുത്തത്. മാത്രമല്ല അവിടെ ചില സ്ഥലത്ത് കിണർ കുഴിച്ചിട്ടില്ല. ഫിനാൻസിന്റെ സ്കാഡ് കണ്ടെത്തിയത് നഗ്നമായ അഴിമതിയാണ്. എന്നിട്ട് അവർ ഇപ്പോൾ പറയുന്നത്, 24 ലക്ഷം രൂപ ഈ ഉദ്യോഗസ്ഥന്റെ കയ്യിൽ നിന്ന് തിരിച്ചുപിടിക്കണം. എന്നിട്ട് ആ ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യണമെന്നാണ്. ഇന്ന് ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ സ്ഥിതി ദയനീയമാണ്. അതുകൊണ്ട് ഈ നിയമത്തിലും ചട്ടത്തിലും പറയുന്ന കാര്യം നമുക്ക് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുമോ? ഫലപ്രദമായി ചെയ്യാൻ പറ്റുന്ന ആളുകളുണ്ടോ? ഇല്ല. ശ്രീ. എ. കെ. ബാലൻ പറഞ്ഞത്, അദ്ദേഹത്തിന്റെ നാട്ടിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് കിണറുകളും മറ്റും കുഴിക്കാനുള്ള ചില പരിപാടികൾ തയ്യാറാക്കി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിനെ ഏൽപ്പിച്ചു. അവർ നോക്കിയ സ്ഥലത്തൊന്നും വെള്ളം കാണാനായില്ല. അവസാനം നാടൻ ആശാരിയെ കൂട്ടിപ്പോയി. അപ്പോൾ ആശാരി പറഞ്ഞ സ്ഥലത്ത് കിണർ കുഴിച്ചപ്പോൾ കൃത്യമായി വെള്ളമുണ്ട് എന്ന് കണ്ടു. അത് നമ്മൾ നിസാരമായി കാണണ്ട. ഞാൻ ഉദ്യോഗസ്ഥൻമാരെയാകെ പരിഹസിക്കുകയോ അവഹേളിക്കുകയോ അല്ല. അവരിൽ പ്രാപ്തരായ ആളുകളുമുണ്ട്. പക്ഷേ ഈ മേഖല ഒരു വെള്ളാനയെപ്പോലെ മാറിക്കൊണ്ടിരിക്കുകയാണ് എന്ന കാര്യം അങ്ങ് ഗൗരവമായി കാണേണ്ടതാണ്. മഴവെള്ളം പാഴാകാതെ സംരക്ഷിക്കുക എന്നതാണ് പ്രധാനം. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മൂന്ന് മാസക്കാലത്താണ് മഴ ഏറ്റവും കൂടുതൽ കേരളത്തിൽ ലഭിക്കുന്നത്. അതിൽ തന്നെ ഏറ്റവും കൂടുതൽ ലഭിക്കുന്നത് ജൂലായ് മാസത്തിലാണ്. മൺസൂൺ മഴക്കാലം ഇത്തവണ എത്തിയത് മേയ് മാസത്തിലാണ്. മേയ് മാസത്തിൽ 34 സെന്റീമീറ്റർ മഴ അധികം കിട്ടി. ജൂണിൽ കാര്യമായ കുറവ് വന്നിട്ടില്ല. 70.2 സെന്റീമീറ്റർ മഴ കിട്ടി. എന്നാൽ ജൂലായ് 19 വരെ കേവലം 23.3 സെന്റീമീറ്റർ മഴ മാത്രമാണ് അധികം കിട്ടിയത്. ജൂലായിൽ നമുക്ക് ശരാശരി 78 സെന്റീമീറ്റർ മഴ ലഭിക്കാറുണ്ട്. ഈ കുറവ് വരും ദിവസങ്ങളിൽ നികത്തപ്പെടുന്നില്ലെങ്കിൽ—വരും ദിവസങ്ങളിൽ നികത്തപ്പെടുമെന്ന പ്രതീക്ഷ എനിക്കില്ല—ഇനി ജൂലായ് കഴിയാൻ അഞ്ച്, പത്ത് ദിവസം മാത്രമേയുള്ളൂ. കേരളം രൂക്ഷമായ വരൾച്ചയിലേയ്ക്ക് നീങ്ങുമെന്നാണ് വിദഗ്ദ്ധൻമാർ പറയുന്നത്. മൺസൂൺ മഴയുടെ 100 വർഷത്തെ ചരിത്രത്തിൽ 5 വർഷം മാത്രമാണ് ജൂലായിൽ 50%-ൽ താഴെ മഴ നമുക്ക് കിട്ടിയത്. അത്തരം ഒരു അവസ്ഥയിലേക്ക് പോവുകയാണ്. എന്നുപറഞ്ഞാൽ വരും നാളുകളിലും രൂക്ഷമായ വരൾച്ചയിലേക്ക് പോകുമെന്നാണ്. സംസ്ഥാനത്തിന് ശരാശരി മഴ ലഭ്യത 3000 മില്ലീമീറ്റർ എന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. നമുക്ക് ശരാശരി 120 ദിവസം മഴ ലഭിക്കുന്നുണ്ട്. ദേശീയ ശരാശരിയേക്കാൾ രണ്ടിരട്ടി കൂടും. എന്നിട്ടും നമുക്ക് മഴയില്ല, വെള്ളമില്ല എന്നൊരു സ്ഥിതിയിലേക്കാണ് പോകുന്നത്. മഴവെള്ളം സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് മഴക്കുഴി നിർമ്മാണപദ്ധതി വ്യാപകമാക്കാൻ തീരുമാനിച്ചത്. എന്നാൽ ലക്ഷ്യത്തിന്റെ 14 ശതമാനം മാത്രമേ ഇതുവരെയായി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. 2 കോടി മഴക്കുഴികൾ ലക്ഷ്യമിട്ടിരുന്നു. 23 ലക്ഷം മഴക്കുഴികൾ നിർമ്മിച്ചു കഴിഞ്ഞുവെന്നാണ് KILA -യുടെ റിപ്പോർട്ട്. ഇതിൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റിക്ക് ഒരു പങ്കുമില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രിയുമായി ഇക്കാര്യങ്ങളൊന്നും ചർച്ച ചെയ്തിട്ടില്ലേ? ആലപ്പുഴ ജില്ലയിൽ ഒരൊറ്റ മഴക്കുഴിപോലും നിർമ്മിച്ചിട്ടില്ല. ബഹുമാനപ്പെട്ട കെ.സി. വേണുഗോപാൽ ഇവിടെ പറഞ്ഞല്ലോ? അദ്ദേഹത്തിന്റെ ജില്ലയിൽ ഒരൊറ്റ മഴക്കുഴി പോലും നിർമ്മിച്ചിട്ടില്ല. വയനാട്ടിൽ 5.76 ലക്ഷം മഴക്കുഴി നിർമ്മിച്ചുവെന്നാണ് റിപ്പോർട്ട്. അവിടെപ്പോയി പരിശോധിച്ചാൽ ഈ കണക്ക് കടലാസിൽ മാത്രമുള്ള കണക്കാണെന്ന് കാണാൻ കഴിയും. സർക്കാർ മേൽനോട്ടത്തോടെ ജലനിധിയുടെ നേതൃത്വത്തിൽ മഴവെള്ള സംഭരണ പ്രചരണ പരിപാടി സംഘടിപ്പിക്കുന്നുണ്ട്. മഴക്കുഴി നിർമ്മാണ പദ്ധതിയാകട്ടെ സർക്കാർ പദ്ധതിയുമല്ല എന്നാണ് പറയുന്നത്. സർക്കാരിന്റെ സഹായവും ഇല്ല. രണ്ട് അടി നീളവും വീതിയുമുള്ള കുഴികൾ നിർമ്മിക്കാൻ ജനങ്ങൾ സന്നദ്ധരാകണം എന്ന വിധത്തിലുള്ള ക്യാമ്പെയിനാണ് ഇവിടെ നടത്തുന്നത്. ഇതുമാത്രം പോരാ. അതുകൊണ്ടാണ് 2 കോടി ലക്ഷ്യമിട്ടിട്ട് 23 ലക്ഷം മാത്രമായി, 14% മാത്രമായി നമ്മുടെ ലക്ഷ്യത്തിന്റെ അടുത്തുപോലും എത്താത്ത വിധത്തിൽ ഈ ബൃഹത്തായ പദ്ധതി പാളിപ്പോയത്. കേരളത്തിലുള്ള 44 നദികളിൽ 41 എണ്ണവും പടിഞ്ഞാറോട്ട് ഒഴുകുന്നതാണ്. ഏറ്റവും നീളം കൂടിയ നദികൾ പെരിയാറും ഭാരതപ്പുഴയുമാണ്. ചില നദികളിൽ വേനൽക്കാലത്ത് വെള്ളം ഉണ്ടാവുകയില്ല. പക്ഷേ പലതിലും 12 മാസവും വെള്ളം ഉണ്ടാകും. മൂന്ന് നദികൾ കിഴക്കോട്ട് ഒഴുകുന്നുണ്ട്. അതിൽ തമിഴ്നാടിന് ലഭിക്കാവുന്ന ഓഹരി നിയമപ്രകാരം നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവർ അതിനെക്കാൾ കൂടുതൽ വെള്ളം കൊണ്ടുപോകുന്നു. അതു കഴിച്ചുള്ള ജലം, നദികളിലൂടെ ഒഴുകിപ്പോകുന്ന ജലം ജലസേചനത്തിനും കൃഷിക്കും കുടിവെള്ളത്തിനും പ്രയോജനപ്പെടുത്താൻ കഴിയും വിധം സമഗ്രമായ ഒരു പദ്ധതി നമുക്ക് വേണം. കാരണംതേടി അലയുകയല്ല വേണ്ടത്. സെമിനാറുകളും സംവാദങ്ങളും മാത്രം നടത്തിയതു കൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാവുകയില്ല. മൺസൂൺ മഴയിലൂടെ ലഭിക്കുന്ന വെള്ളത്തെ ശരിയായ വിധത്തിൽ വിനിയോഗിക്കാൻ ഫലപ്രദവും പ്രായോഗികവുമായ ഒരു പദ്ധതി വേണം. നമ്മുടെ നദികളിലെ വെള്ളം 60 മില്യൻ ക്യൂബിക്ക് മീറ്ററാണ്. അതിൽ 8 മില്യൻ ക്യൂബിക്ക് മീറ്റർ മാത്രമാണ് നമ്മൾ ഉപയോഗിക്കുന്നത്. ബാക്കിയുള്ള ജലം മുഴുവൻ മഴക്കാലത്ത് കടലിലേയ്ക്ക് ഒഴുകി പോവുകയാണ്. നമ്മുടെ നദീതടങ്ങൾക്ക് തെക്ക്-പടിഞ്ഞാറൻ കാലവർഷത്തിന്റെയും വടക്ക്-കിഴക്കൻ കാലവർഷത്തിന്റെയും പ്രയോജനം പൂർണ്ണമായി ലഭിക്കുന്നു എന്ന പ്രത്യേകതകൂടിയുണ്ട്. അപ്പോൾ 80 ശതമാനം മഴയും ഈ സമയത്താണ് ലഭിക്കുന്നത്. അതിന് ചെയ്യേണ്ടുന്ന പ്രായോഗിക നിർദ്ദേശം പറഞ്ഞിട്ട് അവസാനിപ്പിക്കാം. ചെറിയ പ്രാദേശിക തടാകങ്ങളും തടയണകളും മഴവെള്ളം സംഭരിക്കാൻ പറ്റുന്ന പദ്ധതികളും നമുക്ക് ആവിഷ്ക്കരിക്കാൻ കഴിയണം. അത്തരത്തിലുള്ള ഒരു ലക്ഷം തടാകങ്ങൾ ഉണ്ടാക്കിയാൽ ഈ മൺസൂൺ മഴയുടെ പകുതി നമുക്ക് സംഭരിക്കാൻ കഴിയും. അതിനുവേണ്ടിയുള്ള പദ്ധതിയുണ്ടാകണം. ജലനിധിയിൽ ഇപ്പോൾ ആസൂത്രണം ചെയ്തിട്ടുള്ളത് പോലെയല്ല. പ്രായോഗികമായി അത് പൂർണ്ണമായി നടപ്പിലാക്കാൻ കഴിയും വിധത്തിൽ ഒരു പരിപാടി നമുക്ക് ഉണ്ടാകണം. അത്തരത്തിൽ ഈ നിയമം നടപ്പിലാക്കാൻ കഴിയും വിധത്തിൽ അമൂല്യമായ സമ്പത്തായ ജലത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംരക്ഷിക്കത്തക്കവിധത്തിലുള്ള പദ്ധതികളാണ് നമുക്ക് വേണ്ടത് എന്നതാണ് എനിക്ക് ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ പറയാനുള്ളത്.

XI. മേശപ്പുറത്തുവച്ച കടലാസ്

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇവിടെ ചർച്ചാവേളയിൽ രാവിലെ പാട്ടത്തിന്റെ നിരക്ക് പരിഷ്ക്കരിച്ച കൗൺസിൽ ഡിസിഷൻ ഉണ്ടോ എന്ന് ചോദിച്ചിരുന്നു. ഞാൻ പറഞ്ഞു കൗൺസിൽ ഡിസിഷൻ ഉണ്ട്. ഇല്ല എന്ന സന്ദേഹം പ്രകടിപ്പിച്ചു. മേശപ്പുറത്ത് വയ്ക്കുമോ എന്ന് ചോദിച്ചു. ഞാൻ മേശപ്പുറത്ത് വയ്ക്കാമെന്നു പറഞ്ഞു. ആ ഡിസിഷന്റെ കോപ്പി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. Proceedings of the council of Ministers, dated: 7-1-2004 item No. 2574. റവന്യൂ വകുപ്പ് പാട്ടത്തിന് നൽകിയ സർക്കാർ ഭൂമി യുക്തിസഹമായി പരിഷ്ക്കരിക്കുന്നതു സംബന്ധിച്ച് അംഗീകരിച്ചു ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രി. ശരിപ്പകർപ്പ് ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ. ചീഫ് സെക്രട്ടറി.....
.....(ബഹളം).....

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

മി. ചെയർമാൻ : No.....No.....Paper lay ചെയ്യണമെന്നു പറഞ്ഞു. paper lay ചെയ്തു. No discussion. ഒരു രേഖ മേശപ്പുറത്ത് വച്ചാൽ അതിൻമേൽ എന്തെങ്കിലും നിങ്ങൾക്ക് പറയാനുണ്ടെങ്കിൽ പിന്നീട് എഴുതി കൊടുത്തു പറയാം.

XII. നിയമനിർമ്മാണകാര്യം (തുടർച്ച)

ശ്രീ. സി. മമ്മൂട്ടി : ഇന്ത്യയടക്കം ലോകത്തുതന്നെ വൻതോതിലുള്ള ജലചൂഷണം കൊണ്ട് ഭൂഗർഭ ജലവിതാനം ഭയാനകമായ രീതിയിൽ താഴുന്നു കൊണ്ടിരിക്കുകയാണ്. വേൾഡ് വാട്ടർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ റിപ്പോർട്ട് പ്രകാരം തന്നെ ഇന്ത്യ അടക്കമുള്ള രാജ്യങ്ങളിൽ ഇത് വ്യാപകമായി വല്ലാത്ത അവസ്ഥയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണെന്ന് മുന്നറിയിപ്പുമുണ്ട്. കേരളത്തിലും കഴിഞ്ഞ ദിവസം ജലസേചനവകുപ്പ് മന്ത്രി മറുപടി പറഞ്ഞപ്പോൾ പറഞ്ഞു ഏതാണ്ട് ചിറയിൻകീഴും കൊടുങ്ങല്ലൂരും കാസർഗോഡ് ബ്ലോക്കിലുമൊക്കെ ഇത്തരത്തിൽ ഗുരുതരമായ രീതിയിൽ ജലവിതാനം താഴ്ന്നുകൊണ്ടിരിക്കുകയാണ് എന്ന്. തീർച്ചയായും അപ്പുറത്ത് ഇരിക്കുന്നവർ ആയിരുന്നാലും ഇപ്പുറത്തിരിക്കുന്നവർ ആയിരുന്നാലും മാറിമാറി വരുന്ന ഗവൺമെന്റ് ആയാലും ഇക്കാര്യത്തിൽ രാഷ്ട്രീയത്തിന് അതീതമായ ഒരു കാഴ്ചപ്പാട് ഉണ്ടാകണമെന്നാണ് എനിക്കഭ്യർത്ഥിക്കാനുള്ളത്. കാരണം പ്രകൃതി ദത്തമായി നമുക്കുണ്ടായിരുന്ന ജലവിഭവം അത് മാരകമായ രീതിയിൽ ചൂഷണം ചെയ്യപ്പെടുകയും കുടിവെള്ളം, പ്രകൃതിയുടെ വരദാനമായി ലഭിച്ച നമ്മുടെ ജന്മാവകാശമായ ഈ ജലസമ്പത്ത് അനിയന്ത്രിതമായി വ്യാപാര വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ ഉപയോഗിക്കുമ്പോഴും ഇപ്പോൾ അപ്പുറത്തിരിക്കുന്നവർ ഭരിച്ചിരുന്നപ്പോൾ പ്ലാച്ചിമടയിൽ കൊക്കകോളയ്ക്കൊക്കെ വെള്ളം കൊടുത്ത്; ഇപ്പോൾ അതിനെ എതിർക്കുന്നുണ്ടെങ്കിലും ഇപ്പുറത്തിരിക്കുന്നവരായാലും അപ്പുറത്തിരിക്കുന്നവരായാലും ആര് കൊടുത്താലും ഇത് അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നത് നിയന്ത്രിക്കണം. അതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി 2002-ൽ ഈ ബില്ല് കൊണ്ടുവന്നു. അതിനെത്തുടർന്നാണ് അതിന് ഒരു ഭേദഗതി എന്നോണം ഇന്ന് കൊണ്ടുവന്ന ഈ ഭേദഗതി. ജലവിതാനം കുറയുന്നതുകൊണ്ട് കൃഷി ഉല്പാദനംപോലും കുറഞ്ഞു കൊണ്ടിരിക്കുന്നു എന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഇന്ത്യയിൽത്തന്നെ ഏതാണ്ട് ആളോഹരി അയ്യായിരം ക്യൂബിക്ക് മീറ്റർ വെള്ളം കിട്ടിക്കൊണ്ടിരുന്നത് 2200 ആയി കുറഞ്ഞിരിക്കുകയാണ്. ഇത് എന്തുകൊണ്ടാണെന്ന് ചോദിച്ചാൽ മഴവെള്ളം ഭൂമിയിൽ ആഴ്ന്ന് ഇറങ്ങിയാൽ മാത്രമെ ഭൂഗർഭ ജലത്തിന്റെ വിതാനം ഉയർത്താൻ കഴിയുകയുള്ളു. ഇന്ന് യഥാർത്ഥത്തിൽ ഇത്തരം വെള്ളം ഒഴുകി പോകുന്നത് തടഞ്ഞു നിർത്താൻ ഇതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഇപ്പോൾ ഗവൺമെന്റ് തന്നെ രണ്ടായിരത്തോളം മഴക്കുഴികൾ ഉണ്ടാക്കുന്നതിനു വേണ്ടി നടപടി സ്വീകരിച്ചു. വേണ്ടത്ര മുന്നേറിയിട്ടില്ല എങ്കിലും അത് നല്ല ഒരു ആശയമാണ്. ഈ കാര്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനു വേണ്ടി ഇപ്പോൾ കേരളത്തിൽ മലയാളമനോരമ പത്രവും രംഗത്ത് വന്നിട്ടുണ്ട്. സത്യത്തിൽ കേരളത്തിലെ ജനങ്ങൾക്ക് അവബോധം ഉണ്ടാക്കാനും കേരളത്തിലെ ജലം സംഭരിക്കുന്നതിനെക്കുറിച്ച് വിവരവും വിജ്ഞാനവും നൽകുന്നതിനും പല ഏജൻസികളും ഈ രംഗത്തേയ്ക്ക് കടന്നു വന്നിട്ടുണ്ട്. അത് യഥാർത്ഥത്തിൽ നമുക്ക് ഗുണകരമായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സഹായിച്ചിട്ടുണ്ട്. ഇപ്പോഴുള്ള അനിയന്ത്രിതമായ ചൂഷണം തുടർന്നാൽ 2005 ആകുമ്പോൾ നമ്മുടെ സ്ഥിതി പരിങ്ങലിലായിരിക്കുമെന്നും ഏതാണ്ട് മൂന്നിൽ രണ്ട് പേർക്ക് കുടിവെള്ളം കിട്ടാത്ത അവസ്ഥയുണ്ടാകുമെന്നുമാണ് പഠനങ്ങൾ തെളിയിക്കുന്നത്. നമ്മുടെ അമൂല്യമായ സമ്പത്തായി ജലം മാത്രമാണുള്ളത്. നമ്മെസംബന്ധിച്ചിടത്തോളം വെള്ളം വില്പനച്ചരക്കാക്കുന്ന ബഹുരാഷ്ട്രകുത്തക കമ്പനിക്കാർ ഈ രംഗത്ത് കടന്നു വന്നു വെള്ളം വിൽക്കാൻ തുടങ്ങിയതോടുകൂടിയാണ്, ഇന്ത്യയിൽപോലും ഇത് വില്പന ചരക്കായി മാറിയത്. കേരളത്തിൽ ഇപ്പോൾ സാധാരണക്കാരൻപോലും യാത്രചെയ്യുമ്പോൾ തീവണ്ടിയിലും മറ്റും മിനറൽ വാട്ടർ വിലയ്ക്ക് വാങ്ങുന്നു കാരണം പണ്ടൊക്കെ വെള്ളം വിലയ്ക്ക് വിൽക്കുക എന്നൊക്കെ പഴമൊഴിയായി പറയുമെങ്കിൽ ഇന്ന് 15 രൂപ കൊടുത്തിട്ടാണ് ഒരു കുപ്പി മിനറൽ വാട്ടർ വാങ്ങി യാത്രയിൽ സാധാരണക്കാരൻ പോലും ഉപയോഗിക്കുന്നത്. ഇത് തെളിയിക്കുന്നത് നമ്മുടെ നാട്ടിൽ ജലസമ്പത്ത് അമൂല്യമായിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ്. അത് കിട്ടാക്കനിയായി മാറുകയാണെന്ന അവസ്ഥയിലേക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഭൂഗർഭജലത്തിന്റെ അളവ് എങ്ങനെ വർദ്ധിപ്പിക്കാൻ കഴിയും എന്നതിനെക്കുറിച്ചാണ് നമ്മൾ എല്ലാവരും ചർച്ച ചെയ്യേണ്ടത്. ഉള്ള സമ്പത്ത് വ്യാപാര-വ്യവസായ അടിസ്ഥാനത്തിൽ തീറെഴുതി കൊടുത്തു. അവസാനം വെള്ളം ഇല്ല എന്നു പറയുന്നതിനുപകരം അത് നിയന്ത്രിക്കുന്ന കാര്യത്തിൽ, അത് വളരെ ശ്രദ്ധയോടുകൂടി ഉപയോഗിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

കാര്യത്തിൽ മാറി മാറി വരുന്ന ഗവൺമെന്റുകൾ ആരായിരുന്നാലും ശ്രദ്ധിച്ചാൽ മാത്രമെ ഭാവി തലമുറയ്ക്ക് കൂടിവെള്ളമെങ്കിലും കൈമാറാൻ നമുക്ക് സാധിക്കുകയുള്ളു. അല്ലെങ്കിൽ വരും തലമുറയോട് നമ്മൾ മാപ്പ് പറയേണ്ടി വരും.....

ശ്രീ. പി. എസ്. സുപാൽ : സർ, ബഹുരാഷ്ട്ര കമ്പനികൾ ഭൂഗർഭ ജലം ഊറ്റിക്കൊണ്ടുപോകുന്നതിനെ സംബന്ധിച്ച് ഇവിടെ വളരെ വിശദമായി പറഞ്ഞു. പ്ലാച്ചിമടയിലുള്ള കൊക്കകോള കമ്പനി അമിതമായി ജലം ചൂഷണം നടത്തുന്നു എന്ന് ഗവൺമെന്റിന്റെ എല്ലാ ഏജൻസികളും പറഞ്ഞിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ അതോറിട്ടി ഉൾപ്പെടെ പറഞ്ഞിട്ടുണ്ട്. അതിന്റെ പേരിലാണ് അവിടുത്തെ പഞ്ചായത്ത് അവർക്കുള്ള അംഗീകാരം റദ്ദുചെയ്യാൻ തീരുമാനം എടുത്തത്. എന്നാൽ അങ്ങയുടെ പാർട്ടിയുടെ നേതാവായ പഞ്ചായത്ത് മന്ത്രി പഞ്ചായത്തിന്റെ തീരുമാനത്തെ മറികടന്നുകൊണ്ട് അത് തുടർന്നു പ്രവർത്തിക്കാനുള്ള അനുവാദം കൊടുക്കുകയുണ്ടായി. പഞ്ചായത്തിന്റെ തീരുമാനം സ്റ്റേ ചെയ്യുകയുണ്ടായി. അങ്ങ് പ്രസംഗിക്കുന്നതിന് അനുസരണമായി ഇക്കാര്യത്തിൽ ഈ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നില്ല എന്നുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: അങ്ങയുടെ പാർട്ടി ഭരണത്തിൽ ഇരിക്കുമ്പോൾ കുത്തകക്കമ്പനികൾക്ക് കൊടുത്തതുകൊണ്ടാണ് ഈ ഭവിഷ്യത്തൊക്കെ വന്നത്. അന്ന് ഇത് ഉന്നയിച്ചിരുന്നെങ്കിൽ ഈ ഭവിഷ്യത്തൊന്നും സംഭവിക്കുമായിരുന്നില്ല. ഏതായിരുന്നാലും ഈ ഗവൺമെന്റ് ഭൂഗർഭജലത്തിന്റെ അമിത ചൂഷണം തടയുന്നതിനുവേണ്ടിയാണ് ഇത്തരത്തിലൊരു ബില്ലുകൊണ്ടു വന്നത് എന്ന് മനസ്സിലാക്കണം. കാരണം വ്യാപാര-വ്യവസായത്തിനുവേണ്ടി ഇഷ്ടംപോലെ കൊടുക്കുക. ഗവൺമെന്റ് മാറി വരുമ്പോൾ എന്തുചെയ്യും എന്ന തോന്നലിൽ സ്വന്തം നാട്ടിലെ ജനങ്ങളെപ്പോലും മറന്നുകൊണ്ടാണ് അന്നത് ചെയ്തത്. അന്നത് ചെയ്തില്ലായിരുന്നെങ്കിൽ ഇന്ന് യഥാർത്ഥത്തിൽ ഈ അവസ്ഥ വരുമായിരുന്നില്ല. അതിന് നിങ്ങൾ ഇടംകൊടുത്തു. ഏതായാലും നിങ്ങൾ ഇതിന്റെ ഏജന്റുമാരായിത്തീർന്നു.

ശ്രീ. വി.കെ. ചന്ദ്രൻ: ബഹുമാനപ്പെട്ട അംഗം, പ്ലാച്ചിമടയിൽ ഇടതുപക്ഷ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ പെപ്സിക്ക് അനുവാദം കൊടുത്തുവെന്നാണ് അങ്ങ് പറഞ്ഞത്. യഥാർത്ഥത്തിൽ ആടിനെ പട്ടിയാക്കുകയും പട്ടിയെ പേപ്പട്ടിയാക്കി അതിനെ തല്ലിക്കൊല്ലുകയും ചെയ്യുന്ന സ്ഥിതിയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊക്കകോളക്ക് ഇവിടെ അനുമതി കൊടുത്തത് തമിഴ്നാട്ടിൽനിന്ന് കൊക്കകോള ഉൽപ്പാദിപ്പിച്ച് പെരുമാട്ടിയിൽ കൊണ്ടുവന്ന് അതിനെ ഒരു വിതരണ ഏജൻസിയായി ഇവിടെ നിലനിർത്തുകയും ഈ വിതരണ ഏജൻസി നമ്മുടെ സംസ്ഥാനത്തിന്റെ പാലക്കാട് ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ ഉൾപ്പെടെ വിതരണം നടത്തി അവിടുന്നു കൊണ്ടുവരുന്ന കുപ്പി കഴുകാനുള്ള പെർമിഷൻ ഇവിടെ കൊടുത്തിട്ടുള്ളതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി: യഥാർത്ഥത്തിൽ ആടിനെ പട്ടിയാക്കിയത് ബഹുമാനപ്പെട്ട മെമ്പറാണ്. പട്ടിയാക്കി എന്നു മാത്രമല്ല പേപ്പട്ടിയാക്കി തല്ലിക്കൊല്ലുകയും ചെയ്തു. യഥാർത്ഥത്തിൽ പഞ്ചായത്ത് ഇടതുപക്ഷ ഗവൺമെന്റ് ഭരിച്ചപ്പോഴാണ് ഇവിടെ ലൈസൻസ് കൊടുത്തതുൾപ്പെടെ എല്ലാ സംവിധാനവും ചെയ്തുകൊടുത്തത്. രേഖയെടുത്ത് പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. ശ്രീ. വി. കെ. ചന്ദ്രന് അത് അറിയില്ലെങ്കിൽ ശ്രീ. എ. കെ. ബാലനോട് ചോദിച്ചാൽ പറഞ്ഞുതരും.

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ: ഏതെങ്കിലും സ്ഥലത്ത് കുപ്പി കഴുകാൻ പെർമിഷൻ വേണോ? ബഹുമാനപ്പെട്ട ചന്ദ്രൻ പറഞ്ഞത് കുപ്പി കഴുകാൻ പെർമിഷൻ കൊടുത്തുവെന്നാണ്. അങ്ങനെ വേണോ?

ശ്രീ. സി. മമ്മൂട്ടി: അതൊന്നും അറിഞ്ഞുകൂടാത്തതുകൊണ്ടല്ല. ആളുകളുടെ ഇടയിൽ പുകമറ സൃഷ്ടിച്ച് അവർ ചെയ്തുപോയ തെറ്റിൽനിന്നും കൈകഴുകാൻ കഴിയാത്ത വിധം 'All perfumes of Arabia will not sweeten this hand' എന്നു പറഞ്ഞില്ലേ? അതുപോലെ അവരുടെ കൈകഴുകാൻ കഴിയില്ല. അത് രക്ഷപ്പെടാൻവേണ്ടി പറഞ്ഞു നോക്കുകയാണ്.

ശ്രീ. പി.ടി. തോമസ്: ഇടതുപക്ഷമുന്നണി ഗവൺമെന്റിന്റെ കാലത്ത് ബഹുരാഷ്ട്ര കുത്തകയുടെ ഉൽപ്പന്നങ്ങളായ കൊക്കകോളയ്ക്കും പെപ്സിയ്ക്കും ഏതെല്ലാം തരത്തിൽ ചൂഷണം നടത്താമോ അതിനെല്ലാം അവസരം ഉണ്ടാക്കിക്കൊടുത്തു. യാതൊരു ശാസ്ത്രീയമായ മാനദണ്ഡവും നോക്കാതെയാണ് അവർ ചെയ്തുകൊടുത്തത്. ബന്ധപ്പെട്ട മന്ത്രിമാർ പോയി അതിൽ പങ്കെടുത്തിട്ടുണ്ട്. ഇവർ ഇപ്പോൾ പറയുന്നത് കുപ്പി കഴുകാനാണെന്ന്. കുപ്പി കഴുകുന്നിടത്ത് കൊക്കകോള ഉൽപ്പാദിപ്പിക്കാൻ പറ്റുമോ? എന്തുകൊണ്ട് അവർ സ്റ്റേ ചെയ്തില്ല? ഇത്തരം പൊള്ളത്തരം 1996 മുതൽ 2001 വരെ പ്രോ കൊക്കകോള, 2001 മുതൽ 2006 വരെ against Coca-Cola എന്ന അവരുടെ നിലപാടിന്റെ കാപട്യം അങ്ങ് മനസ്സിലാക്കുന്നില്ലേ?

ശ്രീ. ടി.കെ. ദേവകുമാർ: ഇവിടെ പല കാര്യങ്ങളും പറഞ്ഞല്ലോ. കഴിഞ്ഞകാലത്ത് ഒരു കമ്പനിക്ക് ലൈസൻസ് കൊടുത്തു. പ്രായോഗിക തലത്തിൽ വന്നപ്പോൾ അത് ഇന്ന് ബുദ്ധിമുട്ടാണെന്ന് പറഞ്ഞിരിക്കുന്നു. അനുഭവത്തിൽ അത് അപകടമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടും പണ്ടാരാണ്ടോ കൊടുത്തു എന്നുപറഞ്ഞിട്ട് ഇപ്പോൾ ഈ വന്നിരിക്കുന്ന അപകടത്തെ തടഞ്ഞിട്ട് അത് മൂടിവച്ചിട്ട് ഈ കമ്പനികളെ സഹായിക്കുന്ന അങ്ങയുടെ സഹപ്രവർത്തകരായ വകുപ്പുമന്ത്രിമാരുടെ നിലപാടിന് ഒരു മാറ്റം വരുത്തുവാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. മമ്മൂട്ടി: നിങ്ങളുടെ പല ചെയ്തികളും ദീർഘ ദൃഷ്ടിയില്ലാത്തതാണെന്ന് കേരളത്തിലെ ജനങ്ങൾക്കറിയാം. സ്വാഭാവികമാണ്. അങ്ങനെ ദീർഘദൃഷ്ടി ഇല്ലാതെ എടുത്തുചാടിയതിന്റെ ദുരനുഭവം കേരളത്തിലെ ജനങ്ങൾ അനുഭവിക്കുമ്പോൾ അത്തരം ഒരവസ്ഥ ഇനി ഉണ്ടാകാതിരിക്കാനാണ് ഇത്തരം ബില്ലുപോലും ബഹുമാനപ്പെട്ട ജലവിഭവവകുപ്പു മന്ത്രി കൊണ്ടുവന്നിരിക്കുന്നത്. അതാണ് ഞങ്ങളുടെ ഈ ഗവൺമെന്റിനോടുള്ള നയം.

ശ്രീ. കെ. കെ. രാമചന്ദ്രൻമാസ്റ്റർ: ശ്രീ. ചന്ദ്രൻ പറഞ്ഞത് കുപ്പികഴുകാനാണെന്ന്; ശ്രീ. ദേവകുമാർ പറഞ്ഞത് അവരുടെ കാലത്ത് തെറ്റ് ചെയ്തു. അതിപ്പോൾ തിരുത്തിക്കൂടെ എന്നുള്ളതാണ്. ഏതാണ് സത്യം?

ശ്രീ. സി. മമ്മൂട്ടി: അവർക്ക് തെറ്റുതിരുത്താനുള്ള അവസരം ഈ ഒരു ചർച്ചയിലെങ്കിലും കിട്ടിയാൽ ഭാഗ്യമാണെന്ന് വിശ്വസിക്കുന്നതു കൊണ്ടാണ് പറഞ്ഞത്. നിങ്ങൾ ദീർഘദൃഷ്ടി ഇല്ലാതെ ചെയ്ത ഒരു അവസ്ഥാവിശേഷമാണ്. നിങ്ങൾ എപ്പോഴെങ്കിലും അധികാരത്തിൽ വരുമ്പോൾ ഇനിയെങ്കിലും അത് ആവർത്തിക്കാതിരിക്കാനുള്ള ഒരു സംരക്ഷണം ഈ കേരളത്തിലെ ജനങ്ങൾക്ക് ഇത്തരം ഒരു ബില്ലിലൂടെ ഗവൺമെന്റ് ഉറപ്പു വരുത്തുകയാണ്. ഏതായിരുന്നാലും.....

ശ്രീ. എൻ. ശക്തൻ: ഇടതുപക്ഷ മുന്നണിക്ക്, അവർ അധികാരത്തിൽ വരുമ്പോൾ തെറ്റുകൾ ചെയ്തിട്ട് പ്രതിപക്ഷത്തിരിക്കുമ്പോൾ തിരുത്തുകയും ചെയ്യുന്ന ഒരു നയമുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: തീർച്ചയായിട്ടും അതവർക്കറിയാം.

ശ്രീ. എ. കെ. ബാലൻ: ശാസ്ത്രജ്ഞൻമാരുടെ ഇടയിൽ ഇപ്പോൾ രണ്ടഭിപ്രായമുണ്ട്. ഗ്രൗണ്ട്വാട്ടർ ഈ രൂപത്തിൽ ചൂഷണം ചെയ്യപ്പെടുന്നതിന്റെ ഭാഗമായി ഉപരിതല വെള്ളത്തിന്റെ പരപ്പ് കുറയുന്നതിനിടവരും എന്നുള്ള ഒരു വാദമുണ്ട്. ഒരു പരിതഃസ്ഥിതിയിലും ഉപരിതല വെള്ളത്തെ ബാധിക്കില്ല എന്നുള്ള അഭിപ്രായവുമുണ്ട്. ശാസ്ത്രജ്ഞൻമാരിൽത്തന്നെ രണ്ടഭിപ്രായമുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്ക് ഇതുസംബന്ധിച്ചുള്ള അഭിപ്രായമെന്താണ്?

ശ്രീ. സി. മമ്മൂട്ടി: മഴവെള്ളം ഊർന്നിറങ്ങിയാണ് ഭൂഗർഭ ജലത്തിന്റെ വിതാനം ഉയരുന്നത് എന്നാണ് പല പഠനങ്ങളും തെളിയിച്ചിട്ടുള്ളത്. സ്വാഭാവികമായും മഴവെള്ളം തടഞ്ഞുനിർത്തുകയാണെങ്കിൽ ഭൂഗർഭ ജലവിതാനം ഉയരും. മഴവെള്ളം സംഭരിക്കുന്നതിനുള്ള സംവിധാനമുണ്ടായാൽ തീർച്ചയായും ഭൂഗർഭ ജലത്തിന്റെ വിതാനം ഉയർത്താൻ കഴിയും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അതാണ് പഠനങ്ങൾ തെളിയിക്കുന്നത്. ഏതായാലും മഴവെള്ളം നമ്മൾ സംഭരിക്കുകയും അത് ഉപയോഗിക്കുകയും ചെയ്യുന്നത് നമ്മുടെ നാട്ടിൽ ആദ്യമാണ്. ലോകത്തുതന്നെ ഏറ്റവും വലിയ വിമാനത്താവളമായ ഫ്രാങ്ക്ഫർട്ടിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത് മഴവെള്ളം മാത്രമാണ്. അതുപോലെ മഴവെള്ളം

സംഭരിച്ചു നിർത്തിക്കഴിഞ്ഞാൽ വിവിധ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും എന്ന് ഇപ്പോൾത്തന്നെ വ്യാപകമായി അവബോധം വന്നതിനെത്തുടർന്ന് പലരും മഴക്കുഴി എന്ന ആശയം ആവിഷ്ക്കരിച്ച് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പലരും കൃഷി നടത്തുന്നതിനുപരി ഇങ്ങനെ സംഭരിച്ച മഴവെള്ളം വലിയ വിലയ്ക്ക് വിൽപ്പന നടത്താൻ പോലും സാധിച്ചിട്ടുണ്ടെന്ന് കേരളത്തിലെ പല റിപ്പോർട്ടുകളിൽനിന്നും തെളിയുകയാണ്. പുതിയ കെട്ടിടം ഉണ്ടാകുമ്പോൾ എല്ലാ പുതിയ കെട്ടിടങ്ങൾക്കും മഴവെള്ള സംഭരണി ഉണ്ടായിരിക്കണമെന്ന് നിർബന്ധിക്കണം. തമിഴ്നാട്ടിൽ ഇപ്പോൾ അത് ചെയ്തുകഴിഞ്ഞു. കേരളത്തിലും അത് നിർബന്ധമായി പ്ലാനിന്റെ ഭാഗമായി മാറ്റാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇന്ന് നെൽകൃഷി നമ്മുടെ നാട്ടിൽ നിന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ നെല്ലിന് നല്ല വിലയുള്ളതുകൊണ്ട് കുട്ടനാടൻ മേഖലയിൽ നെൽകൃഷി നടക്കുന്നുണ്ട്. വയനാട് പോലുള്ള പ്രദേശങ്ങളിലും മുമ്പ് നെൽകൃഷി വ്യാപകമായി ഉണ്ടായിരുന്നു. അന്ന് നെൽകൃഷിയുടെ ഭാഗമായി ഒരുപാട് കാലം വെള്ളം കെട്ടിനിർത്തും. വയലുകളിൽ വെള്ളം കെട്ടിനിർത്തുമ്പോൾ സ്വാഭാവികമായും പശ്ചിമയുള്ള വയനാട് പോലുള്ള പ്രദേശത്തെ ജല വിതാനം ഉയർത്താനും കുടിവെള്ളത്തിന് ക്ഷാമമില്ലാതെ സംരക്ഷിക്കുവാനും സാധിച്ചിട്ടുണ്ട്. മഴക്കുഴി എന്നു പറയുന്നതുപോലെയാണ് വയനാട്ടിൽ ഇപ്പോൾ കാപ്പിക്കുഴി. ഓരോ കാപ്പിക്കും കുഴിവെട്ടി മഴവെള്ളം അതിലൂടെ സംഭരിക്കുന്നതിനും ജലവിതാനം ഉയർത്തുന്നതിനും സാധിക്കും. കാപ്പിക്ക് വിലയില്ലാത്തതുകൊണ്ട് കൃഷിക്കാർ കുഴിവെട്ടുന്നതിനോ അതിനെ സംരക്ഷിക്കുന്നതിനോ സാധിക്കാത്ത അവസ്ഥയിലാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് കൃഷിവകുപ്പുമായി ആലോചിച്ച് മഴവെള്ള സംഭരണത്തിന്റെ ഭാഗമായി കാപ്പികൃഷിക്ക് കാപ്പിക്കുഴി വെട്ടുന്നതിനും അതിലൂടെ സംഭരണം നടത്തി ജലവിതാനം ഉയർത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം എന്നാണ്. അതുപോലെതന്നെ നമ്മുടെ നാട്ടിൽപറയും തെങ്ങിന് തടം വെട്ടുക എന്ന്. തെങ്ങിലൂടെ ഊർന്നുവരുന്ന ജലം സംഭരിച്ച് ഭൂമിയിലേക്ക് ഇറക്കാൻ സാധിക്കും. ഇന്ന് അത് നടക്കുന്നില്ല. കാരണം ഇന്ന് പെട്ടെന്ന് വിളവെടുക്കുക എന്നുള്ളതാണ്. വിള സംരക്ഷിക്കുന്നതിന് വേണ്ടത്ര ശ്രദ്ധയില്ലാത്തതുകൊണ്ടുതന്നെ ഇത്തരം കാര്യങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിന് കൃഷിവകുപ്പുമായി ആലോചിച്ചുകൊണ്ട് ഇത്തരം സംരംഭങ്ങൾ ജലവകുപ്പ് നടത്തണമെന്നാണ് ഈ അവസരത്തിൽ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ മരം വച്ചുപിടിപ്പിക്കുന്നതിന് ഫോറസ്റ്റ് വകുപ്പ് ശ്രദ്ധിക്കേണ്ടതാണ്. വനവൽക്കരണത്തിന്റെ ഭാഗമായി അക്കേഷ്യ വച്ചു പിടിപ്പിച്ചപ്പോൾ വെള്ളം മുഴുവൻ ഊറ്റി വലിച്ചെടുത്തു. അതോടുകൂടി വെള്ളത്തിന്റെ സംഭരണം കുറയാനിടയായി. അതുപോലെ പലസ്ഥലത്തും ഡ്രെയിനേജ് നിർമ്മിക്കുകയാണ്. നമ്മുടെ റോഡുകളുടെ സൈഡിലൂടെ ഡ്രെയിനേജ് നിർമ്മിക്കുമ്പോൾ അടിഭാഗം കോൺക്രീറ്റ് ചെയ്ത് വെള്ളം ഭൂമിയിലേക്ക് ഇറങ്ങുന്നതിനുള്ള സംവിധാനം ചെയ്യാൻ പ്രത്യേകം നിർദ്ദേശം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോൾ പി.ഡബ്ലിയു.ഡി. ഇരുന്നൂറോളം പാലങ്ങൾ നിർമ്മിക്കാൻ പോകുകയാണ്. ഇനി കേരളത്തിൽ പാലം നിർമ്മിക്കുമ്പോൾ അടിയിൽ ബ്രിഡ്ജിന്റെ പില്ലർ നിർമ്മിക്കുന്ന സ്ഥലത്ത് തൂണുകൾ ബന്ധിപ്പിക്കാൻ ചെറിയ തടയണകൾ നിർമ്മിച്ചാൽ വെള്ളം ഭൂമിയിലേയ്ക്ക് ഊർന്നിറങ്ങുന്നതിന് സഹായകമാകും. അതിനായി ഒരു ചെറിയ തുക ബഡ്ജറ്റിൽ വിഹിതത്തിൽ ഉൾകൊള്ളിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. പി.ഡബ്ല്യു.ഡി. നിർമ്മിക്കുന്ന എല്ലാ പാലത്തിന്റേയും അടിയിൽ തൂണുകളെ ബന്ധിപ്പിക്കുന്ന ചെറിയ തടയണ നിർമ്മിക്കുകയാണെങ്കിൽ അവിടെ വെള്ളം സംഭരിക്കാനും അങ്ങനെ ഓരോ സ്ഥലത്തും ജലം സംഭരിക്കാനും അത് ഭൂമിയിലേക്ക് ഊർന്നിറങ്ങുന്നതിനും സഹായകമായ സംവിധാനമുണ്ടാക്കാൻ കഴിയും. പി.ഡബ്ല്യു.ഡി. പാലം നിർമ്മിക്കുന്നതിന് നിർദ്ദേശം കൊടുത്താൽ, അതിന്റെ ടെന്ററിൽ ചെറിയ തുക മാറ്റിവച്ചാൽ ഇത്തരം ഒരു സംവിധാനമുണ്ടാക്കാൻ കഴിയും. അതിനെക്കുറിച്ച് ആലോചിക്കുന്നത് നന്നായിരിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊന്ന് മഴവെള്ള സംഭരണം ഇപ്പോൾ വ്യാപകമായി നടക്കുകയാണ്. എനിക്ക് ഒരു സംശയമുള്ളത്, ഗവൺമെന്റ് ഗൗരവമായി

12.00 noon] ആലോചിക്കേണ്ട വിഷയമാണ്. മലയോര മേഖലയിലെ മണ്ണ് ദൈവിക സൃഷ്ടിയിൽ തന്നെ വെള്ളം വലിച്ചെടുക്കാത്ത പശിമയുള്ള മണ്ണാണ്. അതുകൊണ്ടു തന്നെ മഴ പെയ്യുമ്പോൾ മരങ്ങളും വനങ്ങളും പുൽത്തകിടികളുമൊക്കെ വെള്ളം ഊർന്ന് ഈർപ്പമുള്ളതായി തീർക്കുവാനും സംഭരണത്തിനുമുള്ള സംവിധാനമുണ്ട്. അതേ അവസരം അവിടുത്തെ കൃഷി വിഭവങ്ങളൊക്കെ വെള്ളം തടഞ്ഞു നിർത്താനുള്ള സംവിധാനത്തിലാണ് ഉണ്ടാക്കാറുള്ളത്. പക്ഷേ മലയോര മേഖലയിൽ അനിയന്ത്രിതമായ രീതിയിൽ മഴവെള്ള സംഭരണികളുണ്ടായാൽ ഉരുൾപൊട്ടലിന് വിധേയമാകുമോ എന്ന് ഗൗരവമായി ചിന്തിക്കേണ്ടതുണ്ട്. കാരണം 2,500 അടി ഉയരത്തിലുള്ള വയനാട്, ഇടുക്കി എന്നിങ്ങനെയുള്ള ഹൈറേഞ്ചിൽ നിൽക്കുന്ന ഭൂമിയിൽ ഉരുൾപൊട്ടലുണ്ടാകുന്നത് ഭവിഷ്യത്തുകൾ ഉണ്ടാക്കുമെന്നുള്ളതുകൊണ്ട് അത് പഠന വിധേയമാക്കണം. ഇത്തരം ജല സംഭരണികൾ വ്യാപകമായി, ജനകീയമായി നടത്തുമ്പോൾ, ഇത്തരം സംഭരണികൾ പ്രകൃതി വിരുദ്ധമായ വല്ല സംവിധാനവും ഉണ്ടാക്കുമോ എന്ന ഭയാശങ്ക അകറ്റുന്നതിനുവേണ്ടിയുള്ള ശാസ്ത്രീയ പഠനത്തിന് വിധേയമാക്കണം എന്നു കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ വരൾച്ച വന്നപ്പോൾ പല കിണറുകളിലും ആഴം കൂട്ടാൻ ഇഷ്ടം പോലെ പണം കൊടുത്തു. അനുഭവത്തിൽ നിന്ന് പറയുകയാണ്, പല കിണറുകളുടെയും ആഴം കൂട്ടിയപ്പോൾ വെള്ളത്തിന്റെ വിതാനം താഴ്ന്ന് പോകുന്നതായാണ് കണ്ടത്. ആഴം കൂട്ടിയതുകൊണ്ട് പ്രത്യേകിച്ച് പ്രയോജനം കാണുന്നില്ല. ജലവിതാനം ഉയർത്താനായി മഴവെള്ളം സംഭരിക്കുക എന്നല്ലാതെ ആഴം കൂട്ടുന്നതോടുകൂടി വെള്ളത്തിന്റെ വിതാനം ഉയരും എന്നു പറയുന്നത് തെറ്റാണ്. കഴിഞ്ഞകാല അനുഭവം വച്ച് പറയാം ആഴം കൂട്ടിയ കിണറുകളിലൊക്കെ ജലത്തിന്റെ വിതാനം താഴ്ന്ന് പോകുന്ന അവസ്ഥയാണ് കണ്ടിട്ടുള്ളത്. അതുകൊണ്ട് ഇതുകൂടി പഠന വിധേയമാക്കണം. എന്നിട്ടു മാത്രമേ ഇത്രയും തുക വിനിയോഗിക്കാൻ പാടുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

അതുകൂടി ശ്രദ്ധിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഞാനെന്റെ ഭേദഗതി നിർദ്ദേശിക്കുകയാണ്. ഭേദഗതി ചെയ്യുമ്പോൾ, **ഭൂജല** വിനിയോഗം എന്നു പറയുന്ന ക്ളാസ്സിൽ, പമ്പ് ചെയ്യുന്ന കിണറുകൾ എന്ന് പറയുന്നുണ്ട്. പമ്പ് ചെയ്യുന്ന എല്ലാ കിണറുകളും ഇതിന്റെ ഭാഗമായി വരുമോ എന്നുള്ളത് കൂടി പരിശോധിക്കണം. എല്ലാ കിണറുകളും അങ്ങനെ വരുന്ന ഒരു അവസ്ഥയുണ്ടെങ്കിൽ അത് ദോഷം ചെയ്യും. ഇതുകൂടി ഭേദഗതി ചെയ്ത് അന്തിമ വിശകലനത്തിന് വിധേയമാക്കണം.

ശ്രീ. പി. നാരായണൻ: ബഹുമാനപ്പെട്ട അംഗം ഇതേക്കുറിച്ച് വളരെ സമഗ്രമായ ചർച്ചയാണ് നടത്തിയത്. നമ്മുടെ നദികളിലെ മണൽവാരൽ മൂലമാണ് ജലവിതാനം താഴ്ന്നുപോകുന്നത്. അതുപോലെ കുളത്തിലും കിണറുകളിലും വെള്ളം നഷ്ടപ്പെട്ടു പോകുന്ന കാര്യത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗത്തിന് അറിയാമോ?

ശ്രീ. സി. മമ്മൂട്ടി: തീർച്ചയായിട്ടും. ഇത് വളരെ ശരിയാണ്. കഴിഞ്ഞ ദിവസം സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയിലെ ചർച്ചയിൽ, വ്യാപകമായി നടത്തുന്ന മണൽ വാരൽ സംബന്ധിച്ചിടത്തോളം ഇതിങ്ങനെ അനിയന്ത്രിതമായി തുടർന്നാൽ, കർശന നിയന്ത്രണം ഏർപ്പെടുത്തിയില്ലെങ്കിൽ പ്രകൃതി വിരുദ്ധമായ അസന്തുലിതാവസ്ഥ നമ്മുടെ നാട്ടിൽ ഉണ്ടാകും എന്ന അഭിപ്രായമുണ്ടായി. തീർച്ചയായും അത് പരിഗണിക്കേണ്ട കാര്യമാണ്. ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ: സർ, ഇതൊരു ഭേദഗതി നിയമമാണ്, ഒരു ചെറിയ കാര്യമാണ് എന്നാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. നേരത്തെ ഈ ബിൽ ഇവിടെ
12.00 noon] അവതരിപ്പിച്ച് നിയമമാക്കുന്ന സന്ദർഭത്തിൽ ദൗർഭാഗ്യകരമായ ഒരു അവസ്ഥാവിശേഷം ഈ നിയമസഭയിൽ ഉണ്ടായി. ചില പ്രത്യേക പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ പ്രതിപക്ഷം ഒന്നടങ്കം നിയമസഭാ നടപടികൾ ബഹിഷ്ക്കരിച്ച സന്ദർഭത്തിലാണ് ഈ ഒറിജിനൽ നിയമം ഇവിടെ അവതരിപ്പിച്ച് പാസ്സാക്കിയത്. അതുകൊണ്ട് ഇതിന്റെ നാനാ വശങ്ങളേക്കുറിച്ചും ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളവും സമഗ്രമായ ഒരു ചർച്ച ഈ സഭയിൽ നടന്നില്ല. അതുകൊണ്ട് അതിന്റേതായ ദോഷങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ച ജനകീയ രോഷം കേരളത്തിൽ അങ്ങോളമിങ്ങോളം നിലനിൽക്കുകയാണ്. ഇത് ഒരു ഭേദഗതി നിയമമാണ്, ഇത് പാസ്സാക്കേണ്ടതാണ് എന്ന് ഒഴുക്കൻ മട്ടിൽ പറയുമ്പോൾ തന്നെ ഈ നിയമത്തിന്റെ ഉദ്ദേശശുദ്ധിയെ സംബന്ധിച്ചിടത്തോളം കേരളത്തിൽ അങ്ങോളമിങ്ങോളം ജനമധ്യത്തിൽ നിലനിൽക്കുന്ന ആശങ്കയും, ഉത്കണ്ഠയും അകറ്റുന്നതിന് ഈ സഭയ്ക്കും ഗവൺമെന്റിനും ഉത്തരവാദിത്വമുണ്ട്. അടിസ്ഥാനപരമായി ഭൂഗർഭ ജലത്തെക്കുറിച്ച്, ജലത്തെക്കുറിച്ച് നമ്മുടെ സങ്കല്പം എന്താണ്? നമ്മുടെ ധാരണ എന്താണ്? കായ്-കനികൾ ഭക്ഷിച്ച്, കാട്ടാറിലെ വെള്ളം കുടിച്ച്, കാട്ടു മൃഗങ്ങളെ വേട്ടയാടി മനുഷ്യൻ കഴിഞ്ഞ മാനവ സംസ്കാരത്തിന്റെ ആദ്യ കാലം മുതൽ

LIBRARY ARCHIVES Kerala Legislative Assembly

വെള്ളത്തെ പ്രകൃതിയുടെ വരദാനമായിട്ടാണ് നാം കണക്കാക്കി പോന്നത്. ഇപ്പോൾ ഉയർന്നു വന്നുകൊണ്ടിരിക്കുന്ന സമീപനം വെള്ളത്തെ വിൽപ്പന ചരക്കാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ബഹുരാഷ്ട്ര കുത്തക കമ്പനികൾ ദുഷ്ടലാക്കോടെ, കച്ചവടക്കണ്ണോടുകൂടി ഈ മേഖലയിലേയ്ക്ക് കടന്നു വന്നതോടു കൂടി വെള്ളം പ്രകൃതിയുടെ വരദാനമാണെന്നുള്ള മാനവരാശിയുടെ സങ്കൽപ്പത്തിൽ നിന്നും വ്യത്യസ്തമായി വെള്ളം ഒരു വിൽപ്പന ചരക്കായി മാറിക്കൊണ്ടിരിക്കുകയാണ്. നമ്മൾ 21-ാം നൂറ്റാണ്ടിൽ നിൽക്കുകയാണ്. പിന്നിട്ട രണ്ടു നൂറ്റാണ്ടുകൾ. കഴിഞ്ഞ ഇരുപതാം നൂറ്റാണ്ട് രണ്ട് ലോക മഹായുദ്ധങ്ങൾ കണ്ട നൂറ്റാണ്ടാണ്. ഇനിയും ഒരു ലോകമഹായുദ്ധം ഉണ്ടാകരുതെന്നാണ് നമ്മളെല്ലാം ആഗ്രഹിക്കുന്നത്. ഇനിയൊരു ലോകമഹായുദ്ധം ഉണ്ടാകുകയാണെങ്കിൽ അത് വെള്ളത്തിന്റെ പേരിലുള്ള യുദ്ധമാകും എന്നുള്ളതാണ് ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുള്ളവർ, ദീർഘദർശനത്തോടെ ഈ പ്രശ്നത്തെ കാണുന്നവർ പറയുന്നത്. അതുകൊണ്ടു തന്നെ വളരെ വ്യക്തമായി ഈ പ്രശ്നത്തെ നാം കാണേണ്ടതായിട്ടുണ്ട്. എന്താണ് ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ റോൾ? അപ്പുറത്തും ഇപ്പുറത്തും, അങ്ങോട്ടുമിങ്ങോട്ടും ആക്ഷേപം ഉന്നയിക്കാറുണ്ട്. ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് ചില മേഖലകൾ ആകാം. സാങ്കേതിക വിദ്യയുടെ രംഗത്ത് ആകാം എന്ന് പറയുന്നവരുണ്ട്. ബഹുരാഷ്ട്ര കുത്തക കമ്പനികൾ ഏത് മംഗത്ത് കടന്നു വന്നാലും അപകടകരമാണെന്ന് അടിസ്ഥാനപരമായി വിശ്വസിക്കുന്ന ഒരു ദർശനത്തിന്റെ ആളാണ് ഞാൻ. ബഹുരാഷ്ട്ര കുത്തക കമ്പനികൾ നമ്മുടേതു പോലുള്ള രാജ്യങ്ങളിലേയ്ക്ക് കടന്നു വരുന്നത് നമ്മുടെ താൽപ്പര്യം സംരക്ഷിക്കാനല്ല, അവരുടെ താൽപ്പര്യം സംരക്ഷിക്കാനാണ്. 1980-ന് ശേഷമാണ് അതായത് സ്വാതന്ത്ര്യ പ്രാപ്തിയുടെ മൂന്ന് ദശകങ്ങൾ കഴിഞ്ഞശേഷമാണ് ബഹുരാഷ്ട്ര കുത്തക കമ്പനികൾ വ്യാപകമായി ഇവിടേയ്ക്ക് കടന്നു വന്നത്. കണക്കുകൾ പരിശോധിച്ചാൽ ഇവിടെ നിക്ഷേപം യഥേഷ്ടം നടത്തി വമ്പിച്ച ലാഭം കൊയ്തെടുത്തുകൊണ്ടുപോകാനുള്ള അവസരം അവർക്ക് നൽകിയത് 1980 മുതലാണ്. രണ്ടാമത് അടിയന്തിരാവസ്ഥ കാലത്ത് അധികാരം നഷ്ടപ്പെട്ട ശേഷം ഇന്ദിരാഗാന്ധി അധികാരം ഏറ്റെടുത്ത് കടന്നു വന്നത് ബഹുരാഷ്ട്ര കുത്തക കമ്പനികൾക്ക് കൂടുതൽ സൗകര്യം കൊടുക്കാനുള്ള അച്ചാരവും വാങ്ങിയാണ്. അവർ ഇവിടെ യഥേഷ്ടം കൊണ്ടുവന്ന് നിക്ഷേപം നടത്താൻ, ഇവിടുത്തെ സമ്പത്ത് കൊള്ളയടിച്ചുകൊണ്ടുപോകാൻ അവസരം നൽകുന്നതിനുവേണ്ടി നേരത്തെ അവരുടെ പിതാവ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും ഇവിടെ കൊണ്ടു വന്ന MRTP-Monopolies Restrictive and Trade Practices Act, കുത്തക നിയന്ത്രണ വ്യാപാര നിയമം FERA-Foreign Exchange Regulation Act, വിദേശ നാണയ നിയന്ത്രണ നിയമം ഇതൊക്കെ തന്നെ അയവുകൾ വരുത്തിക്കൊണ്ടാണ് അവർക്ക് ഇവിടെ വരാനുള്ള അവസരം നൽകിയത്. ഈ ബഹുരാഷ്ട്ര കുത്തക കമ്പനികൾ ഇന്ന് ജീവിതത്തിന്റെ സമസ്ത മേഖലകളിലും വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. അവർക്ക് കേവലം സാമ്പത്തികമായ ലക്ഷ്യങ്ങൾ മാത്രമല്ല ഉള്ളത്. കഴിഞ്ഞ മൂന്ന് ദശാബ്ദങ്ങളായുള്ള ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിച്ചാൽ നമ്മുടെ തൊട്ടയൽ രാജ്യമായ ബംഗ്ലാദേശിലെ മുജീബ് റഹ്മാന്റെ വധം, ചിലി അലണ്ടെയുടെ വധം ഇതിന്റെയൊക്കെ പിന്നിൽ ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ ചാരസംഘടനകളുണ്ടായിരുന്നു എന്ന് കാണാൻ കഴിയും. ഈ പശ്ചാത്തലത്തിലാണ് ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ നമ്മുടെ വാട്ടർ മാനേജ്മെന്റ് രംഗത്ത് ആസൂത്രിതമായ ഗൂഢാലോചനയുടെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പരിപാടികളെ നാം വിലയിരുത്തേണ്ടത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നയുടൻ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗമുണ്ടായിരുന്നു. അത് ഈ ഗവണ്മെന്റാണ് തയ്യാറാക്കിക്കൊടുത്തത്. ബഹുരാഷ്ട്ര കുത്തക കമ്പനികൾക്കുവേണ്ടി ലോകബാങ്കിനുവേണ്ടി അന്തർദേശീയ നാണയനിധിക്കുവേണ്ടി അവരിലൂടെ ലോകമുതലാളിത്ത ശക്തികൾക്കുവേണ്ടി നമ്മുടെ ഗവണ്മെന്റ് വിവിധ തലങ്ങളിൽ നിഗൂഢമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഉദ്യോഗസ്ഥന്മാരാണ് എന്നാണ് ഞാൻ ബലമായി വിശ്വസിക്കുന്നത്. അതിൽ പറഞ്ഞിരുന്നു കുടിവെള്ള പദ്ധതികൾ മുതൽ ടൗൺഷിപ്പ് നിർമ്മാണം വരെയുള്ള മേഖലകളിൽ സ്വകാര്യ പങ്കാളിത്തമുണ്ടാകുമെന്ന്. അർത്ഥശങ്കയ്ക്ക് ഇടയില്ലാത്തനിലയിൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിരുന്നു. അതിനുശേഷം ഈ നിയമമുണ്ടാകുമ്പോൾ ആ ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി അത് ദുരുപയോഗപ്പെടുത്താൻ കഴിയുന്ന ഒന്നായി മാറുമെന്ന ഭയം ജനമദ്ധ്യത്തിൽ നിലനിൽക്കുകയാണ്. ഈ നിയമം നടപ്പാക്കിക്കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുണ്ടാകുന്നത് കൃഷിക്കാർക്കാണ്. പാവപ്പെട്ട കർഷകൻ, കാർഷികാവശ്യങ്ങൾക്കും വീട്ടാവശ്യങ്ങൾക്കും കിണർ കുഴിക്കുമ്പോൾ അല്ലെങ്കിൽ ബോർവെൽ കുഴിക്കുമ്പോൾ അവർ അതിന്റെ രജിസ്ട്രേഷനുവേണ്ടി, അതിന്റെ ലൈസൻസിനുവേണ്ടി ജലവിഭവ വകുപ്പിന്റെ വിവിധ ഓഫീസുകളുടെ പടിക്കൽ കാത്തുകിടക്കേണ്ട അവസ്ഥയും ഉദ്യോഗസ്ഥന്മാർക്ക് കൈക്കൂലി കൊടുക്കേണ്ട സ്ഥിതിയും വരും. പക്ഷെ, ഇന്ന് ഈ ഭൂഗർഭജലം ഏറ്റവും കൂടുതൽ ചൂഷണം ചെയ്യുന്നത് ആരാണ്? പാലക്കാട് ജില്ലയിൽ മാത്രം ഐ.ടി.ഐ. 6 ലക്ഷം ലിറ്റർ ഭൂഗർഭജലം ചൂഷണം ചെയ്യുന്നുവെന്നാണ് കണക്ക്. United Breweries - 8 ലക്ഷം ലിറ്റർ, Pepsi cola - 15 ലക്ഷം ലിറ്റർ, Chaaya Industries - 6 ലക്ഷം ലിറ്റർ, Papspin - 3 ലക്ഷം ലിറ്റർ, Preecoatmill - 3 ലക്ഷം ലിറ്റർ, Kerala Distilleries - 4 ലക്ഷം ലിറ്റർ, EMPEE Distilleries - 6 ലക്ഷം ലിറ്റർ, Kerala Alcoholic Products - 6 ലക്ഷം ലിറ്റർ, Amrutha Distilleries - 5 ലക്ഷം ലിറ്റർ, കോട്ടയ്ക്കൽ ആര്യ വൈദ്യശാലയുടെ രണ്ട് യൂണിറ്റുകൾ (2+2) - 4 ലക്ഷം ലിറ്റർ Indurson Edappally - 1 ലക്ഷം ലിറ്റർ, Silcan - 1 ലക്ഷം ലിറ്റർ, Steel and Re-rolling - 4 ലക്ഷം ലിറ്റർ, Calcium Carbide - 4 ലക്ഷം ലിറ്റർ, Carbarandum Company - 2 ലക്ഷം ലിറ്റർ, Malabar Cements - 8 ലക്ഷം ലിറ്റർ, Rubfilla - 3 ലക്ഷം ലിറ്റർ, Craze Candies - 1 ലക്ഷം ലിറ്റർ, Victory Paper and Board - 3 ലക്ഷം ലിറ്റർ, Prima Agro Solvent - 3 ലക്ഷം ലിറ്റർ, Silverline Minerals -3 ലക്ഷം ലിറ്റർ, Surabhi Mineral Water - അവരുടെ കണക്ക് കിട്ടിയിട്ടില്ല. കൊക്കകോള അവകാശപ്പെടുന്നത് 8 ലക്ഷം ലിറ്ററാണ് പക്ഷെ 15 ലക്ഷം ലിറ്റർ

LIBRARY ARCHIVES Kerala Legislative Assembly

അവർ ചൂഷണം ചെയ്യുന്നു. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ അമിതമായി, യാതൊരു നിയന്ത്രണവുമില്ലാതെ, നേരത്തെ ആരോ പരാമർശിച്ചതുപോലെ ഇതിന്റെ ജലക്കരമോ മറ്റ് ചാർജ്ജോ കൊടുക്കാതെ അമിതമായ രീതിയിൽ ഭൂഗർഭജലം ചൂഷണം ചെയ്യുന്ന ഈ വ്യവസായ കമ്പനികളുടെ നേർക്ക് ഒരു നിയന്ത്രണ മേർപ്പെടുത്താൻ ഈ നിയമം കൊണ്ട് കഴിയുമെന്ന് പ്രതീക്ഷിക്കുന്നില്ല. കഴിയുമായിരുന്നുവെങ്കിൽ കൊക്കകോള കമ്പനിയുടെ കാര്യത്തിൽ പെരുമാട്ടി പഞ്ചായത്തിൽ അവർക്ക് ലൈസൻസ് കൊടുക്കാതിരിക്കാൻ തീരുമാനിച്ചപ്പോൾ, ലൈസൻസ് റദ്ദ് ചെയ്യാൻ തീരുമാനിച്ചപ്പോൾ അതിനെ സ്റ്റേ ചെയ്യാൻ ഈ ഗവണ്മെന്റ് മുന്നോട്ടു വരുമായിരുന്നില്ല. ഇപ്പോൾ പാവപ്പെട്ട കർഷകരെ ദ്രോഹിക്കുകയാണ്. അവരുടെ കൃഷിയാവശ്യത്തിനും ഗാർഹികാവശ്യത്തിനും വെള്ളമെടുക്കുന്നത് തടയുക അല്ലെങ്കിൽ അവർ അതെടുക്കാനുള്ള ശ്രമത്തിൽ മുന്നോട്ടു പോകുമ്പോൾ അതിനുവേണ്ടി സർക്കാർ ഓഫീസ് പടിക്കൽ കാത്തുനിൽക്കേണ്ടിവരിക, സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് കൈക്കൂലി കൊടുക്കേണ്ടി വരിക ഈ അവസ്ഥാവിശേഷത്തിലേയ്ക്ക് അവരെ എത്തിക്കുക യാണ് ഈ നിയമംകൊണ്ട് ഫലത്തിൽ ഉണ്ടാകുന്നത്. നമ്മുടെ ഭൂഗർഭജലം സംബന്ധിച്ച് പ്രശ്നങ്ങൾ വളരെ ഗൗരവതരമാണ്. പ്ലാച്ചിമടയിൽ അടുത്തകാലത്ത് ഒരു ലോക വാട്ടർ സമ്മേളനം നടക്കുകയുണ്ടായി. ആ സമ്മേളനത്തിന്റെ പ്രഖ്യാപനമായിരുന്നു വെള്ളം പ്രകൃതിയുടെ വരദാനമാണെന്നുള്ളത്. ആ പ്രഖ്യാപനത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ടുള്ള നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകണം. ഇവിടെ പരാമർശിക്കപ്പെട്ടതുപോലെ നമ്മുടെ ഗ്രാമങ്ങളിൽ കുടിവെള്ളത്തിനുവേണ്ടി ജനങ്ങൾ കേഴുകയാണ്. അവർ അങ്ങനെ കുടിവെള്ളത്തിനു വേണ്ടി കേഴുമ്പോൾ, അവർ നോക്കിനിൽക്കെ കുപ്പികളിലാക്കി ബഹുരാഷ്ട്രകുത്തക കമ്പനികൾ വെള്ളം ചൂഷണം ചെയ്തുകൊണ്ടിരി ക്കുകയാണ്. ജനങ്ങൾ നിസ്സഹായരായി നോക്കി നിൽക്കുന്നു. മഴവെള്ളമാണ് യഥാർത്ഥത്തിൽ ഭൂഗർഭജലമായി മാറുന്നത്. ആ മഴവെള്ളം സംഭരിക്കാൻ ശാസ്ത്രീയമായ പദ്ധതികളൊന്നും ആവിഷ്ക്കരിക്കാൻ നമുക്ക് കഴിയുന്നില്ല. ഈയടുത്ത ദിവസങ്ങളിൽ പ്രകൃതി സംരക്ഷണ ദിനത്തിന്റെ ഭാഗമായി ഡൽഹിയിൽ കേരള ഹൗസിൽ ഇൻഫർമേഷൻ വകുപ്പ് ഒരു പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. അതിൽ ഒരു ഫിലിംഷോ ഉണ്ടായിരുന്നു. കേരളത്തിൽതന്നെ കാസർഗോഡ് ജില്ലയിലും മലപ്പുറം ജില്ലയിലും കർഷകർ മറ്റാരുടേയും സഹായമില്ലാതെ, ഗവണ്മെന്റിന്റെ ഒരു സഹായവുമില്ലാതെ മഴവെള്ളം ശേഖരിച്ച് നിർത്തി തങ്ങളുടെ ആവശ്യത്തിന്, തൊട്ടടുത്തുള്ള കൃഷിക്കാരുടെ ആവശ്യത്തിന്, വീട്ടാവശ്യത്തിന് വെള്ളം കൊടുക്കുന്ന ഒരു പരിപാടിയുണ്ടായിരുന്നു. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി അതൊന്ന് പരിശോധിക്കുകയും അങ്ങനെ കർഷകരെ ഇക്കാര്യത്തിൽ സഹായിക്കാൻ സർക്കാർ തലത്തിൽ കുറെ നടപടികൾ സ്വീകരിച്ച് കാൾ അവിടെയും ഇവിടെയും കളയുന്നതിനു പകരം കർഷകരെ പ്രോൽസാഹിപ്പിച്ച് മുന്നോട്ടു കൊണ്ടുവരാനുള്ള നടപടി സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഭൂഗർഭജലം കുറയുന്നതിന്റെ ഫലമായി ഭക്ഷ്യോൽപ്പാദനം നാലിലൊന്നായി ചുരുങ്ങുമെന്നാണ് ഇന്റർനാഷണൽ വാട്ടർ മാനേജ്മെന്റ് ഓഫ് ഇന്ത്യ നടത്തിയ പഠനം വ്യക്തമാക്കുന്നത്. 1980-നും 2000-നുമിടയിൽ ഇന്ത്യയിൽ 16 സംസ്ഥാനങ്ങളിലായി 4 മീറ്ററിലധികം വെള്ളം കുറഞ്ഞിട്ടുണ്ടെന്നാണ് കണക്ക്. അതിൽ കേരളത്തിലെ ചിറയിൻകീഴ്, കൊടുങ്ങല്ലൂർ, കാസർഗോഡ് എന്നീ പ്രദേശങ്ങൾ വരും. ഇന്ത്യയിൽ ആളോഹരി ജലലഭ്യത 5,000 ക്യൂ. മീറ്ററായിരുന്നത് 2,300 ക്യൂ. മീ. ആയി കുറഞ്ഞിട്ടുണ്ടെന്നാണ് കണക്ക്. ലോക ജനസംഖ്യയുടെ മൂന്നിലൊന്ന് അധിവസിക്കുന്ന പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുകയാണ്. ഈ സ്ഥിതിയിൽ കാര്യങ്ങൾ മുന്നോട്ടുപോയാൽ ഏതാണ്ട് 2025 ആകുമ്പോൾ ലോക ജനസംഖ്യയുടെ മൂന്നിൽ രണ്ട് ആളുകൾക്ക് കുടിവെള്ളം കിട്ടാത്ത അവസ്ഥാവിശേഷമുണ്ടാകും. അതുകൊണ്ട് കുടിവെള്ളം സംരക്ഷിക്കേണ്ടത് ആവശ്യമാണ്. പക്ഷെ, കുടിവെള്ളം സംരക്ഷിക്കേണ്ടത്, ഭൂഗർഭജലം സംരക്ഷിക്കേണ്ടത്, ബഹുരാഷ്ട്ര കുത്തക കമ്പനികളുടെ വിൽപ്പന ചരക്കാക്കിയുള്ള ശാസ്ത്രീയമായ ഗൂഢാലോചന അറിഞ്ഞോ അറിയാതെയോ നടപ്പിലാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് പ്രേരക ഘടകമായി ഈ സഭയും ഈ ഗവണ്മെന്റും നിന്നുകൊണ്ടല്ല. അതുകൊണ്ടുതന്നെ ഇതുസംബന്ധിച്ച് വളരെ ശക്തമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് എന്റെ സുഹൃത്ത് ശ്രീ. മമ്മൂട്ടി നെൽപ്പാടങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പറഞ്ഞു. പ്രതിപക്ഷ നേതാവ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ നെൽപ്പാടങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഉയർത്തിപ്പറഞ്ഞപ്പോൾ ഇതൊക്കെ വെട്ടിനിരത്തലാണെന്ന് ആക്ഷേപിച്ച ആളുകൾക്ക് നെൽപ്പാടങ്ങളും പാടങ്ങളും വയലേലകളും സംരക്ഷിക്കേണ്ട ആവശ്യകത ഇപ്പോഴെങ്കിലും ബോദ്ധ്യപ്പെട്ടിരിക്കുന്നതിൽ സന്തോഷമുണ്ട്. വളരെ വ്യക്തമായ ഭൂഗർഭജല വിനിയോഗവുമായി ബന്ധപ്പെട്ട ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ.....

ശ്രീ. കെ. ബാബു: ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തിയ സമരത്തെക്കുറിച്ച് അങ്ങ് പറഞ്ഞു. സംസ്ഥാനത്തിന്റെ പല മേഖലയിലും ഭൂമി നികത്തുന്ന വകയിൽ കർഷകത്തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുമെന്നതിന്റെ പേരിൽ പണം വാങ്ങി ഭൂമി നികത്തുന്നതിന് കെ.എസ്.കെ.ടി.യു. അനുവാദം കൊടുക്കുകയും ആ പണം മേളവച്ച് വിതരണം ചെയ്യുകയും ചെയ്ത കാര്യം അങ്ങേയ്ക്ക് അറിയാമോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: അങ്ങനെയൊന്നും ഉണ്ടായിട്ടില്ല. ശ്രീ. ബാബുവിനെപ്പോലെയുള്ള ആളുകൾ സൃഷ്ടിക്കുന്ന അടിസ്ഥാനരഹിതമായ ആക്ഷേപമാണ്.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട മെമ്പർ വയൽവെട്ടി നികത്തിയത് സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പണ്ട് നടത്തിയ സമരങ്ങളെക്കുറിച്ച് പറയുകയുണ്ടായി. നമ്മുടെ നാട്ടിൽ ഭരണഘടന അനുശാസിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ മാത്രം നിന്നുകൊണ്ടല്ലേ പ്രവർത്തിക്കുവാൻ കഴിയൂ. സഖാവ് വി. എസ്. അച്ചുതാനന്ദൻ ഒരു ദിവസം വെട്ടിനികത്താൻ തീരുമാനിച്ചതിൽ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിൽ നിലനിൽക്കുന്ന നിയമത്തിന്റെ പിൻബലം അതിലുണ്ടോ? അങ്ങനെയാണെങ്കിൽ നാളെ പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് ഏത് നിയമവും കയ്യിലെടുക്കാമല്ലോ? ബഹുമാനപ്പെട്ട അങ്ങയെപ്പോലുള്ള അംഗം നിയമത്തിന് വിധേയമായി പ്രവർത്തിക്കേണ്ടതിന് പകരം നിയമവിരുദ്ധമായി സഖാവ് അച്ചുതാനന്ദൻ നടത്തിയ വെട്ടിനിരത്തലിനെ ന്യായീകരിക്കുന്നത് ശരിയാണോ?

ഡോ. എ. നീലലോഹിതദാസൻ നാടാർ: ബഹുമാനപ്പെട്ട എന്റെ സുഹൃത്ത് പി. ടി. തോമസ് താമസിക്കുന്ന എം.എൽ.എ. ക്വാർട്ടേഴ്സിന്റെ അപ്പുറത്ത് യൂണിവേഴ്സിറ്റി സെനറ്റ് ഹാളിന് മുമ്പിൽ കുമാരനാശാന്റെ പ്രതിമയുണ്ട്. അകത്ത് മഹാരാജാവിന്റെ പ്രതിമയൊക്കെ സ്ഥാപിച്ചിട്ടുണ്ട്. അതിൽ എനിക്ക് വ്യത്യസ്ത അഭിപ്രായമാണുള്ളത്. അതുപോട്ടെ. അങ്ങ് കുമാരനാശാന്റെ പ്രതിമയെ കണ്ടു കൊണ്ടാണ് എല്ലാ ദിവസവും ഈ സഭയിലേയ്ക്ക് വരുന്നത്. 'മാറ്റുവിൻ ചട്ടങ്ങളെ' എന്നാണ് പറയുന്നത്. ഇന്നത്തെ നിയമലംഘനങ്ങൾ നാളത്തെ നിയമങ്ങളായി മാറുന്നതാണ് മാനവരാശിയുടെ ചരിത്രം. അതൊക്കെ മനസ്സിലാക്കണ്ടേ? എല്ലാ ചട്ടങ്ങളും അനുസരിച്ചുകൊണ്ട് കാര്യങ്ങൾ നടക്കണമെന്ന് ഈ സഭയിലെ സാമാജികന്മാർ വിചാരിച്ചാൽ പിന്നെ ഒരുമാറ്റവും ഈ ലോകത്ത് ഉണ്ടാകില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ കർഷകത്തൊഴിലാളികൾ നടത്തിയ സമരത്തെ അപഹസിക്കുന്ന വിധത്തിൽ അന്ന് പറഞ്ഞതാണ് ഈ വെട്ടിനിരത്തൽ എന്ന വാക്ക്. അങ്ങനെ ഒരു വെട്ടിനിരത്തൽ സമരമേ ഈ കേരളത്തിൽ നടന്നിട്ടില്ല. ഇവിടെ കർഷകത്തൊഴിലാളികൾ നടത്തിയത് വയലുകൾ നികത്തുന്ന സ്ഥലത്തുപോയി കർഷകത്തൊഴിലാളികളുടെ കൊടികെട്ടി ഇത് നികത്താൻ പാടില്ല എന്ന നിലപാടെടുക്കുകയാണുണ്ടായത്. നെൽപ്പാട സംരക്ഷണം. അതിനുവേണ്ടി ജനങ്ങളെ അണിനിരത്തിക്കൊണ്ട് അവിടെ ഒരു പ്രക്ഷോഭണം നടത്തി. ഇതിനെയാണ് വെട്ടിനിരത്തൽ എന്നുപറഞ്ഞുകൊണ്ട് അപഹസിക്കുവാൻ ശ്രമിക്കുന്നത്. അങ്ങനെ ഒരു സമരമേ കേരളത്തിൽ നടന്നിട്ടില്ല. ആ പേര് ഇവർ ഇട്ടതാണ്. ഇപ്പോൾ ഇവർ പറയുന്നു ആ സമരം ശരിയായിരുന്നുവെന്ന്. അങ്ങനെ പറയുവാൻ അവർക്ക് ബുദ്ധിതോന്നിയത് നന്നായി. കോൺഗ്രസ്സിന് പലപ്പോഴും അങ്ങനെയാണ്. വൈകിയേ ബുദ്ധിയുദിക്കൂ. പത്തുകൊല്ലം മുമ്പ് എതിർത്തതിനെയാണ് ഇപ്പോൾ അംഗീകരിച്ചത്. അതുകൊണ്ട് ഞങ്ങൾ അവരോട് നന്ദി പറയുകയാണ്.

ഡോ. എ. നീലലോഹിതദാസൻ നാടാർ: ബഹുമാനപ്പെട്ട കോടിയേരി പറഞ്ഞത് ശരിയാണ്. അന്ന് കർഷകത്തൊഴിലാളി സമരം നടത്തിയപ്പോൾ അതിന്റെ അന്തഃസത്ത ഉൾക്കൊള്ളുവാൻ നമ്മുടെ രാഷ്ട്രീയ ഭരണനേതൃത്വത്തിന് കഴിഞ്ഞിരുന്നുവെങ്കിൽ ശേഷിക്കുന്ന നെൽപ്പാടങ്ങളെങ്കിലും നമുക്ക് സംരക്ഷിക്കുവാൻ കഴിയുമായിരുന്നു.

ശ്രീ. തമ്പാനൂർ രവി: ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞു, മാറ്റുവിൻ ചട്ടങ്ങളേയെന്ന്. സംവരണ വ്യവസ്ഥിതിയിൽ നിയമം ഉണ്ടാക്കേണ്ടതും നടപ്പാക്കേണ്ടതും ആരാണ്? നിയമസഭയല്ലേ നിയമം ഉണ്ടാക്കേണ്ടത്? കുറേ വ്യക്തികൾ പറഞ്ഞാൽ നിയമം ആകുമോ? ബഹുമാനപ്പെട്ട പി. ടി. തോമസ് ചോദിച്ചത്, മാറ്റുവിൻ ചട്ടങ്ങളെയെന്നതിനെക്കുറിച്ചാണ്. ആരാണ്; എങ്ങനെയാണ് അതിന്റെ വ്യവസ്ഥിതിയെന്നതാണ് അറിയേണ്ടത്. നിയമസഭയാണോ? കുറേ വ്യക്തികളാണോ? അതിന് അങ്ങ് മറുപടി പറയുക.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. എ. നീലലോഹിതദാസൻ നാടാർ: തിരുവനന്തപുരം തലസ്ഥാന മേഖലാ വികസനത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കൂടിയ സമ്മേളനത്തിൽ അങ്ങും ഉണ്ടായിരുന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, രക്തസാക്ഷി മണ്ഡപത്തിൽ നിന്ന് സെക്രട്ടേറിയറ്റുവരെ ഇടയ്ക്കിടയ്ക്ക് ആളുകൾ പ്രകടനം നടത്തുന്നതുകൊണ്ടാണ് ഇവിടെ വികസനമൊന്നും നടക്കാത്തതെന്ന്. വികസനവുമായി എയർപോർട്ടിൽ വന്നിറങ്ങുന്ന ആളുകൾക്ക് സെക്രട്ടേറിയറ്റിൽ കാറിൽ എത്താൻ കഴിയുന്നില്ലെന്നുപറഞ്ഞു. അങ്ങനെ വികസനത്തെക്കുറിച്ചുള്ള വികലമായ സങ്കല്പമാണ് ഈ അടുത്തകാലത്തായി അങ്ങ് ഉൾപ്പെടെ അങ്ങയുടെ പാർട്ടിക്കാരും ഈ ഗവൺമെന്റും വച്ചുപുലർത്തുന്നുവെന്നതിൽ എനിക്ക് വളരെയധികം ഖേദമുണ്ട്. ജലം സംരക്ഷിക്കുന്ന മംഗത്ത് കുറച്ചുകൂടെ അവധാനതയോടുകൂടി സമഗ്രമായി ഈ പ്രശ്നം കാണാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണം. ഏതെങ്കിലും ഒരു പോയിന്റിൽനിന്നു ഈ പ്രശ്നത്തെ കണ്ടുകൊണ്ട് നിയമം പാസ്സാക്കിയാൽ സാധാരണ ജനങ്ങളിലും പാവപ്പെട്ടവരിലും ഇടത്തരക്കാരിലുമൊക്കെ ഇത് ബുദ്ധിമുട്ടാകും. വെള്ളത്തിന്റെ ഉടമസ്ഥാവകാശം ഗവൺമെന്റിന് എക്കാലത്തും പിടിച്ചുനിർത്താൻ കഴിയില്ല. ആരോഗ്യ മേഖലയിലും വിദ്യാഭ്യാസ മേഖലയിലും ഒന്നും ചെയ്യാൻ കഴിയില്ല. നാളെ നിങ്ങൾ പറയും കുടിവെള്ളത്തിന്റെ കാര്യത്തിൽ ഗവൺമെന്റ് നിസ്സഹായവസ്ഥയിലാണ്, കാശില്ലായെന്നുപറഞ്ഞ് പടിപടിയായി ബഹുരാഷ്ട്ര കുത്തക കമ്പനികളിലേയ്ക്ക് കാര്യങ്ങൾ പോകുന്ന സ്ഥിതിവിശേഷമുണ്ടാകും. അതുകൊണ്ട് ഈ നിയമം അങ്ങ് പുന:പരിശോധിക്കണം. സമഗ്രമായി ഈ പ്രശ്നത്തെക്കുറിച്ച് ചർച്ച ചെയ്യണം. ഇത് പൊതുജനാഭിപ്രായം ആരായുന്നതിന് അയയ്ക്കണം. ഇത് സംബന്ധിച്ച് കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള ജനങ്ങളുടെ അഭിപ്രായം അറിയണം. ഇതിൽ ഉത്കണ്ഠയും ആശങ്കയുമുണ്ട്. ഞാൻ പ്രസംഗം തുടങ്ങിയപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഇല്ലായിരുന്നു. കഴിഞ്ഞ സഭയിൽ ദൗർഭാഗ്യകരമായ ഒരവസ്ഥയുണ്ടായപ്പോഴാണ് ഇത് പാസ്സാക്കിയത്. പ്രതിപക്ഷം ഒന്നടങ്കം ബഹിഷ്ക്കരിച്ചുനിന്നപ്പോഴാണ്, സഭയിൽ വേണ്ടത്ര ചർച്ച ചെയ്തിരുന്നില്ല. എല്ലാവിധ ആശങ്കയും ഉത്കണ്ഠയും ജനങ്ങൾക്കുണ്ട്. അത് അകറ്റണം. പൊതുജനങ്ങളുടെ അഭിപ്രായം അറിഞ്ഞിട്ടുമാത്രമേ ഇത് നിയമമാക്കാവൂ.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ഇവിടെ ഈ ബില്ല് സബ്ജക്ട് കമ്മിറ്റിയിൽ ഡിസ്ക്കസ് ചെയ്തതാണ്. നിയമം എന്താണെന്ന് മനസ്സിലാക്കാതെ സംസാരിച്ചിട്ട് കാര്യമുണ്ടോ? ബില്ലിന്റെ കാര്യത്തെ സംബന്ധിച്ച് ഞാൻ മറുപടി പറയാം. ഇതിനകത്ത് എന്താണ് ഉദ്ദേശിച്ചതെന്നും എന്താണ് ഈ നിയമംകൊണ്ട് സാധിക്കുന്നതെന്നും ഞാൻ പറയാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കുറേ കാര്യങ്ങൾ ഞാൻ സ്പീക്കറുടെ മുറിയിലിരുന്നു കേട്ടു. ബാക്കി ഇവിടെയിരുന്നും കേട്ടു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ 2002-ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് ഭേദഗതി ചെയ്യുന്നതിന് പുതിയതായി കൊണ്ടുവന്നിട്ടുള്ള 2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബില്ലിന് ഞാൻ ഭേദഗതി അവതരിപ്പിക്കുകയാണ്. ഞാൻ ബില്ലിലേയ്ക്ക് കടക്കുന്നതിനുമുമ്പ്,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ഒരുകാര്യം പറഞ്ഞു. വെട്ടിനിരത്തൽ എന്നൊരു സമരമേ കേരളത്തിൽ നടന്നിട്ടില്ലായെന്നാണ്. എനിക്ക് അദ്ദേഹത്തോട് ചോദിക്കുവാനുള്ളത് കേരളത്തിൽ യാഥാർത്ഥ്യമായിരുന്ന ഒരു സംഭവ വികാസത്തെയാണ് അദ്ദേഹം ഇങ്ങനെ മറച്ചുപിടിക്കുന്നത്. ഹിപ്പോക്രസിയാണ്. കോട്ടയത്ത് ദേശാഭിമാനി പത്രത്തിന്റെ കെട്ടിടം സ്ഥിതിചെയ്യുന്നത് രണ്ട് ഏക്കർ വയൽ നികത്തിയ ഭാഗത്താണ്. എറണാകുളത്ത് മുൻമന്ത്രി ശ്രീ. ടി. കെ. രാമകൃഷ്ണന്റെ മരുമകന്റെ ബാർ ഹോട്ടൽ സ്ഥിതിചെയ്യുന്നത് വയൽ നികത്തിയ പ്രദേശത്താണ്. കേരളത്തിൽ അങ്ങോളമിങ്ങോളം സി.പി.എം.-ന്റെ പാർട്ടിയുടെ നൂറിൽപ്പരം ഓഫീസെങ്കിലും സ്ഥിതിചെയ്യുന്നത് വയൽ നികത്തിയ സ്ഥലങ്ങളിലാണ്. ഇതാണ് യാഥാർത്ഥ്യമെന്നിരിക്കെ അങ്ങനെയൊരു സംഭവമേ നടന്നില്ലെന്ന് സഖാവ് പറഞ്ഞതുകൊണ്ടാണ് എനിക്ക് പറയേണ്ടിവന്നത്. ഇനി ഞാൻ ബില്ലിലേയ്ക്ക് കടക്കുകയാണ്.

പുഴകൾ നദികൾ പൂവനങ്ങൾ
ഭൂമിക്കുകിട്ടിയ സ്ത്രീധനങ്ങൾ

എന്നാണ് കവി പാടിയിട്ടുള്ളത്. 44 പുഴകളാണ് നമ്മുടെ കേരളത്തിലുള്ളത്. 44 പുഴകളും മറ്റ് തോടുകളും കായലുകളും കുളങ്ങളുമൊക്കെയുണ്ട്. 44 നദികളിൽ 41 എണ്ണം പടിഞ്ഞാറോട്ടും ഒരെണ്ണം വടക്കോട്ടും രണ്ടെണ്ണം കിഴക്കോട്ടുമാണ് ഒഴുകുന്നത്. ഇത്രയും നദികളുണ്ടായിട്ടും.....Water, water everywhere, not a drop to drink. വെള്ളംവെള്ളം സർവ്വത്ര വെള്ളം, കുടിക്കുവാൻ ഒരുതുള്ളി വെള്ളമില്ലായെന്നതാണ് നമ്മുടെ സ്ഥിതി. ഇവിടെ ഇന്നലത്തെ പ്രമാണമായ,

'കനകംമൂലം കാമിനിമൂലം
കലഹം പലവിധമുലകിൽ സുലഭം.'

എന്നത് അടുത്തകാലത്ത് മാറ്റേണ്ടിവരും. ഇനി മനുഷ്യൻ തമ്മിൽ പോരടിക്കുവാൻ പോകുന്നത് മണ്ണിനും പെണ്ണിനുംവേണ്ടി മാത്രമല്ല കുടിവെള്ളത്തിനുപോലും വേണ്ടി വരുമെന്നതാണ് വർത്തമാനകാല സ്ഥിതി. അതാണ് യാഥാർത്ഥ്യം. എന്താണ് പഞ്ചാബിൽ ഉണ്ടായത്? പഞ്ചാബിൽ നിയമസഭ ഒരു നിയമം പാസ്സാക്കി. അഞ്ച് നദികൾ ഒഴുകുന്ന നാടെന്നാണ് പഞ്ചാബിന് അർത്ഥം. ഇൻഡ്യക്കാർക്ക് കഴിക്കാനുള്ള ഭക്ഷ്യധാന്യങ്ങളുടെ അഞ്ചിരട്ടി ഖരീഫ്-റാബി വിളവെടുപ്പുകാലത്ത് അവർക്ക് ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്നു. സുലഭമായി ജലം ലഭിക്കുന്നതുകൊണ്ടാണ്. അവരുടെ വെള്ളം ഇനി ഹരിയാനയ്ക്കോ ഡൽഹിയ്ക്കോ രാജസ്ഥാനോ കൊടുക്കുന്നതിന് കണ്ണടച്ച് സമ്മതിക്കുവാൻ അവർക്ക് കഴിയില്ല എന്ന് അവർ ഒരു നിയമം പാസ്സാക്കി. സട്ലെജ് കരാറിലെ അവരുടെ നിയമനിർമ്മാണം. എനിക്ക് പറയുവാനുള്ളത്, നമ്മുടെ നിയമസഭ മുല്ലപ്പെരിയാർ കരാർ ക്യാൻസൽ ചെയ്തുകൊണ്ട് ഏകപക്ഷീയമായി നിയമനിർമ്മാണം തയ്യാറാക്കണം. ഞാൻ അടുത്തകാലത്ത് മുല്ലപ്പെരിയാറിൽ പോയിരുന്നു. തേക്കടിയിൽ പോയപ്പോൾ ഞാൻ കുടുംബസമേതം അവിടെപ്പോയിരുന്നു. നമ്മൾ ഏകപക്ഷീയമായി ആ കരാർ വയലേറ്റു ചെയ്ത് നിയമം നിർമ്മിക്കുവാൻ തയ്യാറായാൽ നമുക്ക് ഒരു പരിധിവരെയെങ്കിലും

പിന്നീട് ഒത്തുതീർപ്പുണ്ടാകുന്ന കാലഘട്ടത്തിൽ അത് സംബന്ധിച്ച് നമുക്കും നമ്മുടേതായ ചില സൗകര്യങ്ങൾ സാധിക്കുവാൻ കഴിയും. കേരളത്തിന്റെ ജലം മുഴുവൻ ചൂഷണം ചെയ്തുപോവുകയാണ്. ഭൂമിയിൽ ജീവജാലങ്ങളെ നിലനിർത്തുന്നതേനാണ് ഭൂജലം. ഈ ജലമില്ലെങ്കിൽ ഭൂമി ഒരു മരുഭൂമിയാകും. അതല്ലേ വാസ്തവം? അതുപോലെ 1972-ൽ ചരിത്രപ്രസിദ്ധമായ സ്റ്റോക്ക്ഹോം പ്രഖ്യാപനം നടന്നു. എന്താണ്? പ്രകൃതി സംരക്ഷിക്കുവാനുള്ളതാണ്. അതുപോലെതന്നെ ഹിമാചൽപ്രദേശിലെ ഒരു നദിയെ സംബന്ധിച്ച് സുപ്രീംകോടതി വിധി പറഞ്ഞു, ഭൂഗർഭജലം ദേശീയ സമ്പത്താണ്. അത് സമൂഹത്തിന്റേതാണ്. അത് സംരക്ഷിക്കുവാനുള്ള പൂർണ്ണ അധികാരം ഈ നാട്ടിലെ ഇത് സംബന്ധിച്ച സമിതികൾക്കുണ്ട്. സർക്കാർ സ്ഥാപനങ്ങൾക്കുണ്ട്. പഞ്ചായത്തുകൾക്കുണ്ട്. അതുപോലെ ജനാധിപത്യ നിയന്ത്രണമുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഈ കാര്യത്തിൽ സംരക്ഷണം നൽകാനുള്ള ചുമതലയുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. ചെയർമാൻ ശ്രീ. ജോണി നെല്ലൂർ]

സംരക്ഷിക്കാൻ നിയമമില്ലെങ്കിൽ അതു സംരക്ഷിക്കാൻ പഞ്ചായത്തുകൾക്കും സംസ്ഥാന സർക്കാരിനും സുപ്രധാനമായ ചുമതല ഉണ്ടെന്നു ചൂണ്ടിക്കാട്ടിയാണ് ബഹുമാനപ്പെട്ട ഹൈക്കോടതി കഴിഞ്ഞ വർഷം ഡിസംബർ മാസത്തിൽ ഒരു വിധി പ്രഖ്യാപിച്ചത്. ആ വിധിക്കു മുമ്പു തന്നെ നമ്മൾ നിയമം പാസ്സാക്കി. ആ വിധിയുടെ അടിസ്ഥാനത്തിൽ എന്തുകൊണ്ടാണ് ഈ ഭേദഗതി വേണ്ടി വന്നത്. നമ്മൾ അന്നു പാസ്സാക്കിയപ്പോൾ പറഞ്ഞു, ഇതു സംബന്ധിച്ച് ഒരു ഭൂജല ഉപഭോക്താവായ ആൾ അതോറിറ്റികളിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അവസാന തീയതി 15-5-04 എന്നു പ്രഖ്യാപിച്ചിരിക്കുന്നതുമൂലം ഉണ്ടായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിലേയ്ക്കായിട്ടാണ്, അതു സാധ്യമാകാതെ വന്നവർക്ക് ആ ബുദ്ധിമുട്ട് ഒഴിവാക്കാൻ വേണ്ടി ഓരോ ഉപഭോക്താവും സർക്കാർ വിജ്ഞാപനം ചെയ്യുന്ന തീയതിക്കുള്ളിൽ അതോറിറ്റി മുമ്പാകെ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നേടാൻ ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മുന്നറിയിപ്പ് എന്താണെന്നറിയാമോ? ലോകത്തിനാവശ്യമായ ഭക്ഷ്യ വസ്തുക്കളുടെ പകുതി ഉൽപ്പാദിപ്പിക്കുന്നത് മൂന്നു രാജ്യങ്ങൾ ചൈനയും ഇൻഡ്യയും അമേരിക്കയും ചേർന്നാണ്. ഈ മൂന്നു രാജ്യങ്ങളിലാണ് ജലവിതാനം വളരെ കൂടുതലായി താഴ്ന്നു കൊണ്ടിരിക്കുന്നത്. ഇൻഡ്യയിൽ ഭൂഗർഭജലം കുറയുന്നതിനാൽ ഭക്ഷ്യധാന്യ ഉൽപ്പാദനം നാലിലൊന്നായി ചുരുങ്ങാൻ സാധ്യതയുണ്ടെന്ന് ഇന്റർനാഷണൽ വാട്ടർ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് പറയുന്നു. 16 സംസ്ഥാനങ്ങളിലെ 230 ജില്ലകളിലാണ് ഭൂഗർഭ ജലവിതാനം താഴ്ന്നുകൊണ്ടിരിക്കുന്നത്. ഇൻഡ്യയിൽ ആളോഹരി ജലലഭ്യത 5,000 ക്യൂബിക് മീറ്റർ ആയിരുന്നത് ഇപ്പോഴത് 2,200 ക്യൂബിക് മീറ്ററായി താഴ്ന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ ഒരാളിന് ശരാശരി 135 ലിറ്റർ വെള്ളമാണ് ഒരു ദിവസം വേണ്ടത്. ഇതിൽ 75 ശതമാനത്തോളം വെള്ളം നമ്മൾ കുളിമുറിയിലും ടോയ്ലറ്റിലും പാത്രം

LIBRARY ARCHIVES Kerala Legislative Assembly

കഴുകാനും തുണി കഴുകാനുമൊക്കെയായി വേസ്റ്റ് വാട്ടറാക്കി കളയുകയാണ്. യഥാർത്ഥത്തിൽ പാചകത്തിനുവേണ്ടി 5 ശതമാനം വെള്ളം മാത്രമേ നമ്മൾ ഉപയോഗിക്കുന്നുള്ളൂ. പലപ്പോഴും പൊതുടാപ്പുകൾ തുറന്നു വയ്ക്കുന്നതുമൂലം കളയുന്ന വെള്ളത്തിന്റെ അളവ് എത്രയോ ലക്ഷം ലിറ്ററാണ്. 3,000 മില്ലി ലിറ്റർ മഴയാണ് കേരളത്തിൽ ശരാശരി കിട്ടുന്നത്. അത് ദേശീയ ശരാശരിയുടെ രണ്ടര ഇരട്ടി കൂടുതലാണ്. അങ്ങനെ കിട്ടുന്നതിൽ 60%-ത്തോളം വെള്ളം കടലിലേയ്ക്ക് ഒഴുകിപ്പോകുകയാണ്. ആ വെള്ളം നമുക്ക് സംരക്ഷിക്കാൻ കഴിയുന്നില്ല. നമുക്ക് സംരക്ഷിക്കാൻ കഴിയുന്നത് വെറും 40 ശതമാനം മാത്രമാണ്. ശ്രീ. മമ്മൂട്ടി സൂചിപ്പിച്ചതുപോലെ, ജർമ്മനിയിലെ ഫ്രാങ്ക്ഫർട്ട് വിമാനത്താവളത്തിൽ മുഴുവൻ ജലഉപഭോഗവും നിർവ്വഹിക്കുന്നത് മഴവെള്ളം സംഭരിച്ചിട്ടാണ്. മഴവെള്ളം ലോകത്തെ ഏറ്റവും പ്രധാനപ്പെട്ട ഒരു കുടിവെള്ള സ്രോതസ്സാണ്. പല പാശ്ചാത്യരാജ്യങ്ങളും വളരെ വിജയകരമായി ഇതു നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ മഴക്കുഴി നിർമ്മിച്ചു എന്നു പറയുന്നു. ഞാൻ ഈ അടുത്ത കാലത്തൊന്നും മഴക്കുഴികൾ കണ്ടില്ല. നമ്മുടെ നാഷണൽ ഹൈവേകളിലും പി.ഡബ്ളിയു.ഡി. റോഡുകളിലുമെല്ലാം നല്ല കുഴികളുണ്ട്. ആ മഴക്കുഴികളല്ലാതെ വേറെ മഴക്കുഴികൾ ഞാൻ കണ്ടില്ല. മഴക്കുഴി നിർമ്മിച്ച് ഇത് സംരക്ഷിക്കണമെന്നു പറയുന്നതിന് ബോധവൽക്കരണം വേണ്ടേ? മഴക്കുഴികൾ നിർമ്മിക്കാൻ ആർക്ക് എവിടെയാണ് ഭൂമിയുള്ളത്? രണ്ടു സെന്റും മൂന്നു സെന്റും ഭൂമിയുള്ളവർ എവിടെയാണ് മഴക്കുഴി കുഴിക്കുന്നത്. വിട് വയ്ക്കാൻ തന്നെ ഇടമില്ല. പിന്നെ എവിടെയാണ് മഴക്കുഴി കുഴിക്കുന്നത്? ഈ വക കാര്യത്തിൽ കേരളം ഉണർന്നു ചിന്തിക്കണം, അവഗാഢതയോടുകൂടി ചിന്തിക്കണം ആ കാര്യത്തിൽ തായ്ലൻഡിനെ മാതൃകയാക്കണം. തായ്ലൻഡിലാണ് ജലസംഭരണികൾ ഉള്ളത്. ഏഴു മാസം മഴ കിട്ടുമ്പോൾ വറളികളിൽ ശേഖരിക്കുകയും ആ വെള്ളം ഉപയോഗിക്കുകയും ചെയ്യുന്നു. ഇതു സംബന്ധിച്ച് പഠിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തന്നെ തായ്ലൻഡിൽ പോകട്ടെ. ഉദ്യോഗസ്ഥ ലെവലിൽ പോയി കണ്ടിട്ട് ഉദ്യോഗസ്ഥന്മാർക്ക് ഇവിടെ വന്നിട്ട് ഈ വക കാര്യങ്ങൾ കൃത്യമായി ഭംഗിയായി ചെയ്യാൻ കഴിയുമെന്ന് എനിക്ക് വിശ്വാസമില്ല. കാരണം, ,ഉദ്യോഗസ്ഥർ എസ്റ്റാബ്ളിഷ്മെന്റിന്റെ സ്ഥിരമായ സ്റ്റാറ്റസ്കോ സംവിധാനത്തിന്റെ ഒരു കണികപോലും മാറ്റം വരുത്താൻ തയ്യാറായിട്ടില്ല. അതുകൊണ്ട് ഈ കാര്യത്തിൽ ജനപ്രതിനിധികൾ വളരെ നിർബന്ധബുദ്ധിയോടുകൂടി ഇടപെടണം. വെള്ളം രാജ്യത്തിന്റെ അമൂല്യ സ്വത്താണെന്നും ജനങ്ങൾക്ക് ആവശ്യത്തിന് കുടിവെള്ളം നൽകണമെന്നും ദേശീയ ജലനയത്തിൽ പറയുന്നുണ്ട്. ആ ജലനയം പ്രാവർത്തികമാക്കാൻ നമുക്ക് അവകാശമുണ്ട്.

ശ്രീ. എം. വി. ജയരാജൻ: സർ, മഴക്കുഴി ഒരിടത്തും കാണുന്നില്ലായെന്നു പറയുകയുണ്ടായി. അവ ലക്ഷ്യമിട്ടതിന്റെ 14 ശതമാനം മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. സെന്റർ ഫോർ വാട്ടർ റിസോഴ്സ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് 2021 വരെ സംസ്ഥാനത്തിന്റെ ജലലഭ്യതയും ആവശ്യകതയും സംബന്ധിച്ച് പഠനം നടത്തി പറഞ്ഞിട്ടുള്ള ഒരു കാര്യമുണ്ട്. അതിൽ പറയുന്നത് ചെറുതോ വലുതോ ആയിട്ടുള്ള ആയക്കെട്ടുകൾ കൊണ്ട് മഴവെള്ളം സംരക്ഷിക്കാൻ കഴിയുമെന്നുള്ളതാണ്. ആ നിർദ്ദേശത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: മഴവെള്ളം സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ഏതു നിർദ്ദേശവും നമുക്ക് സ്വീകരിക്കാവുന്നതാണ്. പക്ഷേ ജലനിധി പോലെ ഇന്നു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ ഉണ്ട്. പത്തനംതിട്ട ജില്ലയിൽ തിരുവല്ലാമൂർ രാധാകൃഷ്ണന്റെ മണ്ഡലത്തിൽ പഴകുളം സൊസൈറ്റി പോലെ കുറേ ഏജൻസികളെ അതിന്റെ നോഡൽ ഏജൻസിയായിട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. അവർ നമ്മെ സമീപിച്ച് ഇതിന് തയ്യാറാകണം, ബാക്കിയെല്ലാം അവർ ഏറ്റെന്നു പറയുന്ന തരത്തിൽ കാര്യങ്ങൾ പോകുകയാണ്. ഈ തരത്തിൽ കുറേ ഏജൻസികൾക്കു മാത്രം ഇതിനുള്ള നിർവ്വഹണസ്വഭാവം കൊടുത്തുകൊണ്ട് ഇതിൽ നിന്നുള്ള ഫണ്ട് മുഴുവൻ അവരിലേയ്ക്ക് പോകുന്ന സ്ഥിതിയാണുള്ളത്. ജനങ്ങൾക്ക് ഇതിനെക്കുറിച്ച് ശരിക്കും ബോധ്യമില്ല. അല്ലെങ്കിൽ ഇതു സംബന്ധിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിയന്ത്രിക്കുന്ന സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് ബോധ്യമില്ല. ഈ അവസ്ഥ മാറ്റാൻ നമുക്ക് കഴിയണം. ജനങ്ങൾക്ക് രോഗാണുവിമുക്തമായ കുടിവെള്ളം യഥേഷ്ടം ലഭ്യമാക്കുക എന്നുള്ളത് ജനകീയ സർക്കാരിന്റെ പ്രധാനപ്പെട്ട ചുമതലയാണ്. ആ ചുമതല നമ്മൾ നിർവ്വഹിച്ചേ മതിയാകൂ. അതുകൊണ്ട് ഈ കാര്യത്തിൽ കുറച്ചുകൂടി ഗൗരവമായി ഇടപെടണം.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, പ്ലാസ്റ്റിക്കിനെക്കുറിച്ചുള്ള ചർച്ച നടന്നപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ ഇതിനകത്തുള്ള എല്ലാ പ്ലാസ്റ്റിക് സാധനങ്ങളും മാറ്റി. ലെജിസ്ലേറ്റീവ് കോംപ്ലക്സിന്റെ ചുറ്റും വീഴുന്ന വെള്ളം ലെജിസ്ലേറ്റീവ് കോംപ്ലക്സിലേയ്ക്ക് പോകാത്ത രീതിയിൽ പുറത്തേയ്ക്കൊഴുകുന്ന ഒരു സംവിധാനം ഉണ്ടാക്കിയ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, അതു ശരിയാണ്. ഇവിടെ നിർണ്ണോന്നസ്ഥിതിയിൽ വ്യത്യാസമുള്ള സ്ഥലമാണ്. നമ്മൾ കാണുമ്പോൾ നിരന്നു കിടക്കുന്ന സ്ഥലമാണെങ്കിലും താഴ്ചയുള്ള സ്ഥലമാണ് കൂടുതലുള്ളത്. അതുകൊണ്ട് താഴോട്ട് ഒഴുകിപ്പോകാനുള്ള സൗകര്യമുണ്ട്.

ശ്രീ. സാജു പോൾ: സർ, നമ്മുടെ ഭൂഗർഭജലസ്രോതസ്സ് പരിപുഷ്ഠമായി നിൽക്കാൻ നെൽപ്പാടങ്ങൾ അനിവാര്യമാണെന്ന കാര്യം എല്ലാവരും അംഗീകരിച്ചിട്ടുണ്ട്. ഇപ്പോൾ യഥാർത്ഥത്തിൽ പാടം നികത്തൽ നിരോധിച്ചതുകൊണ്ട് ഒരു പ്രയോജനവുമുണ്ടാകാൻ പോകുന്നില്ല. അനധികൃതമായി മണ്ണെടുക്കുന്നത് ഒഴിവാക്കിക്കൊണ്ട് അത്യാവശ്യം വേണ്ട നിർമ്മാണജോലികൾക്കും മറ്റുമല്ലാതെ വേറെ ആവശ്യങ്ങൾക്കൊന്നും ഒരു സ്ഥലത്തു നിന്നും മണ്ണെടുക്കാൻ പാടില്ലെന്ന രീതി വരണം. ഇത്തരം ജോലി ചെയ്യുന്ന കരാറുകാർക്ക് ഒരുപാട് ഉപകരണങ്ങളും വാഹനങ്ങളും സ്വന്തമായിട്ടുണ്ട്. മറ്റു ജോലികൾ ഇല്ലാത്തപ്പോൾ മുഴുവൻ അവർ അത് മണ്ണെടുക്കാൻ ഉപയോഗിക്കുന്നുണ്ട്. മണ്ണ് നീക്കുന്നതിന് പ്രത്യേകമായ പെർമിറ്റുള്ളവർക്ക് മാത്രം അനുവാദം കൊടുക്കണം. ആ നിലയ്ക്ക് മാത്രമേ പാടുള്ളൂ എന്ന നിബന്ധന കൊണ്ടുവന്ന് നെൽവയലിന് സംരക്ഷണം കൊടുത്ത്, പാടം നികത്തുന്നതിന് നിരോധനം ഏർപ്പെടുത്തുന്നതിനുപകരം മണ്ണെടുക്കുന്നതിനും ഒരു നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഞാൻ ആ അഭിപ്രായത്തോട് യോജിക്കുകയാണ്. അങ്ങയുടെ മണ്ഡലമായ പെരുമ്പാവൂരാണ് ഏറ്റവും കൂടുതൽ മണ്ണെടുക്കുന്ന സ്ഥലം. മണൽ വാരുന്ന പ്രവർത്തനം ഏറ്റവും കൂടുതൽ നടക്കുന്ന ഒരു മണ്ഡലമാണ്. നിയന്ത്രണം ആവശ്യമുള്ള ഒരു കാര്യം തന്നെയാണ് അങ്ങു പറഞ്ഞത്. ആ കാര്യത്തിൽ വേലി തന്നെ വിളവു തിന്നുന്നു എന്നുള്ളതാണ് ഇവിടത്തെ പ്രശ്നം. ഇതിനൊക്കെ നിയമം ഇല്ലാഞ്ഞിട്ടാണോ? നമ്മുടെ നിയമങ്ങൾ പരിപാലിക്കേണ്ടവരും നിയമങ്ങൾ നടപ്പിലാക്കേണ്ടവരും ആ കാര്യത്തിൽ കാണിക്കുന്ന ഉദാസീനതയോ അല്ലെങ്കിൽ അവർക്ക് മറ്റു പല കാര്യങ്ങളിലും കൂടുതൽ ശ്രദ്ധ കൂടുന്നതുകൊണ്ട് നമ്മൾ ഉദ്ദേശിക്കുന്ന രീതിയിൽ നിയന്ത്രണം വരുന്നില്ല.

ശ്രീ. ടി. കെ. ദേവകുമാർ: സർ, നെൽവയൽ സംരക്ഷിക്കണമെന്ന പൊതുവായ അഭിപ്രായം ഉയർന്നുവന്നതിൽ സന്തോഷമുണ്ട്. നെൽവയൽ സംരക്ഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നടത്തിയ ഒരു വലിയ സമരത്തെ ഇപ്പോഴും മറ്റൊരു പേരിലാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇഷ്ടികക്കളങ്ങൾക്കുവേണ്ടി അങ്ങയുടെ നിയോജകമണ്ഡലത്തിൽ വ്യാപകമായി മണ്ണെടുക്കുന്നുണ്ട്, അതുൾപ്പെടെ ഈ സന്ദർഭത്തിൽ ഗൗരവമായി പരിശോധിക്കാൻ അങ്ങു തയ്യാറാകുമോ? നെൽവയൽ നികത്തി ഫൈവ് സ്റ്റാർ ഹോട്ടൽ പണിയുമെന്ന് പറയുന്ന രാഷ്ട്രീയ നേതാക്കന്മാരുടെ നിലപാടിനോട് യോജിക്കുന്നുണ്ടോ?

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, 1967-ലെ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ നിയന്ത്രണങ്ങളും നിർദ്ദേശങ്ങളുമനുസരിച്ച് എന്റെ നിയോജക മണ്ഡലത്തിൽ ഓടുവ്യവസായവും ഇഷ്ടികവ്യവസായവും തകർന്നു തരിപ്പണമായിരിക്കുകയാണ്. അങ്ങു പറയുന്നതുപോലെ ആ വ്യവസായം അവിടെ ഫ്ളറിഷ് ചെയ്യുന്നില്ല. ചുടുകട്ടക്കളങ്ങളിൽ ചെളിയെടുക്കാൻ പെർമിറ്റുള്ള സ്ഥാപനങ്ങൾക്കു മാത്രമേ അനുവാദമുള്ളൂ. അല്ലാതെയുള്ള കാര്യങ്ങളെല്ലാം നിയന്ത്രണ വിധേയമായി കഴിഞ്ഞു. സംസ്ഥാനത്ത് ചില പ്രദേശങ്ങളിൽ ഭൂഗർഭജലവിതാനം ആശങ്കാജനകമായി താഴ്ന്നുപോകുന്നതായി വിദഗ്ദ്ധ പഠനങ്ങളിൽ കണ്ടതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു നിയമം നിർമ്മിക്കുവാൻവേണ്ടി നമ്മൾ മുന്നോട്ടുവന്നത്. അതുപറയുമ്പോൾ തന്നെ വീട്ടു കിണറുകളെ ഇത് ബാധിക്കില്ല എന്നുള്ളകാര്യം നമ്മുടെ ബഹുമാന്യനായ മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. എനിക്കു പറയാനുള്ളത് ഒരു കാരണവശാലും ഈ നിയമം ജനങ്ങളെ ബുദ്ധിമുട്ടിക്കാനല്ല, നിയമം നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് വേണ്ട പരിഷ്ക്കാരങ്ങൾ വരുത്തുവാനും തയ്യാറാകണം. കാരണം ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ രണ്ടുസെന്റിലും മൂന്നുസെന്റിലുമൊക്കെ വീടുള്ളവർക്ക് വീട്ടിൽ ഒരു കിണർ കുഴിക്കുന്നതിന് ഒരു കാരണവശാലും ഈ നിയമങ്ങളൊന്നും ബാധകമാക്കുവാൻ പാടില്ല. വാണിജ്യാടിസ്ഥാനത്തിലും, വ്യാപാരാടിസ്ഥാനത്തിലുമൊക്കെ ജലം ചൂഷണം ചെയ്യുന്ന

വരുടെമേൽ ആയിരിക്കണം ഇതിനു നിയന്ത്രണം വരേണ്ടത്. വീടുകൾക്ക് കിണർ നിയന്ത്രണം ഏർപ്പെടുത്തില്ല എന്നുള്ള അങ്ങയുടെ പ്രഖ്യാപനം വീണ്ടും ഇക്കാര്യത്തിൽ വളരെ അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കേണ്ടതുണ്ട്. നിയമത്തിൽ കിണറുകളെ നിർവ്വചിക്കുന്ന സ്ഥലത്ത് വീട്ടു കിണർ ഉൾപ്പെടുത്തുന്നില്ല എന്ന് പ്രഖ്യാപിച്ചിട്ടുള്ളത് വീണ്ടും ആവർത്തിച്ചു പറയണമെന്നാണ് എനിക്ക് പറയാനുള്ളത്. ഗാർഹികാവശ്യത്തിന് ഒരു കിണറോ കുഴൽക്കിണറോ കുഴിക്കുന്നത്, ഭൂഗർഭജല വിനിയോഗത്തിന് അനുവാദം നൽകുന്നത് വിദഗ്ദ്ധർ ഉൾപ്പെടുന്ന അതോറിറ്റിയായിരിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ആ അതോറിറ്റികളും ഉദ്യോഗസ്ഥന്മാരുടെ കടമ്പകളും നൂലാമാലകളും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ വേണ്ടി ഇക്കാര്യങ്ങളിലുള്ള അധികാരം പഞ്ചായത്തുകളെ ഏല്പിക്കുക എന്നുള്ളതാണ് എന്റെ നിർദ്ദേശം.

<u>ശ്രീ. സി. കെ. നാണു:</u> സർ, ഈ പ്രമേയം ചർച്ച ചെയ്യുന്ന കാലഘട്ടവും പ്രധാനപ്പെട്ട നിയമം കൊണ്ടുവന്ന ഘട്ടവുമൊക്കെ നോക്കുമ്പോൾ, കേരളത്തിൽ മാത്രമല്ല ഇന്ത്യയിൽ തന്നെ മറ്റേതു വ്യവസായത്തേക്കാളും കൂടിവെള്ളം വിറ്റ് കാശാക്കുന്നത് വൻകിട കോർപ്പറേഷനുകളാണ്. കഴിഞ്ഞ പത്തുകൊല്ലത്തിനകം ലോകത്ത് ഏറ്റവും കൂടുതൽ പണമുണ്ടാക്കാൻ വൻകിട കോർപ്പറേഷനുകൾക്ക് സാധിച്ചത് കുടിവെള്ളത്തിലൂടെയാണ്. ഇന്ത്യയിൽത്തന്നെ പഞ്ചാബിലേയും ഹരിയാനയിലേയും ഗോതമ്പുപാടങ്ങളടക്കം വാങ്ങിക്കൊണ്ട് പെപ്സിയും കൊക്കക്കോളയും ഇവിടെ ഉല്പാദിപ്പിച്ച് മാർക്കറ്റുചെയ്ത് ഇന്ത്യയിൽ നിന്നും കൊള്ളലാഭമുണ്ടാക്കി നമ്മുടെ കാർഷിക മേഖല അവർ കൈയ്യടക്കാൻ പോകുന്നുവെന്ന ഭീഷണിയുടെ അടിസ്ഥാനത്തിലാണ് ഏതാണ്ട് രണ്ടുവർഷം മുമ്പ് ഈ ബിൽ കൊണ്ടുവന്നത്. മഴ ലഭിക്കുന്ന കാര്യത്തിൽ ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തേക്കാളും നമ്മൾ ഭാഗ്യവാന്മാരാണ്, നമുക്ക് ആവശ്യത്തിന് മഴ ലഭിക്കുന്നു. 2002-ൽ പ്ലാനിംഗ് കമ്മിഷൻ പുറത്തിറക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യാരാജ്യത്ത് ആരോഗ്യത്തിന് ഉപകാരപ്രദമാകുന്ന രൂപത്തിലുള്ള കുടിവെള്ളം ലഭിക്കുന്ന കാര്യത്തിൽ ഒരു വൻകിട സംസ്ഥാനമെന്നുള്ള നിലയിൽ വിലയിരുത്തുമ്പോൾ കേരളം ഏറ്റവും പുറകിലാണ്. ഇത് പ്ലാനിംഗ് കമ്മിഷന്റെ വിലയിരുത്തലാണ്. പരിശുദ്ധമായി കുടിക്കാൻ സാധിക്കുന്നത് ഭൂഗർഭജലമാണെന്ന് അവർ വ്യക്തമാക്കുന്നു. കേരളത്തിലെ ബഹുഭൂരിപക്ഷം കുളങ്ങളും, കിണറുകളും പരിശോധിച്ചതിൽ നിന്നും മിക്ക കിണറുകളിലേയും കുളങ്ങളിലേയും വെള്ളം കുടിക്കാൻ ഉപയുക്തമല്ലെന്നാണ് പ്ലാനിംഗ് കമ്മിഷന്റെ നിഗമനം. ഞാനതിന്റെ ഒരു എക്സ്പർട്ടല്ല, പ്ലാനിംഗ് കമ്മിഷൻ പറയുന്നത് ശരിയാണോ തെറ്റാണോയെന്ന് നോക്കണം. അങ്ങനെ വരുമ്പോൾ നമ്മൾ ഇത്തരമൊരു ബിൽ അവതരിപ്പിച്ച് അതിന്റെ ഭേദഗതിയിലേയ്ക്കു കടക്കുമ്പോൾ പരിശോധിക്കേണ്ടതും ആദ്യമായി തീരുമാനമെടുക്കേണ്ടതും എന്താണ്? ഇന്ത്യയിലെ പ്ലാനിംഗ് കമ്മിഷൻ ആരോഗ്യത്തിന് ഹാനികരമല്ലാത്ത രൂപത്തിലുള്ള കുടിവെള്ളം ലഭിക്കുന്നത് ഭൂഗർഭജലമാണ്, ആ ഭൂഗർഭ ജലത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യതയിൽ കേരളം ഏറ്റവും പുറകിൽ നിൽക്കുന്നുവെന്ന് പറയുന്നു. നമ്മുടെ ഈ ഭൂഗർഭജലം ഒരു കാരണവശാലും മൾട്ടി നാഷണൽ കോർപ്പറേഷന് പണമുണ്ടാക്കാൻ വേണ്ടി, മാർക്കറ്റ് ചെയ്യാനുള്ള അനുവാദം കൊടുക്കരുത് എന്നൊരു തീരുമാനമെടുക്കാൻ ഈ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ സ്റ്റേറ്റിന് സാധിക്കേണ്ടതല്ലേ? ഈ ഭൂഗർഭ ജലത്തെ സംബന്ധിച്ച് പറയുന്ന അവസരത്തിൽ അത്തരത്തിലുള്ള തീരുമാനമെടുക്കണ്ടേ? പ്ലാച്ചിമടയിൽ, കേരളത്തിന്റെ നെല്ലറയായ പാലക്കാട്, ഏറ്റവും കൂടുതൽ നെല്ലുല്പാദിപ്പിക്കപ്പെടുന്ന ചിറ്റൂരിൽ വരൾച്ചയുടെ ഫലമായി കൃഷിക്കാർ ദുരിതം അനുഭവിക്കുന്നു.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ബഹുമാനപ്പെട്ട സി. കെ. നാണു പ്രധാനപ്പെട്ട ഒരു കാര്യമാണ് പറഞ്ഞുവരുന്നത്. അങ്ങ് മന്ത്രിയായിരുന്ന കാലത്ത് പ്ലാച്ചിമടയിലെ ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി സമരം ചെയ്തിട്ടുണ്ട്, അതിനുശേഷമാണ് പ്ലാച്ചിമടയിൽ നിലവിലുള്ള കൊക്കകോള ഫാക്ടറിക്ക് അനുമതി കൊടുത്തത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. സി. കെ. നാണു: എന്റെ അറിവിൽ പാലക്കാട് ജില്ല, പ്രത്യേകിച്ചും ചിറ്റൂർ താലൂക്കിലെ കർഷക തൊഴിലാളികൾ തൊഴിലില്ലാതെ കഷ്ടപ്പെടുന്ന ഒരു കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ താല്പര്യത്തിന് ഹാനികരമല്ലാത്ത രൂപത്തിൽ, അതിന് ഏതു രൂപത്തിൽ ലൈസൻസ് കൊടുത്തു, അതിന്റെ വാക്കുകളെന്തായിരുന്നു എന്നുള്ളതൊന്നും ഞാൻ പറയുന്നില്ല, അങ്ങനെയുള്ള ഒരു ഘട്ടത്തിൽ അനുവാദം കൊടുത്തപ്പോൾ കൊക്കക്കോള കമ്പനി ഭൂഗർഭജലം ചൂഷണം ചെയ്യുന്നു എന്നുവന്നു. അപ്പോൾ പഞ്ചായത്ത്, അവിടെയുള്ള ബഹുജന സംഘടനകൾ, അവിടെയുള്ള ആദിവാസികൾ അവരെല്ലാം ഇതിന്റെ ഭവിഷ്യത്ത് മനസ്സിലാക്കിക്കൊണ്ട് ഭൂഗർഭജലം കൊക്കക്കോള കമ്പനി ഊറ്റുന്നത് നിർത്തണമെന്ന് പറഞ്ഞു. അതിന്റെ മുൻപന്തിയിൽ പെരുമാട്ടി പഞ്ചായത്തുണ്ടായിരുന്നു, പെരുമാട്ടിയിലെ ഇടതുപക്ഷ ജനാധിപത്യ സംഘടനകളുണ്ടായിരുന്നു, നിങ്ങളുടെ കക്ഷി അടക്കമുള്ള പെരുമാട്ടി പഞ്ചായത്തിലെ എല്ലാ കക്ഷികളുമുണ്ടായിരുന്നു.

ശ്രീ. എം. വി. ജയരാജൻ: സർ, ആ കമ്പനിയുടെ ലൈസൻസ് റദ്ദാക്കിക്കൊണ്ട് പെരുമാട്ടി പഞ്ചായത്ത് തീരുമാനമെടുത്തു. പക്ഷേ ഇവിടെ വന്നപ്പോൾ ശ്രീ. ചെർക്കളം അബ്ദുള്ളയുടെ തദ്ദേശ സ്വയംഭരണ വകുപ്പ് രൂപ വാങ്ങിയിട്ട് ആ ലൈസൻസ് റദ്ദാക്കിയ പഞ്ചായത്തിന്റെ തീരുമാനത്തെ സ്റ്റേ ചെയ്തു എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. സി. കെ. നാണു: ഞാൻ പറയുന്നത് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ചിറ്റൂർ താലൂക്കിലും പാലക്കാട് ജില്ലയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും ഭൂഗർഭ ജലത്തിന് കുറവുവന്നു, വരൾച്ചയുണ്ടായി. അമ്പരുടെ ഉല്പന്നത്തിന്റെ 99%-വും ഭൂഗർഭജലം മാത്രമാകുന്ന ഒരു കമ്പനിക്ക് അവിടെ വെള്ളമെടുക്കാൻ പാടില്ലെന്നുള്ള തീരുമാനമെടുത്താൽ ആ തീരുമാനത്തിന്റെ കൂടെ നമ്മുടെ സംസ്ഥാനം നിൽക്കേണ്ടതല്ലേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, നമ്മുടെ സ്റ്റേറ്റ് നിൽക്കുന്നില്ല എന്നാണല്ലോ ഇപ്പോൾ ശ്രീ. എം. വി. ജയരാജൻ ചൂണ്ടിക്കാണിച്ചത്. ഞാൻ ഒരു തടസ്സവാദം ഉന്നയിച്ചുകൊണ്ട് പറഞ്ഞപ്പോഴും അതുപറഞ്ഞു, അത് അവരുടെ അധികാരമാണ്, ഇവരുടെ അധികാരമല്ലെന്നു മന്ത്രിപറഞ്ഞു. പെരുമാട്ടി പഞ്ചായത്തിന്റെ പ്രസിഡന്റ് ശ്രീ. കൃഷ്ണൻ എടുത്ത തീരുമാനം റദ്ദുചെയ്യാൻ, അവരെ പുറകോട്ടു പിടിച്ചുവലിക്കാൻ കൊക്കകോള കമ്പനി അമിതസ്വാധീനം ചെലുത്തുകയും ലക്ഷക്കണക്കിന് രൂപ കോഴകൊടുത്ത്, കൈക്കൂലി കൊടുത്ത് സ്വാധീനിക്കാൻ ശ്രമിച്ചത് പത്രങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. സി. കെ. നാണു: അത് പത്രങ്ങളിൽ വന്നത് ശ്രദ്ധയിൽപ്പെട്ടു.....

ശ്രീ. പി. ടി. തോമസ്: സർ, കൊക്കകോളയുടേയും പെപ്സിയുടേയും വലിയ വിവാദം നടന്നുകൊണ്ടിരുന്നപ്പോൾ കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ ഇപ്പോഴത്തെ സെക്രട്ടറി സഖാവ് പിണറായി വിജയൻ പങ്കെടുത്ത യോഗത്തിൽ പെപ്സി കുടിവെള്ളത്തിന്റെ ഒരു ബോട്ടിൽ ഇരിക്കുന്ന പടം മാതൃഭൂമി പത്രം പ്രസിദ്ധീകരിച്ചത് അങ്ങ് ശ്രദ്ധിച്ചില്ലേ?

ശ്രീ. സി. കെ. നാണു: ആ പ്രശ്നത്തിനൊന്നും ഞാൻ മറുപടി പറയുന്നില്ല, കാരണം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ കൂടെ ഞങ്ങൾ മതികെട്ടാൻ മലയിൽ പോയ അവസരത്തിൽ, കുന്നിന്റെ മുകളിലേയ്ക്ക് കയറാൻ പോകുമ്പോൾ കുടിക്കാനുള്ള വെള്ളം എവിടെനിന്നെങ്കിലും കരുതണമെന്നു പറഞ്ഞു. അടിവാരത്തിൽ ഞങ്ങൾ വാഹനം നിർത്തി വെള്ളം ചോദിച്ചപ്പോൾ ഇന്ത്യൻ കമ്പനികളുടെ ഉടമസ്ഥതയിലുള്ള വെള്ളമുള്ള ഒരു ബോട്ടിൽ അവിടെയില്ല, എല്ലാം വിദേശ കുത്തകകളുടേതാണ്, ഇതാണ് കാര്യം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിയായാലും ശ്രീ. പിണറായി വിജയനായാലും ശ്രീ. പി. ടി. തോമസായാലും ഞാനായാലും നമ്മളാരും വെള്ളം വേണമെന്നാഗ്രഹിക്കുന്ന അവസരത്തിൽ വെള്ളം കിട്ടുക എന്നുള്ളതായിരിക്കും ലക്ഷ്യം, അത് നിങ്ങൾക്കറിയാമല്ലോ. പഴയ കാലത്ത് റെയിൽവേസ്റ്റേഷനുകളിൽ നല്ല കുടിവെള്ളം ആളുകൾക്ക് കിട്ടുമായിരുന്നോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. പി. ടി. തോമസിന്റെ ബാഗിൽ നോക്കിയാൽ ഇപ്പോൾ ആ വെള്ളം കാണും.

ശ്രീ. സി. കെ. നാണു: അതുകൊണ്ട് എന്റെ അഭ്യർത്ഥന ഏതു രൂപത്തിൽ നമ്മൾ ഈ പ്രശ്നത്തെ കൈകാര്യം ചെയ്യുന്നു എന്നുള്ളതാണ്, ലാഘവത്തോടുകൂടി നമുക്ക് ഇത് കൈകാര്യം ചെയ്യാൻ പറ്റുമോ?

ശ്രീ. ബി. വിജയകുമാർ: സർ, ഇവിടെ പ്രധാനപ്പെട്ട ചർച്ച ആരോപണ പ്രത്യാരോപണങ്ങളായിട്ട് പോവുകയാണല്ലോ. ബഹുമാനപ്പെട്ട അങ്ങയുടെ പാർട്ടിയിൽപ്പെട്ട ശ്രീ. കൃഷ്ണൻകുട്ടിക്ക് പാലക്കാട് ജില്ലയിൽ മോട്ടോർ വച്ച് കിണറിൽനിന്നും വെള്ളമെടുത്ത് വിൽക്കലാണ്, കച്ചവടം ചെയ്യലാണ് ജോലി. അത് ഭൂഗർഭജലം ഊറ്റിവിൽക്കലല്ലേ, അതേപ്പറ്റി ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ നാണു: കൊക്കകോള കമ്പനി വരുന്നതിനു മുൻപ് പാലക്കാട് ജില്ലയിലും ചിറ്റൂർ പ്രദേശത്തുമൊക്കെയുള്ള കൃഷിക്കാർ കൃഷിക്ക് ഭൂഗർഭജലമാണ് ഉപയോഗിച്ചിരുന്നത്. ഭൂഗർഭജലമുപയോഗിച്ചു കൊണ്ടിരുന്നപ്പോൾ കേരളത്തിൽ അരിയുടെ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ടായിരുന്നു. ഭൂഗർഭ ജലമാണ് ആരോഗ്യത്തിന് നല്ലതെന്നും കുടിവെള്ള ലഭ്യതയുടെ കാര്യത്തിൽ കേരളം ഇന്ന് പുറകിലാണെന്നുമാണ് പ്ലാനിംഗ് കമ്മീഷൻ പറയുന്നത്. വൻകിട വ്യാപാരക്കാർ ഭൂഗർഭ ജലമുപയോഗിക്കുന്നത് തടയാൻ നമ്മൾ ബാദ്ധ്യസ്ഥരല്ലേ? നമ്മൾ കുടിവെള്ളവുമായി ബന്ധപ്പെട്ട ഒരു നിയമനിർമ്മാണത്തിലേയ്ക്ക് വരുന്നയവസരത്തിൽ ഇത് തടയാൻ നമ്മൾ ബാദ്ധ്യസ്ഥരാണ്. ബഹുമാനപ്പെട്ട ഡോ. എ. നീലലോഹിതദാസൻ നാടാർ ഇവിടെ പറഞ്ഞു സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്തെങ്കിലും നമ്മളടക്കമുള്ള കക്ഷികൾ ആ ചർച്ചയിൽ പങ്കെടുക്കാത്തതുകൊണ്ട് പലർക്കും ആക്ഷേപമുണ്ടായി. കാരണം പാവപ്പെട്ട ഒരാൾ കിണർ കുഴിക്കുന്നയവസരത്തിൽ അയാൾ ഭീഷണിക്ക് വിധേയമാകുമോയെന്നുള്ള ധാരണപലതുമുണ്ടായി. പിന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്താവന വന്നു. സ്വന്തമാവശ്യത്തിന് കിണർ കുഴിക്കുന്നതൊന്നും ആ പരിധിയിൽ വരില്ലെന്നും അവർക്കൊന്നും ബുദ്ധിമുട്ടുണ്ടാകില്ലെന്നും അദ്ദേഹം പറഞ്ഞു. ഞാൻ ചോദിക്കുന്നത് ഭൂഗർഭ ജലം കേരളത്തിൽ വ്യാപാരാടിസ്ഥാനത്തിൽ ഉപയോഗിക്കാൻ പറ്റുമോ? പറ്റുന്നില്ലെങ്കിൽ കൊക്കകോള കമ്പനിയായാലും പെപ്സി കമ്പനിയായാലും ഏത് കോർപ്പറേറ്റ് മാനേജുമെന്റുകളായാലും വ്യാപാരാടിസ്ഥാനത്തിൽ ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കേണ്ടതല്ലേ?

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, ശ്രീ. സി. കെ. നാണുവിന്റെ പാർട്ടി കൊക്കകോള കമ്പനിക്കെതിരായി സമരത്തിലേർപ്പെട്ടിരിക്കുകയാണ്. ഒരു ഈച്ച പാലക്കാട് ജില്ലയിൽ പാറിപ്പറക്കണമെങ്കിൽ, ചിറ്റൂരിൽ പാറണമെങ്കിൽ സി.പി.എം. പാലക്കാട് ജില്ലയിലും ചിറ്റൂരിൽ ജനതാദളും അടങ്ങണം. പക്ഷെ അന്ന് ഈ കാര്യത്തിൽ ജനതാദൾ എന്ത് സ്റ്റാന്റാണ് എടുത്തതെന്ന് അങ്ങ് വിശദീകരിക്കുമോ?

ശ്രീ. സി. കെ. നാണു: അതാണ് ഞാൻ നേരത്തെ പറഞ്ഞത് പണിയില്ലാതെ കഷ്ടപ്പെടുന്ന തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കാമെന്നുള്ള നിലയിൽ ഒരു സ്ഥാപനം വന്നു. അവർ വെള്ളമൂറ്റി. നമുക്ക് അപകടം മനസ്സിലായി. ഏറ്റവും വലിയ അപകടമാണുണ്ടാകാൻ പോകുന്നതെന്ന് മന്ത്രിക്ക് അറിയാം. അന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണനും ശ്രീ. കെ. പി. രാജേന്ദ്രനും ഞാനും അവിടെപ്പോയപ്പോൾ അവരുടെ എക്സ്പേർട്ട്സ് നമ്മളോട് പറഞ്ഞത് സാറ്റലൈറ്റിൽ പരിശോധിച്ചപ്പോൾ ഏറ്റവും നല്ല ഭൂഗർഭ ജലം കണ്ടത് ചിറ്റൂരിലാണെന്നാണ്. അത് കൊക്കകോള കമ്പനി സ്ഥിതിചെയ്യുന്ന പ്രദേശത്താണ് എന്നാണ്. ആ ജലം ചൂഷണം ചെയ്യാൻ കമ്പനികൾ ശ്രമിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) :അങ്ങയുടെ ആത്മാർത്ഥതയേയും സത്യസന്ധതയേയും ഞാൻ ബഹുമാനിക്കുന്നു. സാറ്റലൈറ്റ് ഉപയോഗിച്ച് അമേരിക്കക്കാരനും ബഹുരാഷ്ട്ര കുത്തക കമ്പനികളും നോക്കി മനസ്സിലാക്കി ആ സ്ഥലം സെലക്ട് ചെയ്തപ്പോൾ കുത്തക കമ്പനികളോടും സാമ്രാജ്യത്തോടും കടുത്ത വിരോധമുള്ള പാർട്ടി നയിക്കുന്ന ഒരു ഗവൺമെന്റിന് അത് കാണാൻ സാധിച്ചില്ലെന്നു പറഞ്ഞാൽ അങ്ങയുടെ സത്യസന്ധതയേയും ആത്മാർത്ഥതയേയും ചോദ്യംചെയ്യേണ്ടി വരില്ലേ എന്നാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്മുടെ പാർട്ടി ഏതായാലും സാറ്റലൈറ്റ് സംവിധാനത്തിലെത്തിയിട്ടില്ല.

ശ്രീ. എം. എം. ഹസ്സൻ: ഈ നിലയ്ക്ക് പോയാൽ ഉടനെ എത്തും. ഇപ്പോൾ കമ്പ്യൂട്ടറും ആധുനിക ഉപകരണങ്ങളുമെല്ലാം ഉണ്ടല്ലോ. സി.ഐ.എ-യുമായി ചെറിയ ചങ്ങാത്തവും അടുപ്പവുമൊക്കെ കൂടി വരികയാണ്. അപ്പോൾ ഉടനെ സാറ്റലൈറ്റ് പാർട്ടിയായി മാറും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തൊഴിലാളി വർഗ്ഗത്തിന് അതുംകൂടി വേണമെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. സി. കെ നാണു: മന്ത്രി ശ്രീ. എം. എം. ഹസ്സൻ അവർകൾ പറഞ്ഞ അഭിപ്രായം ഞാൻ വിലയിരുത്തുന്നു. നമ്മുടെ നാട്ടിൽ അന്ന് ആ രൂപത്തിൽ അറിയാനുള്ള സാഹചര്യമില്ല. അതുമാത്രമല്ല ഭൂഗർഭ ജലം കേരളത്തിൽ ശോഷിക്കുന്നുയെന്ന് മനസ്സിലായത് കഴിഞ്ഞ വർഷമാണ്. ഭൂഗർഭജലത്തിന്റെ വ്യാപാരാടിസ്ഥാനത്തിലുള്ള ഉപയോഗം നിർത്തണമെന്ന വസ്തുത ശരിയാണ്. അതുകൊണ്ട് എനിക്ക് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് കേരളത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും വിപ്ലവകരമായ രൂപത്തിലുള്ള ഒരു ജലസംരക്ഷണ നിയമമായി ഇത് മാറണം. ശ്രീ. മമ്മൂട്ടി ഇവിടെ പറഞ്ഞതുപോലെ ഭൂമിയിലെവിടെയെല്ലാം വെള്ളം ചെല്ലാനുള്ള സൗകര്യമുണ്ടാക്കാൻ പറ്റുമോ ആ വിധത്തിലുള്ള സംവിധാനങ്ങളുണ്ടാക്കണം. നമ്മുടെ നദികളിൽ നിന്നൊക്കെ 40 ശതമാനത്തോളം വെള്ളം നഷ്ടപ്പെടുന്നുണ്ട്. അതുപോലെ മഴയുള്ളപ്പോൾ നഷ്ടപ്പെടുന്ന വെള്ളം ഒരു പത്ത് ശതമാനമെങ്കിലും സംഭരിച്ച് ഭൂഗർഭജലത്തിന് റീ-ചാർജ്ജ് ചെയ്യാനുള്ള സാഹചര്യമുണ്ടാക്കണം. ഇവിടെ ശ്രീ. മത്തായി ചാക്കോ പറഞ്ഞതുപോലെ മാഹി കനാലിൽ വെള്ളം കിട്ടുന്നയവസരത്തിൽ 12 മാസവും വെള്ളം നിന്നാൽ ആ വെള്ളം റീ-ചാർജ്ജ് ചെയ്യാനുള്ള സൗകര്യങ്ങളുണ്ട്. ഇത്തരത്തിലുള്ള പഠനങ്ങൾ നടത്തി നമ്മുടെ ഈ ബിൽ ജലസംരക്ഷണത്തിനുള്ള നല്ല നിയമമായി മാറണം. ഒരു ബോട്ടിൽ വെള്ളത്തിന് 10 രൂപയും 15 രൂപയുമൊക്കെ കൊടുക്കേണ്ടിവരുമെന്നാണ് സ്വാഭാവികമായും സാധാരണക്കാർ ധരിക്കുന്നത്. കുടിവെള്ളം ഞങ്ങളുടെ കിണറ്റിൽ നിന്നെടുക്കുന്നതിന് നാളെ നിയമം കൊണ്ടുവരുമോ എന്നുള്ളതാണ് അവരൊക്കെ ധരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ (ശ്രീ. ജോണി നെല്ലൂർ): അങ്ങ് കൺക്ലൂഡ് ചെയ്യണം. ഇപ്പോൾതന്നെ 17 മിനിറ്റായി.

ശ്രീ. സി. കെ. നാണു: എങ്കിൽ പിന്നെ ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത് സദുദ്ദേശത്തോടുകൂടിയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പക്ഷെ ഭരണ കക്ഷിയിൽപ്പെട്ടവർ പലരും ചർച്ചയിലിടപെട്ടുകൊണ്ട് നടത്തിയ പല പരാമർശങ്ങളും കേട്ടാൽ പറച്ചിലും പ്രവൃത്തിയും തമ്മിൽ യാതൊരു ബന്ധവുമില്ലെന്നാണ് എനിക്ക് ആമുഖമായി ചൂണ്ടിക്കാണിക്കാനുള്ളത്. കാരണം ഇവിടെ കൊക്കകോളയുമായി ബന്ധപ്പെട്ട് ഒരുപാട് ചർച്ചകളും കാര്യങ്ങളുമൊക്കെ നടന്നു. നമ്മൾ എന്താണ് കൊണ്ടുവന്നിരിക്കുന്നത്? ഭൂഗർഭ ജലം എന്നുപറയുന്നത് ദേശീയ സമ്പത്തായി കാണുകയും ആ ദേശീയ സമ്പത്ത് ദുർവിനിയോഗം ചെയ്യപ്പെടാതെ സംരക്ഷിക്കുകയും ചെയ്യുകയെന്ന ഒരു പൊതുതാൽപര്യത്തിന്റെ അടിസ്ഥാനത്തിലാണ്. അങ്ങനെയാണെങ്കിൽ അങ്ങനെ ദുർവിനിയോഗം ചെയ്യപ്പെടുന്ന ഒരു സംഭവം നമ്മുടെ ശ്രദ്ധയിൽപ്പെട്ടാൽ നമ്മൾ ആദ്യം ചെയ്യേണ്ടത് എന്താണ്? ആ ദുർവിനിയോഗം തടയാൻ കഴിയണം. ആ ദുർവിനിയോഗത്തെ തടയുവാനുള്ള സമീപനവും നടപടിക്രമങ്ങളുമാണോ ഇവിടെ സ്വീകരിച്ചിട്ടുള്ളത്? അല്ല. അതാണ് പറച്ചിലും പ്രവൃത്തിയും തമ്മിൽ പൊരുത്തമുണ്ടാകുന്നില്ലെന്ന് ഞാൻ പറയാൻ കാരണം. ദേശീയ സമ്പത്തായി ഭൂഗർഭ ജലത്തെ സംരക്ഷിക്കപ്പെടണമെന്ന വസ്തുത ബോദ്ധ്യപ്പെടുന്ന ഒരു സംവിധാനം അല്ലെങ്കിലൊരു ഭരണകൂടം അല്ലെങ്കിലൊരു സർക്കാർ അതിന്റെ ദുർവിനിയോഗം തടയാൻ തയ്യാറാകുന്നില്ല എന്നുമാത്രമല്ല അതിന്റെ ദുർവിനിയോഗത്തിന് കൂട്ടുനിൽക്കുന്ന സമീപനം ചിലയാളുകളിൽ നിന്നുണ്ടാകുന്നു. എന്നിട്ട് അതിന് ന്യായവും അന്യായവും പറയുക. തെറ്റ് ബോദ്ധ്യപ്പെട്ടാൽ തിരുത്താനുള്ള ആർജ്ജവം കാണിക്കുകയെന്നുള്ളതാണ് ഒരു ഗവൺമെന്റിന്റെ പ്രധാനപ്പെട്ട ബാദ്ധ്യത. ഇതിനകത്ത് ഇപ്പോൾ ഭൂഗർഭജലത്തിന്റെ ദുർവിനിയോഗമുണ്ടായാൽ, അത് ചൂണ്ടിക്കാണിച്ചാൽ അത് തടയേണ്ട എന്നു പറയുന്നത് ന്യായമാണെന്ന് പറയുകയാണെങ്കിൽ നിങ്ങൾ ഈ ബിൽ പിൻവലിക്കണം. അതല്ല ഈ ബില്ലിൽ പറയുന്ന അന്തസത്തയിൽ ഉറച്ചു നിൽക്കുകയാണെങ്കിൽ ഭൂഗർഭ ജലത്തിന്റെ ദുർവിനിയോഗമുണ്ടെന്ന് ബോദ്ധ്യപ്പെടുന്ന സ്ഥലത്ത് അത് തടയാനുള്ള ആർജ്ജവം ഗവൺമെന്റ് പ്രകടിപ്പിക്കണം. അതിന് മറ്റ് കാര്യങ്ങളൊന്നും പറഞ്ഞിട്ട് കാര്യമില്ല. ആ ആർജ്ജവം കാണിക്കാൻ തയ്യാറാകാത്ത ഒരു സർക്കാരാണ് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത് എന്നുള്ളത് ആദ്യം ഞാൻ ഖേദപൂർവ്വം പറയുകയാണ്. നല്ലകാര്യം ചെയ്യാൻ സഹപ്രവർത്തകരെ ഉപദേശിക്കണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. അതാണ് ഞാൻ പരോക്ഷമായിട്ട് സൂചിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ: ദേശീയസമ്പത്താണ് ഭൂഗർഭജലം, അത് സംരക്ഷിക്കണമെന്ന് സദുദ്ദേശത്തോടുകൂടി ഈ ബിൽ കൊണ്ടുവന്നതിനെ അനുകൂലിച്ചുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ സംസാരിക്കുകയുണ്ടായി. അതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പംതന്നെ ഭൂമിയുടെ വലിപ്പവും ഈ സംഗതിയുടെ പ്രാധാന്യവും വച്ചു നോക്കുമ്പോൾ കേരളംപോലുള്ള ഒരു കൊച്ചു സംസ്ഥാനത്ത് മാത്രമായി ഇങ്ങനെയൊരു നിയമം വന്നാൽ അതുകൊണ്ട് ഉദ്ദേശിച്ച അത്രയും പ്രയോജനം ലഭിക്കുമെന്ന് ഞാൻ കരുതുന്നില്ല. അതേസമയം ഈ ബിൽ പാസ്സാക്കുകയും കേന്ദ്രത്തിൽ ഒരു ദേശീയ നിലവാരത്തിലെങ്കിലും ഇതുപോലുള്ള സംരക്ഷണ നിയമങ്ങൾ കൊണ്ടുവരാൻ നിർബന്ധിക്കുകയും വേണം എന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

1.00 p.m.]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. ടി. കെ. ദേവകുമാർ: ആ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. കാരണം അദ്ദേഹം ഒരു പഴയ കമ്മ്യൂണിസ്റ്റുകാരനാണ്. കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം എന്നും ഇൻഡ്യയ്ക്ക് മാതൃകയായിരുന്നു എന്നുള്ള വസ്തുത ഓർത്തുകൊണ്ട് ഇൻഡ്യയ്ക്ക് മാതൃകയാകാൻ ഇക്കാര്യത്തിലും നമുക്ക് കഴിയണമെന്ന നിർദ്ദേശം വച്ചതിൽ എനിക്ക് സന്തോഷമുണ്ട്. ഈ നിയമം പാസ്സാകുമ്പോൾ അണ്ണാൻകുഞ്ഞിനും തന്നാലായത്, അത്രയുമാകട്ടെ. ഭൂഗർഭജലം സംരക്ഷിക്കുന്നതിന് സർക്കാർ കാണിക്കുന്ന ആത്മാർത്ഥത ഭരണകക്ഷിയിലെ എല്ലാ മന്ത്രിമാരും ഘടകകക്ഷികളും കാണിക്കണമെന്നാണ് ഞാൻ പറഞ്ഞതിന്റെ ചുരുക്കം. ഭൂഗർഭജലത്തിൽ ലീഗും കോൺഗ്രസ്സുമല്ല ഞാൻ പറഞ്ഞത്. ഇത് സദുദ്ദേശപരമായി ചെയ്യണമെന്നാണ് ഞാൻ പറഞ്ഞത്. ഭൂഗർഭജലം ദുർവിനിയോഗം ചെയ്യുന്നുവെന്ന് ബോധ്യപ്പെട്ടാൽ അത് തടസ്സപ്പെടുത്താൻ ബഹുമാനപ്പെട്ട മന്ത്രിമാർ തയ്യാറാകണം. അതിന് കോൺഗ്രസ്സ് എന്ന പ്രമുഖ പാർട്ടി അത് ചെയ്യാത്ത മന്ത്രിമാരെ കടിഞ്ഞാണിടാൻ തയ്യാറാകണം. ഭൂഗർഭജലം സംരക്ഷിക്കണമെന്നു നമ്മൾ പറയുമ്പോൾ അതിനകത്ത് നിങ്ങൾ കാണുന്ന വസ്തുത എന്താണെന്ന് ഞാൻ പറയാം. ഇവിടെ നെൽവയൽ സംരക്ഷണ സമരത്തെപ്പറ്റി ഇപ്പോഴും പറയുന്നു. നെൽവയലുകൾ സംരക്ഷിക്കപ്പെടുന്നതിന്റെ പിന്നിൽ ഭൂഗർഭജലം സംരക്ഷിക്കുന്നതിന്റെ ഒരു വലിയ സദുദ്ദേശംകൂടിയുണ്ട്. ആ സദുദ്ദേശത്തെ ഇപ്പോഴെങ്കിലും കാണാൻ തയ്യാറാകുമല്ലോ. അതിന് തയ്യാറാകുമ്പോൾ ബഹുമാനപ്പെട്ട പാർലമെന്ററികാര്യമന്ത്രി ഉൾപ്പെടെയുള്ളവരോട് വളരെ വിനയത്തോടെയുള്ള ഒരു അഭ്യർത്ഥനയുണ്ട്. ഇന്ന് സമർപ്പിച്ചിരിക്കുന്ന മൂന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ ഒരു റിപ്പോർട്ടുണ്ട്. അതിന്റെ അവസാനഭാഗത്ത് പറഞ്ഞിരിക്കുന്നത്.....

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്കറിയില്ലേ ഒന്നര മണിക്ക് സഭ പിരിയണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: എനിക്ക് അഞ്ചു മിനിട്ടേ അലോട്ട് ചെയ്തിട്ടുള്ളൂ. ആ സമയം ഇതിനകം തീരും. കേരളത്തിന്റെ പുണ്യനദികളായ അച്ചൻകോവിലാറും പമ്പാനദിയും സംരക്ഷിക്കേണ്ടത് സംസ്ഥാനത്തിന്റെ നെല്ലറയായ കുട്ടനാടിന്റെ നിലനിൽപ്പിന് അനിവാര്യമാണെന്ന് റിപ്പോർട്ടിലെ അവസാനത്തെ പേജിൽ ശുപാർശ നമ്പർ ഒന്നായി പറഞ്ഞിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. ഈ ശുപാർശ നടത്തിയ സബ്ജക്ട് കമ്മിറ്റിയിൽ ഭരണകക്ഷി അംഗങ്ങൾ പലരുമുണ്ട്. സന്തോഷമുണ്ട്. ഭരണകക്ഷി സുഹൃത്തുക്കളോട് ഞാൻ ചോദിക്കുന്നു, കുട്ടനാടിന്റെ നെല്ലറ നികത്തി ബാർ ഹോട്ടൽ പണിയുമെന്ന് പ്രഖ്യാപിച്ച നിങ്ങളുടെ സഹപ്രവർത്തകന്റെ നിലപാടാണോ ഇപ്പോഴും നിങ്ങൾക്ക് ഇക്കാര്യത്തിൽ ഉള്ളതെന്ന് വ്യക്തമാക്കാൻ സംസ്ഥാന സർക്കാർ തയ്യാറാകണം. നെൽവയൽ സംരക്ഷണ സമരവുമായി ഞങ്ങൾ രംഗത്ത് വന്നപ്പോൾ അതിനെ വെട്ടിനിരത്തൽ സമരമെന്ന് ആക്ഷേപിച്ച ചില ആളുകൾ, അന്നത്തെ പ്രമുഖനായ ഒരാൾ ഇന്നത്തെ മന്ത്രിസഭയിലെ ഒരു പ്രമുഖനായ മന്ത്രി കുട്ടനാടുവന്നുനിന്ന് പ്രഖ്യാപിച്ചു, ഞങ്ങൾ കുട്ടനാട് കുത്തി നികത്തും, ഇവിടെ ബാർ ഹോട്ടൽ പണിയും, എന്ത് ചെയ്യാൻ കഴിയുമെന്ന്. അങ്ങനെ ചോദിച്ച ആ മാന്യദേഹത്തിന്റെ നിലപാടിൽ ഇപ്പോഴെങ്കിലും മാറ്റംവന്നുവെന്നുപറയാൻ കോൺഗ്രസ്സ് എന്ന പ്രമുഖമായ ഭരണകക്ഷിക്ക് കഴിയുമോയെന്ന് അറിയാൻ എനിക്ക് താല്പര്യമുണ്ട്. പറച്ചിലും പ്രവൃത്തിയും തമ്മിൽ ബന്ധം വേണമെന്ന് അതാണ് ഞാൻ പറഞ്ഞത്. ഭൂഗർജലത്തെ സംരക്ഷിക്കുന്നതിന് ആഗ്രഹിക്കുന്നു, നെൽ വയലുകളെ സംരക്ഷിക്കുന്നതിന് ആഗ്രഹിക്കുന്നു. കുട്ടനാടിനെ സംരക്ഷിക്കുന്നതിന് ആഗ്രഹിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മി. ദേവകുമാർ, നിങ്ങളൊക്കെ ഇങ്ങനെയായാൽ ഇത് സമയത്തിന് തീർക്കണ്ടേ?

ശ്രീ. ടി. കെ. ദേവകുമാർ: ഞങ്ങൾ സദുദ്ദേശത്തോടുകൂടിയുള്ള എല്ലാ സമീപനങ്ങളോടും സഹകരിക്കാൻ സന്തോഷപൂർവ്വം തയ്യാറാണ്. സർ, ചില ദിവസം ചില എം.എൽ.എ.-മാർ ഗുളിക കഴിക്കാതെയാണ് വരുന്നത്. അതിന്റെ ബുദ്ധിമുട്ടാണ് സഭയിൽ കാണിക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. വിഷയത്തിലേയ്ക്ക് കടക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭൂരിപക്ഷവും ഇപ്പോൾ ഗുളിക കഴിച്ചുതന്നെ.

ശ്രീ. ടി. കെ. ദേവകുമാർ: അതെ സാർ. ചിലർ ചില ഗുളിക കഴിക്കാതെ വരുന്നതിന്റെ ബുദ്ധിമുട്ടാണ് സഭയിൽ അനുഭവിക്കുന്നത്.

(.....ബഹളം.....)

ശ്രീ. ടി. എച്ച്. മുസ്തഫ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

(.....ബഹളം.....ബഹളം.....)

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ എന്റെ കാര്യമാണ് പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ.....ഓർഡർ.....പ്ലീസ്.....

(.....ബഹളം.....) ചെയറും ഗുളിക കഴിച്ചിട്ടാണ് ഇപ്പോൾ വന്നത്. അതിൽ പോയിന്റ് ഓഫ് ഓർഡറില്ല. ഇത് എല്ലാപേർക്കും ഉള്ളതുതന്നെ. പ്ലീസ് .....പ്ലീസ് .....(.....ബഹളം.....) നിങ്ങളുടെ കാര്യമല്ല, എന്റെ കാര്യമാണ് പറഞ്ഞത്. അതിലെനിക്ക് കുഴപ്പമൊന്നുമില്ല.

ശ്രീ. ടി. കെ. ദേവകുമാർ: ഞാൻ ഗുളിക കഴിക്കാതെ വന്ന കാര്യമാണ് ഞാൻ പറഞ്ഞത്. ചില ആളുകൾക്ക് 60 വയസ്സ് കഴിഞ്ഞാലും ഒരു ഗുളികയും വേണ്ട. (.....ബഹളം.....) ഞാൻ രാവിലെ ഷുഗറിന്റെ ഗുളിക കഴിക്കാതെവന്ന കാര്യമാണ് പറഞ്ഞത്. ചില ആളുകൾ **** കാര്യം തെറ്റിദ്ധരിച്ചിട്ടുണ്ട്. ഞാൻ എന്റെ കാര്യമാണ് പറഞ്ഞത്. (.....ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ: അദ്ദേഹം പറഞ്ഞത് മൊത്തത്തിലുള്ള കാര്യമാണ്. നിങ്ങളെ ആരേയും കുറ്റപ്പെടുത്തിയതല്ല. അത് പരിശോധിക്കും. ഇതിൽ റൂളിംഗ് ഒന്നുമില്ല. (.....ബഹളം.....) അത് പരിശോധിക്കുന്നതാണ്. ഇതിന് റൂളിംഗ് ഒന്നും വേണ്ട. അത് പരിശോധിക്കുന്നതാണെന്ന് പറഞ്ഞു. റൂളിംഗ് കഴിഞ്ഞു. (.....ബഹളം.....) ഞാൻ പരിശോധിക്കാമെന്ന് പറഞ്ഞല്ലോ. പിന്നെ എന്തിനാണ് ചെയറിനെ ധിക്കരിക്കുന്നത്.

ശ്രീ. ടി. കെ. ദേവകുമാർ: അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നല്ല കാര്യം പറഞ്ഞാൽ അത് കേൾക്കാനുള്ള ക്ഷമാശീലം ഇല്ലായെന്ന്. (.....ബഹളം.....) ഭൂഗർഭജലം സംരക്ഷിക്കുന്നതിന് വസ്തുതാപരമായ ചില നിർദ്ദേശങ്ങളാണ് എനിക്ക് പറയാനുള്ളത്. (.....ബഹളം.....) ഞാൻ ചെറുപ്പമാണ്. എനിക്ക് ഗുളിക കഴിക്കണം. അതുകൊണ്ട് ഞാൻ പറഞ്ഞുപോയതാണ്. പ്രായമായാലും കഴിക്കേണ്ടാത്ത ഒരുപാടുപേരുണ്ട്. ഞാൻ സമ്മതിച്ചു. എനിക്ക് അതിലൊന്നും തർക്കമില്ല. ഗുളികയെന്നു പറഞ്ഞാൽ അൺപാർലമെന്ററിയാണെങ്കിൽ ഞാൻ പിൻവലിക്കാം. ഞാൻ ചെറുപ്പമായാലും കഴിക്കുന്നുണ്ട്. ഭൂഗർഭജലത്തിന്റെ സംരക്ഷണം.....(.....ബഹളം.....) ലോക്കൽ ബോഡീസിനെ ഇത് ഏല്പിക്കാൻ തയ്യാറായാൽ.....

മി. ഡെപ്യൂട്ടി സ്പീക്കർ: എല്ലാപേരും സംസാരിക്കുമ്പോൾ ഇങ്ങനെയൊക്കെവരും.

ശ്രീ. ടി. കെ. ദേവകുമാർ: നല്ല കാര്യം പറയാനും സമ്മതിക്കില്ലേ. ഭരണകക്ഷി സുഹൃത്തുക്കളേ, നിങ്ങൾ ഒന്ന് സഹകരിക്കണം. പറയുന്നതെന്താണെന്ന് കേട്ടിട്ട് പ്രതികരിക്കൂ. ഗുളികയെന്നു പറയുമ്പോഴേ ചാടണോ? അത് നല്ല കാര്യമാണോ ചീത്ത കാര്യമാണോ എന്നുള്ളത് കേട്ടിട്ട് പറയണം. ലോക്കൽ ബോഡീസിനെ ഇത് ഏല്പിച്ചുകൊണ്ട് സർക്കാർ സാങ്കേതിക സഹായവും അതുപോലെതന്നെ അവർക്ക് പണവും നൽകി, ഇപ്പോൾ ശ്രീ. പ്രതാപവർമ്മ തമ്പാൻ മുന്നോട്ടുവച്ച ഒരു നിർദ്ദേശം ഗവൺമെന്റ് ഗൗരവതരമായി പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

*** ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശം പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

(No. 524/EB/2004/ലെജി.)

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. ടി. കെ. ദേവകുമാർ: എനിക്ക് പത്തു മിനിട്ട് മതി.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇപ്പോൾ പത്തുമിനിട്ട് കഴിഞ്ഞു.

ശ്രീ. ടി. കെ. ദേവകുമാർ: ജൂൺ 11-ന് പുറപ്പെടുവിച്ച ചട്ടങ്ങളിൽ പറയുന്നത് ഒന്നര ഹോഴ്സ് പവർ മോട്ടർ ഉപയോഗിക്കുന്നതിനെ പെർമിറ്റിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട് എന്നാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: മി. ദേവകുമാർ സഹകരിക്കണം.....പ്ലീസ്..... പ്ലീസ്.....ഒന്നു ചുരുക്കണം.

ശ്രീ. ടി. കെ. ദേവകുമാർ: സർ, ഞാൻ പോയിന്റ് പറയാം. എന്റെ പോയിന്റ് മാത്രം പറഞ്ഞ് അവസാനിപ്പിക്കാം. അതിനെ സംബന്ധിച്ച് ഒരു പിശക് ചൂണ്ടിക്കാണിക്കുകയാണ്. ബില്ലിൽ ഡെഫനിഷന് മാത്രമേ ഭേദഗതി വരുത്തിയിട്ടുള്ളൂ. പമ്പ് ചെയ്യുന്ന കിണറുകളെന്ന ഭേദഗതിയാണ് കൊണ്ടു വന്നിട്ടുള്ളത്. പുരയിടങ്ങളിൽ നിർമ്മിക്കുന്ന കിണറുകളെയാണ് ഒഴിവാക്കിയത്. എന്നാൽ ചട്ടത്തിൽ മാറ്റം വരുത്തിയാൽ പോരാ. ഉദ്യോഗസ്ഥർ നിയമത്തിലെ 6-ഉം 7-ഉം വകുപ്പുകളിൽ കൂടി മാറ്റം വരുത്തണം. ഇല്ലെങ്കിൽ വ്യവസ്ഥകൾ ദുർവിനിയോഗം ചെയ്ത് വീട്ടുകിണറുകളെയും നിയമത്തിന്റെ പരിധിയിൽ കൊണ്ടുവരും. അതുപോലെ തന്നെ കേരളത്തിലെ ഭൂഗർഭ ജലവിതാനം ഏറ്റവും കുറഞ്ഞത് കാസർഗോഡ്, കൊടുങ്ങല്ലൂർ, ചിറയിൻകീഴ് എന്നീ മൂന്ന് ബ്ലോക്കുകളിലാണ്. ഗവൺമെന്റ് അവിടെ പ്രത്യേക പഠനം നടത്തണം. എന്നിട്ട് മഴവെള്ള സംഭരണത്തിന് അവിടെ ഒരു പ്രത്യേക പദ്ധതി ഉണ്ടാക്കണം. മഴക്കുഴി ഉണ്ടാക്കാൻ നമ്മൾ പദ്ധതി തയ്യാറാക്കി ആവിഷ്ക്കരിച്ചിരിക്കുന്നു. അതിൽ സന്തോഷമുണ്ട്. അതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ മലനാടിലും ഇടനാടിലും മാത്രമായി ഒതുക്കി നിറുത്തരുത്. ഏറ്റവും കൂടുതൽ ഭൂഗർഭജലം ഉപയോഗിക്കുന്നത് തീരപ്രദേശത്താണ്. തീരപ്രദേശത്ത് മഴക്കുഴികൾ ഉണ്ടാക്കിയാൽ അത് മുഴുവൻ കൊതുകിന് മുട്ടയിടാനുള്ള കുഴികളായി മാറുകയേയുള്ളൂ. മഴക്കുഴികൾ തീരപ്രദേശത്ത് പ്രായോഗികമല്ല. അപ്പോൾ തീരപ്രദേശത്തെ കേന്ദ്രീകരിച്ചുകൊണ്ട് മഴവെള്ളം സംഭരിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പദ്ധതി ഉണ്ടാക്കാനും ഈ മഴവെള്ളം സംഭരിക്കുന്ന പദ്ധതിയിൽ കേരളത്തിന്റെ തീരപ്രദേശത്തിന് പ്രാധാന്യം കൊടുക്കാനും കഴിയണം. ഇന്നിപ്പോൾ പല സ്ഥലത്തും ഭൂഗർഭജലത്തിന്റെ അളവ് കുറഞ്ഞു വരുന്നു. ജപ്പാൻ കുടിവെള്ള പദ്ധതി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊണ്ടുവന്നപ്പോൾ പാര വയ്ക്കാൻ ശ്രമിച്ചവർ തന്നെ ഇന്ന് അത് മാറ്റിയിട്ട് ചെയ്യാൻ ശ്രമിക്കുന്നതിൽ സന്തോഷമുണ്ട്. കുറേ ഭാഗത്ത് അത് ഗുണകരമാണ്. പക്ഷേ കേരളത്തിലെ മഹാഭൂരിപക്ഷം വരുന്ന തീരപ്രദേശങ്ങളിലെ സ്ഥിതി എന്താണ്? ഫ്ളൂറൈഡിന്റെ അംശം കൂടുന്നു. ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നു. അത് നമ്മൾ ഗൗരവമായി കാണേണ്ട പ്രശ്നമാണ്. ഗൗരവമായി കാണുന്നതിന് ഒരു പദ്ധതി ഉണ്ടാകണം. അതിന് നിർദ്ദേശം ഉണ്ടാകണം. നാളെ വെള്ളത്തിനുവേണ്ടി യുദ്ധം ചെയ്യേണ്ടിവരും എന്നൊക്കെ പറഞ്ഞിട്ട് കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ തീരപ്രദേശത്താണ് ഏറ്റവും ഗൗരവമായ പ്രശ്നം വരുന്നത്. മലനാടിലും ഇടനാട്ടിലും ഈ മഴക്കുഴി ഉൾപ്പെടെയുള്ള സംവിധാനം ഫലപ്രദമാകുമ്പോൾ തീരപ്രദേശത്ത് ഭൂഗർഭത്തെ മാത്രം ആശ്രയിച്ച് കുടിവെള്ളം ഉപയോഗിക്കുന്നു. ആ പ്രദേശത്ത് കിട്ടുന്ന മഴവെള്ളം പരമാവധി ഉപയോഗപ്പെടുത്തുന്നതിലേയ്ക്ക് ഒരു പ്രത്യേകപഠനം നടത്തുന്നതിന് തയ്യാറാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ പല കാര്യങ്ങളും ഇവിടെ അവതരിപ്പിച്ച നിയമവുമായിട്ട് ബന്ധമുള്ള കാര്യമല്ല. പൊതുവായ കാര്യങ്ങളാണ് കൂടുതലും പറഞ്ഞത്. പൊതുവായിട്ടുള്ള ഒരു ആശയം എന്ന് പറയുന്നത്, ഭൂഗർഭജലം അമിതമായിട്ട് ചൂഷണം ചെയ്യുന്ന ചില സാഹചര്യങ്ങളുണ്ട്. ബഹുരാഷ്ട്ര കുത്തകക്കാർ ഭൂഗർഭജലം ചൂഷണം ചെയ്യുന്നു. അതിനെ നിയന്ത്രിക്കണം എന്നുള്ള അഭിപ്രായമാണ് ഇവിടെ ഉയർന്നു വന്നത്. നമ്മുടെ സംസ്ഥാനത്ത് ഭൂജലവകുപ്പ് 1-1-1978-ലാണ് നിലവിൽ വന്നത്. 2002-ലെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ട് വരുന്നതുവരെ ഈ ഡിപ്പാർട്ടുമെന്റിനെ നിയന്ത്രിക്കാൻ ഒരു നിയമവും സംസ്ഥാനത്ത് ഉണ്ടായിരുന്നില്ല. സ്റ്റാറ്റ്യൂട്ടറി ബാക്കിംഗ് ഇല്ലാതെ എക്സിക്യൂട്ടീവ് ഉത്തരവ് വഴി നമ്മുടെ ഡിപ്പാർട്ടുമെന്റ് നടത്തിക്കൊണ്ടിരിക്കുകയായിരുന്നു. അതിന് ഒരു മാറ്റം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഏറ്റവും അഭിമാനകരമായ സംഗതിയാണ്. അതുപോലെ തന്നെ നമ്മുടെ സംസ്ഥാനത്ത് എട്ടോൻപത് നിയമങ്ങളിലായി നടപടികൾ സ്വീകരിച്ചു വന്ന ജലസേചന വകുപ്പിനെ സംബന്ധിച്ചിടത്തോളം 2003-ൽ കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് കൊണ്ടുവരാനും അതിന്റെ അടിസ്ഥാനത്തിൽ നടപടികൾ ആരംഭിക്കാനും കഴിഞ്ഞത് അഭിമാനകരമാണ്. ഇവിടെ ബഹുമാനപ്പെട്ട ചില അംഗങ്ങൾ പറഞ്ഞത് ഇത് നടപ്പിലാക്കാൻ കാലതാമസം ഉണ്ടായി എന്നാണ്. കാലതാമസം ഉണ്ടായിട്ടില്ല. ഇത് പൂർണ്ണ നിയമം ആയിരുന്നില്ല. ഈ നിയമം നിയമസഭ പാസ്സാക്കിയത് 1-8-2002-ലാണ്. നിയമം നിലവിൽ വന്നത് 16-12-2003-ലാണ്. അതിന്റെ റൂൾസ് ഇറക്കിയത് 16-3-2004-ലാണ് വീണ്ടും കിണറിനെ സംബന്ധിച്ച് ചില തർക്കങ്ങളും പ്രശ്നങ്ങളും ഒക്കെ വന്നപ്പോൾ റൂൾസിന് ഒരു ഭേദഗതി നിർദ്ദേശിച്ചുകൊണ്ടുള്ള രണ്ടാമത്തെ ഗസറ്റ് വിജ്ഞാപനം ഇറക്കിയത് 11-6-2004-ലാണ്. ഈ നിയമം 16-12-.2003-ൽ നിലവിൽ വന്നുകഴിഞ്ഞ് അതിന്റെ റൂൾസ് 16-3-2004-ൽ ഇറക്കി. എന്നുവച്ചാൽ മൂന്ന് മാസമേ എടുത്തിട്ടുള്ളൂ. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമുക്ക് എല്ലാവർക്കും അറിയാം നിയമസഭ നിയമം പാസ്സാക്കി കഴിഞ്ഞാൽ അതിന് റൂൾസ് ഉണ്ടാക്കാൻ വേണ്ടി വരുന്ന കാലതാമസം വളരെയേറെയാണ്. ഇതിനകത്ത് ആ കാലതാമസം ഒഴിവാക്കി എന്നുള്ളത് തന്നെ ഗവൺമെന്റ് എത്ര എഫിഷ്യന്റായിട്ട് ഈ കാര്യങ്ങൾ ചെയ്യാൻ ശ്രമിച്ചു എന്നുള്ളതിൽ അപ്രീഷിയേറ്റ് ചെയ്യേണ്ടതാണ്. അതിന് കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കുറ്റം പറയേണ്ട ആവശ്യമില്ല. ഇന്ന് ഇവിടെ ഈ ഭേദഗതി കൊണ്ടു വരേണ്ടിവന്ന സാഹചര്യം ഞാൻ പറഞ്ഞു. നിയമത്തിന്റെ 9-ാം വകുപ്പിൽ ഉണ്ടായിരുന്ന ഒരു പ്രശ്നം, അതോറിറ്റി നിലവിൽ വന്ന് കഴിഞ്ഞ് 120 ദിവസത്തിനകം രജിസ്ട്രേഷനെ സംബന്ധിച്ചുള്ള അപേക്ഷകൾ സമർപ്പിക്കണമെന്ന് പറഞ്ഞിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അത് സംബന്ധിച്ച് 15-5-2004-ൽ അതിന്റെ ലാസ്റ്റ് ഡേറ്റ് ആയി. അപ്പോൾ ആ ഡേറ്റിനുള്ളിൽ രജിസ്ട്രേഷൻ പൂർത്തിയാക്കാൻ കഴിഞ്ഞു. അതുകൊണ്ട് ഗവൺമെന്റ് വിഞ്ജാപനം ചെയ്യാനുള്ള സൗകര്യം കൊടുക്കുകയാണ് ഈ ഭേദഗതി നിയമപരമായി തന്നെ നിലനിൽക്കത്തക്കതാണ്. പിന്നെ ഇവിടെ പറഞ്ഞ ചില കാര്യങ്ങളിലേയ്ക്ക് കടക്കുന്നതിനുമുൻപ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം, ഇന്ന് ലോകത്തിൽ ലഭ്യമായിട്ടുള്ള ഏറ്റവും അത്യാധുനിക സാങ്കേതിക സൗകര്യങ്ങൾ കേരളത്തിലെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ലഭ്യമാക്കിയിട്ടുണ്ട്. അതിന്റെ ലാബുകൾ നമുക്ക് വളരെ സുസജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹൈഡ്രോളജി പ്രോജക്ടിന്റെ ഒന്നാംഘട്ടം പൂർത്തിയാക്കി. അതിനുവേണ്ടി ലോകബാങ്കിന്റെ സഹായത്തോടുകൂടി ഏകദേശം 25 കോടി രൂപയോളം ചെലവാക്കിയിട്ടുണ്ട്. അതിന്റെ 1-ാം ഘട്ടം തീർന്നു. 2-ാം ഘട്ടത്തിന്റെ പ്രവർത്തനം അടുത്ത മാസം തുടങ്ങും. 2006-ൽ പൂർത്തിയാക്കുന്നതിനുവേണ്ടി ഏകദേശം 11 കോടി രൂപയോളം വീണ്ടും നമുക്ക് ചെലവഴിക്കാൻ സാധിക്കും. ഇപ്പോഴത്തെ സ്ഥിതിയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ അറിയണമെന്നുള്ളതു കൊണ്ട് ഞാൻ പറയട്ടെ. നമ്മുടെ പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് ഈ ഡിപ്പാർട്ടുമെന്റ് മുപ്പതോളം പഠന റിപ്പോർട്ടുകൾ ഇതിനോടകം തയ്യാറാക്കിയിട്ടുണ്ട്. 14 ജില്ലകളുടേയും 2002-ലെ ഇയർബുക്ക് അതിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. അതുപോലെ Lab Level 2+, Gas Chromatograph, Assortion Spectrometer തുടങ്ങിയ അത്യാധുനിക യന്ത്രസാമഗ്രികൾ ഇപ്പോൾ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ഓരോ വർഷവും ദിവസം ആറ് മണിക്കൂർ ഇടവിട്ട് ഭൂജല നിരപ്പിന്റെ വ്യതിയാനം രേഖപ്പെടുത്തുന്നതിന് സി.ഡബ്ലിയു.എൽ.ആർ. ഡിജിറ്റൽ വാട്ടർ ലെവൽ ഇൻഡിക്കേറ്റർ 413 നിരീക്ഷണ കിണറുകളിലൂടെ രേഖപ്പെടുത്തി അതിന്റെ ഡേറ്റാ കളക്ട് ചെയ്തിട്ടുണ്ട്. 5 ലക്ഷം ഡേറ്റാകൾ ഇതിനോടകം തന്നെ സമാഹരിച്ച് അതിന്റെ നിരീക്ഷണം നടത്തി വരികയാണ്. അതുപോലെ തന്നെ 14 ഡിസ്ട്രിക്ട് ഡേറ്റാ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. രണ്ട് റീജിയണൽ ഡേറ്റാ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന ഡേറ്റാ സെന്റർ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഏതായാലും ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനങ്ങളെ വളരെ വിദഗ്ദ്ധമായിട്ട് നമുക്ക് ഭാവിയിലേയ്ക്ക് കൊണ്ടുപോകാൻ കഴിയും എന്നുള്ളതിന്റെ തെളിവുകളാണിത്. ഇപ്പോഴത്തെ നമ്മുടെ ഗ്രൗണ്ട് വാട്ടർ പൊട്ടൻഷ്യലിനെ സംബന്ധിച്ച് ഇവിടെ പല ആളുകളും അഭിപ്രായം പറഞ്ഞു. ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി സംസ്ഥാനത്തെ ഗ്രൗണ്ട് വാട്ടർ പൊട്ടൻഷ്യാലിറ്റിയുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആ റിപ്പോർട്ട് അനുസരിച്ച് Total ground water recharge in the State is found to be 6840.80 million cubic metre. Net ground water availability of the State is 6229.04 million cubic metre. Existing gross ground water draft for irrigation is 1596.02 million cubic metre and the existing gross ground water draft for domestic and industrial need is 1097.36 million cubic metre. Gross ground water draft for all use is 2693.38 million cubic metre. Net ground water availability for future irrigation use is worked out as 3021.23 million cubic metre. The overall stage of development of the State is 43.24%. ഇതാണ് ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റിയുടെ റിപ്പോർട്ട്.

ഇതിൽ നമ്മുടെ സംസ്ഥാനത്ത് എന്തുമാത്രം വെള്ളം നമുക്ക് ഉപയോഗിക്കാനുണ്ട് എന്നതിനെ സംബന്ധിച്ച് ഡീറ്റെൽസ് ഉണ്ട്. ഹൈദ്രാബാദിൽ പ്രവർത്തിക്കുന്ന നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയുടെകൂടെ, സഹായത്തോടെ, ഒരു കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാണ്. അവരുടെ കൂടി സഹായത്തോടുകൂടി സാറ്റലൈറ്റ് മാപ്പിംഗ് നമ്മൾ നടത്തിയിട്ടുണ്ട്. അതനുസരിച്ച് കേരളത്തിൽ ഏതെല്ലാം പ്രദേശങ്ങളിൽ എത്രത്തോളം ഗ്രൗണ്ട് വാട്ടർ ഉണ്ടാകും എന്നുള്ളതിനെ സംബന്ധിച്ച് നമുക്ക് കൃത്യമായ ഒരു കണക്ക് ലഭ്യമാകും. ഈ കഴിഞ്ഞ ദിവസം ഉദ്യോഗസ്ഥൻമാരുമായി വീണ്ടും ഇത് സംബന്ധിച്ച് ചർച്ച നടത്തി. അടുത്ത ഒരു ആറ് ആഴ്ചയ്ക്കുള്ളിൽ കേരളത്തിലെ ഗ്രൗണ്ട് വാട്ടറിനെ സംബന്ധിച്ച് ഓരോ പ്രദേശത്തേയും കൃത്യമായ സ്ഥിതിവിവരക്കണക്കുകൾ നമുക്ക് ഉണ്ടാക്കാൻ സാധിക്കും. ഇവിടെ ഒരു മെമ്പറുടെ പ്രസംഗത്തിനിടയിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിലെ ആളുകൾ പോയി നോക്കി കുഴിച്ചിടത്ത് വെള്ളം കിട്ടിയില്ല, ആശാരി നോക്കി കുഴിച്ചിടത്ത് വെള്ളം കിട്ടി എന്നുപറഞ്ഞു, അത് ചിലപ്പോൾ ശരിയായിരിക്കും. എനിക്ക് അറിഞ്ഞുകൂടല്ലോ, ശ്രീ. ജയരാജനാണ് പറഞ്ഞത്, ശ്രീ. ജയരാജൻ പറഞ്ഞത് ശരിയായിരിക്കും. എനിക്ക് അറിയാത്ത കാര്യമായതു കൊണ്ട് ശരിയാണെന്ന് പറയുന്നില്ല. പക്ഷെ നമുക്ക് ഇനി അങ്ങോട്ട് കൃത്യമായി ആധുനിക രീതിയിൽ ഈ കാര്യങ്ങൾ മനസ്സിലാക്കി തന്നെ ചെയ്യാൻ സാധിക്കുമെന്നുള്ളതാണ്. ഒരു കാര്യംകൂടി സൂചിപ്പിക്കാനുള്ളത്, ഞങ്ങൾ ഈ സ്റ്റേറ്റ് ഒട്ടാകെ ഏകദേശം എഴുന്നൂറോളം കിണറുകളിൽ ഈ മോണിട്ടറിങ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ എല്ലാ താലൂക്കുകളിലും, കേരളത്തിലെ മുഴുവൻ താലൂക്കുകളെ സംബന്ധിച്ചിടത്തോളം 20 വർഷത്തെ ഡേറ്റാസ് നമുക്ക് നേരത്തെ ഉണ്ടായിരുന്ന ചെറിയ സാങ്കേതികവിദ്യ ഉപയോഗിച്ചും, ഇപ്പോഴത്തെ ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ചും നമ്മൾ നടത്തിയ ഒരു കണക്ക് അനുസരിച്ച് വെള്ളത്തിന്റെ വിതാനത്തിൽ കുറവ് വന്നിരിക്കുകയാണ്. ഈ 20 വർഷക്കാല ത്തിനിടയ്ക്ക് ഓരോ വർഷവും തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴിൽ മൈനസ് 5.7 സെന്റീമീറ്റർ ഫാൾ വന്നിട്ടുണ്ട്, നെയ്യാറ്റിൻകരയിൽ മൈനസ് 8.7, തിരുവനന്തപുരം താലൂക്കിൽ മൈനസ് 5.3, കരുനാഗപ്പള്ളി മൈനസ് 2.9, കൊട്ടാരക്കര മൈനസ് 12.9, പത്തനാപുരം മൈനസ് 5, പത്തനംതിട്ട ജില്ലയിൽ കുറവൊന്നും രേഖപ്പെടുത്തിയിട്ടില്ല. ആലപ്പുഴയിലെ അമ്പലപ്പുഴയിൽ മൈനസ് 1.2, ചെങ്ങന്നൂരിൽ മൈനസ് 5.5, ഇടുക്കിയിൽ, ദേവികുളത്ത് മൈനസ് 1.0, പീരുമേട് മൈനസ് 7.4, കോട്ടയത്ത് വ്യത്യാസമൊന്നും കാണുന്നില്ല. എറണാകുളം ജില്ലയിൽ ആലുവാ താലൂക്കിൽ മൈനസ് 1.6, കൊച്ചി താലൂക്കിൽ മൈനസ് 0.1, കോതമംഗലം മൈനസ് 2.6, കുന്നത്തുനാട് മൈനസ് 1.6, തൃശ്ശൂർ ജില്ലയിൽ മുകുന്ദപുരം താലൂക്കിൽ മാത്രമാണ് ഫാൾ കാണിച്ചിരിക്കുന്നത്. മൈനസ് 3.3, മലപ്പുറം ജില്ലയിൽ നിലമ്പൂർ താലൂക്കിൽ മൈനസ് 3.1, പെരിന്തൽമണ്ണ മൈനസ് 15.2, അവിടെയാണ് ഏറ്റവും കൂടുതൽ ഫാൾ കാണുന്നത്. പൊന്നാനി മൈനസ് 12.1, പാലക്കാട്, മണ്ണാർക്കാട് താലൂക്കിൽ മൈനസ് 5.3, പാലക്കാട്, കോഴിക്കോട് താലൂക്കിൽ മൈനസ് 9.6,

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വടകര മൈനസ് 1.6, വയനാട്ടിൽ സുൽത്താൻബത്തേരിയിൽ മൈനസ് 4.8, കണ്ണൂരിൽ ഒരിടത്തും വ്യതിയാനം രേഖപ്പെടുത്തിയിട്ടില്ല. കാസർകോഡ് ഹോസ്ദുർഗ്ഗ് താലൂക്കിൽ മൈനസ് 4.2, സർ, ഇത് ഏതാനും നമ്പർ കിണറുകൾ എടുത്ത് അവിടെ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ താലൂക്കിലും വന്നിരിക്കുന്ന ഈ ഫാൾ ആണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. ഇതിൽ നിന്നൊക്കെ നമുക്ക് സ്റ്റേറ്റിന്റെ ഒരു ഓവറാൾ പിക്ച്ചർ ലഭ്യമാകുന്നുണ്ട്. ഇവിടെ സൂചിപ്പിച്ച മറ്റൊരു സംഗതി ഈ റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിനെ സംബന്ധിച്ചാണ്. റെയിൻവാട്ടർ ഹാർവെസ്റ്റിംഗ് ഫലപ്രദമായി നമ്മൾ ചെയ്തിട്ടുണ്ട്. കേരളം മുൻകാലങ്ങളിലൊന്നും മഴവെള്ളം ശേഖരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അത്ര കാര്യമായി ചിന്തിച്ചിരുന്നില്ല. എത്ര വെള്ളം ശേഖരിച്ചു എന്നതിൽ കണക്ക് ഒന്നുമില്ല. മഴവെള്ളം എവിടെയൊക്കെ സംഭരിച്ചു എന്നുള്ളതിന്റെ ഡീറ്റെയിൽസ് എടുത്തിട്ടില്ല. പക്ഷെ ഗവൺമെന്റ് എടുത്ത സ്റ്റെപ്പ്സ് ആദ്യം...

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> കിണറുകൾ അപ്രത്യക്ഷമാകുന്നതും, താഴുന്നതുമായിട്ടുള്ള ഒരുപാട് സംഭവങ്ങൾ ഈ കാലത്ത് ഉണ്ടായിട്ടുണ്ട്. വെള്ളത്തിന്റെ കളർ മാറുക, അങ്ങനെയൊക്കെയുള്ളത്, ഇതുസംബന്ധിച്ച് പ്രത്യേക പഠനം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ?

<u>ശ്രീ. ടി. എം. ജേക്കബ്:</u> ചില സ്ഥലങ്ങളിൽ നിന്ന് ആക്ഷേപം കിട്ടിയ സന്ദർഭത്തിൽ അതിനെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. അങ്ങനെ ആക്ഷേപം വന്ന പ്രദേശങ്ങളെ സംബന്ധിച്ച് ആദ്യം ചെയ്തത് കേരള വാട്ടർ അതോറിറ്റിയെ കൊണ്ട് 'വർഷ' എന്നുപറഞ്ഞ ഒരു പ്രോഗ്രാം ചെയ്യിപ്പിച്ചു. അത് കൂടുതലും നമ്മൾ ചെയ്തത്, അഞ്ചു വീടുകൾ ഒരു യൂണിറ്റായിട്ട് എടുത്തിട്ട് ഈ വീടുകളുടെ പുറത്ത് വീഴുന്ന, അല്ലെങ്കിൽ മഴ പെയ്തുകിട്ടുന്ന വെള്ളം ശേഖരിച്ച് ആ അഞ്ചു വീടുകൾക്കായിട്ട് ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നു. ഒരു സിംഗിൾ യൂണിറ്റ് എന്നുപറയുന്നത് അഞ്ചു വീടുകളാണ്. അങ്ങനെ എടുത്താണ് 'വർഷ' പ്രോജക്ട് ഞങ്ങൾ ചെയ്തത്. അതിനുശേഷം ഇപ്പോൾ ഗവൺമെന്റ് തലത്തിൽ മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റെയിൻ വാട്ടർ ഹാർവെസ്റ്റിംഗിനെ സംബന്ധിച്ച് ഇന്ന ആളുകൾക്കേ ചെയ്യാൻ പാടുള്ളൂ എന്നൊന്നുമില്ല, ഏതു വ്യക്തിക്കും ഇത് ചെയ്യാനും ഏത് ഡിപ്പാർട്ടുമെന്റിനും ഇതിൽ സഹകരിക്കാനും സാധിക്കും. അവർക്ക് ആവശ്യമായിട്ടുള്ള സാങ്കേതികവിദ്യയും മറ്റ് സൗകര്യങ്ങളും ലഭ്യമാക്കുക, ജനങ്ങൾക്ക് ഇത് ലഭ്യമാക്കിക്കൊടുക്കുക, ഇതിനുവേണ്ടി ഗവൺമെന്റ് 5-6-2004-ൽ പുറപ്പെടുവിച്ച ഒരു ഉത്തരവനുസരിച്ച് സംസ്ഥാന തലത്തിൽ ചീഫ് മിനിസ്റ്റർ ചെയർമാൻ ആയിട്ടുള്ള ഒരു കമ്മിറ്റിക്കു പുറമേ മറ്റൊരു എംപവേർഡ് കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. ചീഫ് സെക്രട്ടറി ചെയർമാൻ ആയിട്ട് ഇതുമായി ബന്ധപ്പെട്ടിരിക്കുന്ന വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഉദ്യോഗസ്ഥൻമാരെക്കൂടി ഉൾക്കൊള്ളിച്ച് ഒരു എംപവേർഡ് കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. ജില്ലാതലത്തിൽ

കളക്ടർ ചെയർമാനായിട്ട് കോ-ഓർഡിനേഷൻ കമ്മിറ്റികളും അതുപോലെ ജില്ലാതല ടെക്ക്നിക്കൽ കമ്മിറ്റിയ്ക്കും രൂപം കൊടുത്തിട്ടുണ്ട്. അവർ എന്തൊക്കെ കാര്യങ്ങൾ ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് കൃത്യമായിട്ടുള്ള നിർദ്ദേശങ്ങൾക്കും ഗവൺമെന്റ് രൂപം കൊടുത്തിട്ടുണ്ട്. സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി ചെയർമാൻ ആയിട്ടുള്ള കമ്മിറ്റി.....

ശ്രീ. കെ. പി. രാജേന്ദ്രൻ: ആരാണ് അത് കോ-ഓർഡിനേറ്റ് ചെയ്യുന്നത്. ഞാനും തൃശ്ശൂരിലെ യോഗത്തിൽ പങ്കെടുത്തു. ജില്ലാതലത്തിൽ വിളിച്ച യോഗത്തിൽ ആരാണ് അത് കോ-ഓർഡിനേറ്റ് ചെയ്യുന്നത്?

ശ്രീ. ടി. എം. ജേക്കബ്: ജില്ലാ കളക്ടർ.

ശ്രീ. കെ. പി. രാജേന്ദ്രൻ: ജില്ലാകളക്ടർ അതിന്റെ ചെയർമാൻ, അതിന്റെ കാര്യങ്ങൾ നടപ്പാക്കേണ്ട ഒരു ഉദ്യോഗസ്ഥൻ അല്ലേ, കുടുംബശ്രീ വന്നു, പിന്നെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. ആൾക്കാരുണ്ട്, ആർക്കാണ് അതിന്റെ ചുമതല?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ പറയാം, കമ്മിറ്റിക്കകത്ത് ഉദ്ദേശിച്ചിരിക്കുന്നത് The District Mission ഇതിനകത്ത് ജില്ലാകളക്ടർ ചെയർമാൻ, all MPs and MLAs of the District, District Panchayat Presidents and all Block and Grama Panchayat Presidents, District Mission Co-ordinator of the Kudumbasree, Chief Executive, District Nirmiti Kendra, District Officers of Irrigation, PWD, LSGD, Planning, Education, Public Relations, Health, Ground Water, Kerala Water Authority, KRWSA, KSLUB അതുപോലെ Two Individual Prominent Practitioners of Rain Water Harvesting in the District അവരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. കോ-ഓർഡിനേറ്റ് ചെയ്യാനായിട്ട് ഈ സർക്കാർ ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നത് കളക്ടറെയാണ്. അതിനുപുറമേ ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. അപ്പോൾ ഇതിന്റെ പ്രവർത്തനങ്ങൾ വിവിധ ഡിപ്പാർട്ടുമെന്റുകളിലൂടെ വരുന്നതായതുകൊണ്ട് ജില്ലാകളക്ടർ ആണ് കോ-ഓർഡിനേറ്റ് ചെയ്യേണ്ടത്. അതാണ് നല്ലത്. അങ്ങനെ ഒരു നിർദ്ദേശമാണ് കൊടുത്തിരിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: ഏറ്റവും കൂടുതൽ വെള്ളം ഇങ്ങനെ ചൂഷണം ചെയ്യുന്നത് മിനറൽ വാട്ടർ ഉൽപ്പാദിപ്പിക്കുന്ന പല കമ്പനികളും ആണ്. അത് ഫലപ്രദമായി പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ അതിലോട്ട് വരാം. ഇതാണ് പൊതുവായിട്ട് ചെയ്തിരിക്കുന്ന കുറേ കാര്യങ്ങൾ. ഇനി ഞാൻ ഈ പറഞ്ഞ വിഷയത്തിലേക്ക് വരാം. കൊക്കകോളയുടെ കാര്യവും.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബിനോയ് വിശ്വം: ചർച്ചാവിഷയം മാത്രമല്ല, കേരളത്തിന്റെ ഭാവിയുടെ നിർണ്ണായക വിഷയമാണ്. അങ്ങനെ നോക്കുമ്പോൾ CWRDM, CESS (Centre for Earth Science Studies) ഇതിനൊക്കെ ഓരോ പങ്കുവഹിക്കാൻ പറ്റും. എന്നാൽ ഈ സ്ഥാപനങ്ങളൊക്കെ തിരുവനന്തപുരത്തിനപ്പുറത്ത് ഒരു കേരളം ഉണ്ടെന്നുള്ള കാര്യം മറന്നുപോകുന്ന സ്ഥാപനങ്ങളാണ്. ഇതിന്റെയൊക്കെ ഒരു പൊട്ടൻഷ്യൽ മനസ്സിലാക്കാനും ക്രോഡീകരിക്കാനും ഉള്ള സംവിധാനങ്ങൾ ഉണ്ടാക്കേണ്ടത് ആരാണ്? ഗവൺമെന്റ് അല്ലേ?

ശ്രീ. ടി. എം. ജേക്കബ്: അതാണല്ലോ ഞാൻ പറഞ്ഞ വിഷയവും ചീഫ് മിനിസ്റ്റർ ചെയർമാൻ ആയിട്ടുള്ള ഒരു കമ്മിറ്റി ഉണ്ട്. അതിനകത്ത് ഞാൻ മെമ്പർ ആണ്, മറ്റ് ഡിപ്പാർട്ടുമെന്റുകളിലെ മിനിസ്റ്റേഴ്സും അതിനകത്ത് ഉണ്ട്. അങ്ങനെയുള്ള ഒരു ചീഫ് മിനിസ്റ്റർ ചെയർമാൻ ആയിട്ടുള്ള ഒരു കമ്മിറ്റി ഉള്ളപ്പോൾ, ചീഫ് സെക്രട്ടറി ചെയർമാൻ ആയിട്ടുള്ള എംപവേർഡ് കമ്മിറ്റിയുള്ളപ്പോൾ അതിന്റെ പ്രാധാന്യം, ഇതൊക്കെ ശ്രീ. നീലലോഹിതദാസൻ നാടാർക്ക് ഒക്കെ അറിയാമല്ലോ, നിങ്ങളൊക്കെ മന്ത്രിയായിട്ട് ഇരുന്നിട്ടുള്ള ആളുകളല്ലേ, ഒരു ഗവൺമെന്റിനെ എങ്ങനെ നമുക്ക് ഫംഗ്ഷൻ ചെയ്യാൻ സാധിക്കും, എങ്ങനെ ചെയ്യിക്കാൻ സാധിക്കും, നമ്മൾ തുടങ്ങുകയല്ലേ, നമുക്ക് മുന്നോട്ട് നിക്കാം, മുന്നോട്ടു നീക്കുമ്പോൾ എന്തെങ്കിലും ഇഷ്യൂസ് ഉണ്ടെങ്കിൽ അത് സോർട്ടൗട്ട് ചെയ്യാം. ഇത് ഇനീഷ്യൽ സ്റ്റേജാണ്. ബാക്കിയുള്ള കാര്യങ്ങൾ സോർട്ടൗട്ട് ചെയ്യാം. ഗവൺമെന്റ് ഇക്കാര്യത്തിൽ സ്റ്റെപ്സ് എടുത്തു. എല്ലാപേർക്കും താൽപ്പര്യമുള്ളതല്ലേ, ആർക്കാണ് താൽപ്പര്യക്കുറവ്, അതുപോലെതന്നെ ഇവിടെ പറഞ്ഞ ഒരു പ്രധാനപ്പെട്ട സംഗതി വീടുകളിൽ ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി കിണർ കുഴിക്കുന്നതിന് തടസ്സമെന്ന് ഇപ്പോൾ ഇവിടെ സി. കെ. നാണു പറയുന്നത് കേട്ടു, അങ്ങനെ ഒരു തടസ്സവും ഇല്ല. നിങ്ങൾ ഈ നിയമം വായിച്ചുനോക്കിയാൽ വളരെ ക്ലിയർ ആണ്. രണ്ടാമത് അമെന്റ് ചെയ്തുകൊണ്ടുള്ള റൂൾ വന്നപ്പോൾ വളരെ സ്പെസിഫിക് ആയിട്ട് പറഞ്ഞു, അതിനുപുറമേ ഈ ചട്ടങ്ങൾ പ്രസിദ്ധീകരിച്ച കൂട്ടത്തിൽ ഇതിന്റെ ഫോംസ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിനകത്ത് ഗാർഹിക ആവശ്യങ്ങൾക്കുള്ള കിണറുകൾക്ക് ഇത് ബാധകമല്ലെന്ന് ആ ഫോമിൽത്തന്നെ എഴുതിയിട്ടുണ്ട്. ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി കുഴിക്കുന്ന കിണർ, ഓപ്പൺവെൽ അതുപോലെ തന്നെ അതിനകത്ത് 1.5 ഹോഴ്സ് പവർ ഉപയോഗിച്ച് വെള്ളം ഇലക്ട്രിസിറ്റി ഉപയോഗിച്ചും, ഡീസൽ ഉപയോഗിച്ചും, പമ്പ് ചെയ്യുകയാണെങ്കിൽ അത് ഒഴിവാക്കിയിട്ടുണ്ട്. വീട്ടാവശ്യത്തിനുവേണ്ടി കുഴിക്കുന്ന കുഴൽക്കിണർ ഒഴിവാക്കിയിട്ടുണ്ട്. ആ കിണറിൽ 3 ഹോഴ്സ് പവർ വരെയുള്ള മോട്ടോറുകൾ വീട്ടാവശ്യത്തിന് വെള്ളം എടുക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്. നമ്മൾ ഈ നിയമം വായിച്ചുനോക്കിയാൽ, ഇതിനകത്ത് ഈ നിയമത്തിന്റെ നടപടിക്രമങ്ങളിലേയ്ക്ക് നാം പോയിട്ടില്ല. രജിസ്ട്രേഷൻ ഇപ്പോൾ നടക്കുകയാണ്. ഇപ്പോൾ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ഈ രജിസ്ട്രേഷൻ, ഇപ്പോൾ നമ്മൾ

നീട്ടിക്കൊടുക്കുന്ന ഈ നോട്ടിഫിക്കേഷൻ കൂടി വച്ചുകൊണ്ട് ഒക്ടോബർ മാസം 31 വരെ കിട്ടുന്ന അപേക്ഷ വച്ചുകൊണ്ട് ജനുവരി 31-നുള്ളിൽ അവർക്ക് സർട്ടിഫിക്കറ്റ് കൊടുക്കും. അങ്ങനെ വരുമ്പോൾ ആദ്യത്തെ നടപടിക്രമം പൂർത്തിയാകുകയാണ്. രണ്ടാമത്തെ നടപടിക്രമമെന്ന് പറയുന്നത്, ഈ നിയമം ഏതെങ്കിലും പ്രദേശങ്ങളിൽ നമുക്ക് പ്രാബല്യത്തിൽ വരുത്താൻവേണ്ടി സെക്ഷൻ ആറിൽ പറയുന്നതുപോലെ ഭൂജല നിയന്ത്രണത്തിനും ക്രമീകരണങ്ങൾക്കുംവേണ്ടി പ്രദേശങ്ങൾ വിജ്ഞാപനം ചെയ്യണം. അതോറിറ്റിയുടെ ശുപാർശ അനുസരിച്ച്, നമുക്ക് കിട്ടിയിരിക്കുന്ന ഈ ഡാറ്റാസ് അനുസരിച്ച് അതോറിറ്റി പരിശോധിച്ച് ഗസറ്റ് വിജ്ഞാപനം വഴിയും, ഏതെങ്കിലും പ്രദേശത്തെ താലൂക്കോ പഞ്ചായത്തുകളോ റെസ്ട്രിക്ടഡ് ഏരിയയായി ഡിക്ലയർ ചെയ്യുകയാണെങ്കിൽ അവിടെ പ്രചാരത്തിലുള്ള പ്രധാനപ്പെട്ട രണ്ടു പത്രങ്ങളിൽ പരസ്യം കൊടുക്കണം. അതുപോലെതന്നെ, വില്ലേജ് ഓഫീസുകൾ, പഞ്ചായത്ത് ഓഫീസുകൾ അവിടെയെല്ലാം പറയണം. ആളുകൾക്കെന്തെങ്കിലും പറയാനുള്ള അവസരം കിട്ടും. റെസ്ട്രിക്ടഡ് ഏരിയയായിട്ട് വിജ്ഞാപനം ചെയ്യുന്ന പ്രദേശത്ത് മാത്രം ഗാർഹിക ആവശ്യത്തിന് കിണർ കുഴിക്കുമ്പോൾ, നിലവിലുള്ളതും രജിസ്റ്റർ ചെയ്യണം. അവിടെ ക്രമാതീതമായ ഭൂഗർഭജലം ചൂഷണം ചെയ്ത് കഴിഞ്ഞിട്ടില്ല. ഇതിന്റെ കാണ്ടിറ്റി എത്രയെന്ന് അറിയണോ. ഇത് കണക്കാക്കിയിട്ടില്ല. കേരളത്തിൽ എത്ര കിണറുകൾ ഉണ്ടെന്നോ കേരളത്തിൽ എത്രമാത്രം ഭൂഗർഭ ജലം ഉപയോഗിക്കുന്നുണ്ടെന്നോ ഉള്ള കണക്കുകൾ ആരുടെ കൈയിലുമില്ല. അതിനുള്ള ഒരു ശ്രമമാണ് പ്രധാനമായിട്ടും ഈ ആക്ടിൽ നടത്തുന്നത്. ഒന്നുകൂടി വ്യക്തമായി പറയുന്നു. ഗാർഹികാവശ്യത്തിനുവേണ്ടി ആര് ഏത് കിണർ എവിടെ കുഴിച്ചാലും അതിനൊരു നിയന്ത്രണവുമില്ല. വാട്ടർ അതോറിറ്റിയുടേയോ മറ്റേതെങ്കിലും ഏജൻസിയുടേയോ കുടിവെള്ള പദ്ധതിക്കുവേണ്ടി കിണർ കുഴിച്ച് പമ്പു ചെയ്യുകയാണെങ്കിൽ അതിന് 30 മീറ്ററിനുള്ളിൽ ആരും കിണർ കുഴിക്കാൻ പാടില്ല. അത് വന്നപ്പോൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തു. അപ്പോൾ പറഞ്ഞു വീട്ടാവശ്യത്തിനുവേണ്ടി കുഴിക്കുന്നതിനെ ഒഴിവാക്കണമെന്ന്. അത് ഒഴിവാക്കി. വീട്ടാവശ്യത്തിനുവേണ്ടി കിണർ കുഴിച്ചാൽ ഒന്നര ഹോഴ്സ് പവറിൽ കൂടിയ പമ്പ് ആരെങ്കിലും വയ്ക്കുമോ? ഓപ്പൺ വെല്ലാണെങ്കിൽ അര അല്ലെങ്കിൽ ഒന്നര. അത് ചർച്ച ചെയ്തതിനു ശേഷമാണ് ഒന്നര ഹോഴ്സ് പവറാക്കിയത്. മൂന്ന് ഹോഴ്സ് പവറിൽ കൂടിയ പമ്പ് ആവശ്യമില്ല.

<u>ശ്രീ. എം. വി. ജയരാജൻ:</u> നിങ്ങൾ നോട്ടിഫൈ ചെയ്യുന്ന പ്രദേശത്തെ വീട്ടാവശ്യത്തിന് കിണർ കുഴിക്കുമ്പോൾ രജിസ്റ്റർ ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന സമയത്ത് 50 രൂപയാണ് കൊടുക്കേണ്ടത്. അത് കേവലം അപേക്ഷ മാത്രമാക്കി ചുരുക്കുകയാണെങ്കിൽ ആളുകൾക്ക് ബുദ്ധിമുട്ട് ഒഴിവാകും.

<u>ശ്രീ. ടി. എം. ജേക്കബ്:</u> രജിസ്ട്രേഷനുള്ള അപേക്ഷയിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് മാത്രം മതിയെന്ന് അതിനകത്ത് സ്പെസിഫിക്കായിട്ട് പറഞ്ഞിട്ടുണ്ട്. കൊക്കകോളയെ സംബന്ധിച്ച് പറഞ്ഞു. നമ്മുടെ സംസ്ഥാനത്തെ കാര്യം എല്ലാപേരും മനസ്സിലാക്കാനുള്ളത്, കുടിവെള്ളത്തിനാണ് ഫസ്റ്റ് പ്രയോറിറ്റി.

LIBRARY ARCHIVES Kerala Legislative Assembly

നാഷണൽ വാട്ടർ പോളിസിയിലും നമ്മുടെ സ്റ്റേറ്റിൽ നിലവിലുള്ള സ്റ്റേറ്റ് പോളിസിയിലും കുടിവെള്ളത്തിനാണ് ഫസ്റ്റ് പ്രയോറിറ്റി. പിന്നെ വ്യവസായത്തിനും, ഇറിഗേഷനും, പവറിനും ഇങ്ങനെ പ്രയോറിറ്റി നിശ്ചയിച്ചിട്ടുണ്ട്. കുറേ സ്ഥിതി വിവരക്കണക്കുകൾ ബഹുമാനപ്പെട്ട ജയരാജൻ പറയുന്നതു കേട്ടു. വ്യവസായത്തിന് വെള്ളം വേണം. കൃഷിക്ക് വെള്ളം വേണം. നമ്മുടെ നാട്ടിൽ വ്യവസായം വരേണ്ട എന്ന നിലപാട് സ്വീകരിക്കാൻ സാധിക്കുമോ? അത് ആർക്കും ഭൂഷണമായിട്ടുള്ള സംഗതിയല്ല.

ശ്രീ. സി. കെ. നാണു: സർ, കഴിഞ്ഞ ഒന്നുരണ്ടു കൊല്ലത്തെ കേരളത്തിലെ അനുഭവം കുടിവെള്ളത്തിന് ബുദ്ധിമുട്ടാണ്. പാലക്കാട് ഭാഗങ്ങളിൽ കൃഷിക്കും വെള്ളം കിട്ടാത്ത അവസ്ഥയാണ്. ഈ അവസരത്തിൽ നമ്മുടെ ഭൂഗർഭജലം ഒരു പ്രധാന ഉൽപന്നമായി കച്ചവടം ചെയ്യുന്ന ഒരു മൾട്ടി നാഷണൽ കോർപ്പറേഷന് പണമുണ്ടാക്കാൻ, നമ്മുടെ ആളുകൾ പട്ടിണി കിടക്കുന്നു, അതുപോലെ വരൾച്ചയുടെ പേരിൽ സംസ്ഥാന ഗവണ്മെന്റ് വരൾച്ച ബാധിതരെ സഹായിക്കാൻ വേണ്ടി കോടിക്കണക്കിന് രൂപ ഉപയോഗിക്കുമ്പോൾ ഈ മൾട്ടി നാഷണൽ കോർപ്പറേഷന് ജലം അമിതമായി ഉപയോഗിക്കുന്നതിന് അനുമതി കൊടുക്കണോ? ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഭൂഗർഭജലത്തിന്റെ കണക്കുകൾ സംബന്ധിച്ച് പറഞ്ഞു. നമ്മുടെ ഗാർഹികാവശ്യത്തിനുപയോഗിക്കുന്ന ജലത്തിന്റെ അളവ് വളരെയധികം കൂടിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ കണക്കുകളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മന്ത്രിക്കും വകുപ്പിനും വല്ല വിവരവും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. എം. ജേക്കബ്: വിവരം കിട്ടിയിട്ടുണ്ട്. നിയമസഭയുടെ മൂന്നാം നമ്പർ സബ്ജക്ട് കമ്മിറ്റി പോയി പരിശോധിച്ചിട്ടുണ്ട്. ആ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം ഇന്ന മുപത്തിൽ പഠനം നടത്തണമെന്ന് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള ഡാറ്റാസ് കിട്ടിയിട്ടുണ്ട്. ലൈസൻസ് കൊടുത്തത് നിങ്ങളുടെ കാലത്താണ്. പ്രശ്നങ്ങളുണ്ടായി. ഇപ്പോൾ കമ്പനി പൂട്ടിക്കിടക്കുകയാണ്. കൊക്കകോള കമ്പനി പ്രവർത്തിക്കണമെന്ന വ്യക്തിപരമായ അഭിപ്രായമില്ല. പാലക്കാട്ട് കൊക്കകോള കമ്പനി മാത്രമല്ല ഭൂഗർഭജലം ഉപയോഗിക്കുന്നത്. കൊക്കകോള കമ്പനി ഒരു ദിവസം അഞ്ചു ലക്ഷം ലിറ്റർ വെള്ളമാണ് ഉപയോഗിക്കുന്നത്. പെപ്സി കോള എട്ട് ലക്ഷം ലിറ്റർ വെള്ളമാണ് ഉപയോഗിക്കുന്നത്. എം.പി. ബിവറേജ് രണ്ട് ലക്ഷം ലിറ്റർ ജലമാണ് ഉപയോഗിക്കുന്നത്. യുണൈറ്റഡ് ബിവറേജസ് അഞ്ചു ലക്ഷം ലിറ്റർ, കാർബോറാണ്ടം ലിമിറ്റഡ് രണ്ടര ലക്ഷം ലിറ്റർ, കേരള ആൽക്കഹോളിക് രണ്ടു ലക്ഷം ലിറ്റർ, ചായ ഇൻഡസ്ട്രീസ് രണ്ട് ലക്ഷം ലിറ്റർ, സുരഭി മിനറൽസ് രണ്ട് ലക്ഷം ലിറ്റർ, അയൺ ആന്റ് സ്റ്റീൽ ഇൻഡസ്ട്രീസ് 1.5 ലക്ഷം ലിറ്റർ ഇതെല്ലാം പാലക്കാട് ജില്ലയിൽ മാത്രം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എടുക്കുന്ന വെള്ളത്തിന്റെ കണക്കാണ്. നമുക്ക് ആധുനിക സൗകര്യങ്ങൾ ധാരാളമുണ്ടായിരിക്കുന്നു. നമുക്ക് ഭൂഗർഭജലം ഉപയോഗിക്കാനുണ്ട്. അത് അവയിലബിളായ സ്ഥലത്ത് നിയന്ത്രിതമായ സ്ഥലത്ത് എങ്ങനെ കൊടുക്കണമെന്ന് തീരുമാനിക്കും. ആ നിയമം ഇപ്പോഴായിട്ടുണ്ട്. 10-28 വർഷങ്ങളായി ഈ വകുപ്പ് ഒരു നിയമവുമില്ലാതെ പ്രവർത്തിക്കുകയായിരുന്നു. ഇപ്പോൾ നിയമമായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: വളരെ വിശദമായ കണക്കുകളും പ്രശ്നങ്ങളും അവതരിപ്പിച്ചു. കൊക്കക്കോള കമ്പനി സ്ഥിതി ചെയ്യുന്ന പെരുമാട്ടി പഞ്ചായത്തിൽ ഇതിന്റെയൊക്കെ അടിസ്ഥാനത്തിൽ അവിടെ അത് നിർത്തലാക്കാൻ തീരുമാനിച്ചു. അത് സ്റ്റേ ചെയ്യാൻ തദ്ദേശസ്വയംഭരണ വകുപ്പല്ലേ അനുമതി കൊടുത്തത്?

ശ്രീ. ടി. എം. ജേക്കബ്: അതിനെക്കുറിച്ച് എനിക്കറിയില്ല. അറിയാത്ത കാര്യം ഞാൻ എങ്ങനെ പറയും? ശ്രീ. കെ. പി. രാജേന്ദ്രൻ ബിൽ അവതരിപ്പിച്ചപ്പോൾ ഒബ്ജക്ഷൻ റെയ്സ് ചെയ്തുകൊണ്ട് പറഞ്ഞതല്ലേ നിലവിലുള്ള നിയമത്തിന് വിരുദ്ധമായി എങ്ങനെ സ്റ്റേ കൊടുത്തു എന്ന്. ഇവിടെ പാസ്സാക്കിയിരിക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇത് എങ്ങനെയാണെങ്കിലും ആർക്കാണെങ്കിലും നിയമസഭ പാസ്സാക്കിയ ഈ നിയമം അനുസരിച്ച് ഗവണ്മെന്റിന് പരിശോധിക്കാൻ കഴിയും.

ശ്രീ. ടി. കെ. ബാലൻ: സർ, ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ നിയമം പാലിക്കാതെ വെള്ളം എടുക്കുന്നു എന്ന് വിചാരിക്കുക. അങ്ങനെയാണെങ്കിൽ ഏത് ഏജൻസിയാണ് ഇത് പരിശോധിക്കുക?

ശ്രീ. ടി. എം. ജേക്കബ്: ഈ നിയമമനുസരിച്ച് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന് അധികാരമുണ്ട്. പീനൽ ക്ലോസുമെല്ലാമുണ്ട്. അത് ലംഘിക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും, പിഴയിടാനും, മറ്റു ശിക്ഷകൾക്ക് വിധേയമാക്കാനും നിയമത്തിൽ വ്യവസ്ഥയുണ്ട്. നിയമം ഇല്ലാത്തതുകൊണ്ടാണോ ആളുകളെ കൊല്ലുന്നത്. ആളെ കൊന്നാൽ ക്യാപിറ്റൽ പണിഷ്മെന്റ് കിട്ടും. കൊലപാതകങ്ങൾ നടക്കുന്നുണ്ട്. ഏത് നിയമം ഉണ്ടാക്കിയാലും ഇങ്ങനെ ലംഘിക്കുന്ന ആളുകളുണ്ട് .....ബഹളം..... കഥയറിയാതെ ആട്ടം കണ്ടിട്ട് കാര്യമുണ്ടോ? ഈ നിയമമനുസരിച്ച് ഒരു സ്റ്റേ ഉത്തരവ് എൽ.എസ്.ജി. മിനിസ്റ്റർ കൊടുത്തിട്ടില്ല. പിന്നെ എങ്ങനെ പറയാൻ പറ്റും. ആര് ലംഘിച്ചു. ആരും ലംഘിച്ചിട്ടില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: ഈ നിയമം അനുസരിച്ച് അദ്ദേഹം സ്റ്റേ കൊടുത്തുവെന്നല്ല ഞങ്ങൾ പറയുന്നത്. ഈ നിയമത്തിന്റെയുള്ളിൽ നിന്നുകൊണ്ടാണല്ലോ അവർ ഡിസിഷൻ എടുത്തത്. ഗ്രാമപഞ്ചായത്ത് തീരുമാനമെടുത്തത് ഈ നിയമത്തിന്റെ ഉള്ളിൽ നിന്നുകൊണ്ടാണല്ലോ? അതിന് സ്റ്റേ കൊടുത്തത് പഞ്ചായത്ത് വകുപ്പിന്റെ മന്ത്രിയല്ലേ?

ശ്രീ. ടി. എം. ജേക്കബ്: ഞാൻ മനസ്സിലാക്കിയിടത്തോളം പെരുമാട്ടി പഞ്ചായത്ത് കൊടുത്ത ലൈസൻസ് റദ്ദാക്കി. ആ റദ്ദാക്കിയ നടപടിയിൻ മേൽ ആക്റ്റ് ചെയ്യാനുള്ള അവകാശം എൽ.എസ്.ജി. ഡിപ്പാർട്ടുമെന്റിനുണ്ട്. ലോക്കൽ സെൽഫ് ഗവൺമെന്റ് എന്നുള്ള നിലയിൽ ഗ്രാമപഞ്ചായത്ത് എടുത്ത ഡിസിഷന് മേലെ സ്റ്റേ കൊടുക്കാനുള്ള അധികാരം സ്വാഭാവികമായിട്ടും ഗവൺമെന്റിനുണ്ട്. ആ അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ടാകണം ഈ സ്റ്റേ കൊടുത്തത് .....(ബഹളം)..... നിങ്ങളിങ്ങനെ രണ്ടും കൂടി കൂട്ടികുഴച്ചിട്ട് കാര്യമുണ്ടോ? നമുക്ക് ആവശ്യമില്ലാത്ത വിവാദങ്ങളിലേക്ക് പോകേണ്ട കാര്യമില്ല. ആവശ്യമുള്ള കാര്യങ്ങൾ ചർച്ച ചെയ്ത് അവസാനിപ്പിക്കരുതോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: 2003 ജൂൺ 12-ന് പെരുമാട്ടി പഞ്ചായത്തിന്റെ ഈ നടപടി ലോക്കൽ സെൽഫ് ഗവൺമെന്റ് സെക്രട്ടറി സ്റ്റേ ചെയ്യുമ്പോൾ അതിൽ പറഞ്ഞത്, ലൈസൻസ് റദ്ദ് ചെയ്യുന്നതിന് മുൻപ് പഞ്ചായത്ത് ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ലെന്നാണ്. അങ്ങയുടെ നിയമത്തിന്റെ സ്പിരിറ്റ് മുഴുവൻ ചോർത്തിക്കളയുന്ന വിധത്തിലാണ് ആ ഉത്തരവ്. അതാണ് പ്രസക്തമായിട്ട് ഉയർന്നുവരുന്ന കാര്യം. ശാസ്ത്രീയമായ പഠനം നടത്താതെ പഞ്ചായത്ത് ചെയ്തുവെന്നാണ്. ശാസ്ത്രീയമായിട്ടുള്ള എല്ലാ പഠനവും നടത്തിയതിന് ശേഷമാണ് പഞ്ചായത്ത് ഇത്തരത്തിലുള്ള നിഗമനത്തിൽ എത്തിച്ചേർന്നിട്ടുള്ളത്.

ശ്രീ. ടി. എം. ജേക്കബ്: എന്റെ കയ്യിലുള്ള ഡീറ്റെയിൽസും മെറ്റീരിയൽസും വച്ച് മാത്രമേ എനിക്ക് മറുപടി പറയാൻ സാധിക്കു. പെരുമാട്ടി പഞ്ചായത്ത് ഡീറ്റെയിൽഡായിട്ടുള്ള സ്റ്റഡി നടത്തിയോ എന്നെനിക്കറിഞ്ഞു കൂടാ. ചിലപ്പോൾ അവർ നടത്തിയിട്ടുണ്ടാകും. അതൊന്നും എനിക്ക് അറിഞ്ഞുകൂടാ .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതൊക്കെ സബ്ജക്റ്റ് കമ്മിറ്റിയിൽ പറയാമല്ലോ?

ശ്രീ. ടി. എം. ജേക്കബ്: സബ്ജക്റ്റ് കമ്മിറ്റിയിൽ പറയാൻ വേറെ പോയിന്റ് സൊന്നുമില്ല. ഞാൻ ആദ്യമേ പറഞ്ഞല്ലോ, നമ്മെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് വളരെ അഭിമാനത്തോടുകൂടി പറയാൻ സാധിക്കും, നമ്മുടെ ഭൂഗർഭ ജലത്തിന്റെ അമിതമായ ചൂഷണം ഏത് മേഖലയിൽ നിന്നുണ്ടായാലും അത് നിയന്ത്രിക്കാൻ ഒരു നിയമം കൊണ്ടുവന്നുകഴിഞ്ഞു. അത് ഇപ്പോഴത്തെ കാലഘട്ടത്തിന് വേണ്ടി മാത്രമല്ല, ഭാവിക്ക് വേണ്ടി കൂടിയാണ്. വർത്തമാന കാലത്തിന് വേണ്ടിയുള്ള ഒരു നിയമമല്ല നമ്മൾ ഉണ്ടാക്കിയിരിക്കുന്നത്. ഭാവിക്ക് കൂടി ഉപകരിക്കത്തക്കനിലയിൽ ഈ സംസ്ഥാനത്തിന് എന്നും അഭിമാനിക്കാൻ കഴിയുന്ന ഒരു നിയമമാണ് നമ്മൾ ഉണ്ടാക്കിയിരിക്കുന്നത്. ഞാൻ നിങ്ങൾക്ക് ഉറപ്പുതരുന്നു. ഈ നിയമം ഇഫക്ടീവായിട്ട് ചെയ്ത് നമ്മുടെ നാട്ടുകാരും, ബഹുരാഷ്ട്ര കുത്തകകളും സാമ്രാജ്യത്വ വാദികളും ആര് ചൂഷണം ചെയ്യാൻ വന്നാലും അവരെയും നമുക്ക് നിയന്ത്രിക്കാം. അതിനുള്ള പ്രൊവിഷൻ സൊക്കെയുണ്ട്. അതുകൊണ്ട് ഇപ്പോൾ കൊണ്ടുവരുന്ന ഭേദഗതിയുമായിട്ട് ഈ ചർച്ചയ്ക്ക് ബന്ധമില്ല. മിക്കവാറും പൊതുവായ കാര്യങ്ങൾക്ക് ഞാൻ മറുപടി പറഞ്ഞു. ഇത് സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുള്ള പ്രമേയം അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സി. വേണുഗോപാൽ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. വേണുഗോപാൽ: പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വി. ജയരാജൻ അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2004-ലെ കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ഭേദഗതി ബിൽ ജലസേചനവും വിദ്യുച്ഛക്തിയും സംബന്ധിച്ച III-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....
പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

XIII. വ്യക്തിപരമായ വിശദീകരണം

ശ്രീ. ആര്യാടൻ മുഹമ്മദ്: ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കുമ്പോൾ ഞാൻ ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രിയോട് മാപ്പ് പറഞ്ഞതായി അദ്ദേഹം പറഞ്ഞു. ഞാൻ ഗതാഗത മന്ത്രിയോടല്ല, ഈ സഭയിൽ മെമ്പറായതിനുശേഷം പറഞ്ഞത് എന്തെങ്കിലും പിൻവലിക്കേണ്ടി വരികയോ ആരോടെങ്കിലും മാപ്പ് പറയുകയോ ചെയ്യേണ്ടി വന്നിട്ടില്ല. ഇന്നത്തെ മലയാള മനോരമ "ആര്യാടന്റെ മാപ്പ്" എന്ന് പറഞ്ഞിട്ടുണ്ട്. ഞാൻ അത് പറഞ്ഞിട്ടില്ല. പ്രതിപക്ഷനേതാവ് പറഞ്ഞത് ഞാൻ നിഷേധിക്കുകയാണ്. മലയാള മനോരമയുടെ ഇന്നത്തെ റിപ്പോർട്ട് ഒരു തെറ്റിദ്ധാരണയുണ്ടാക്കിയെന്ന് ഞാൻ മനസ്സിലാക്കുന്നു. ഞാൻ ഒരിക്കലും മാപ്പ് പറഞ്ഞിട്ടില്ല. മാപ്പ് പറയേണ്ട ഒരു പ്രവൃത്തി ഞാൻ ചെയ്തിട്ടില്ല എന്നുമാത്രമാണ് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2004 ജൂലൈ മാസം 23-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്ക് ശേഷം 1.46-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly